യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 16 ലക്കം 6 ജൂൺ 2018 വില 15 രൂപ



## ബൈബിളിലൂടെ...

JEEVAMOZHIKAL
ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ. 6:68)

വാല്യം 16 ജൂൺ 2018 ലക്കം 6

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs. 150/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.1200/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:

**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481 - 2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും മീറ്റിംഗുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9562443142 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| കാക്കനാട് | 9446095370 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയിൽ | 9495575692 |
| വയനാട് | 9656128665 |

## മൊഴിമുത്തുകൾ

# ശക്തനായ മനുഷ്യന്റെ പ്രത്യേകത



ക്രൂശു വഹിക്കുക എന്നുപറഞ്ഞാൽ നമുക്കു ചെയ്യാൻ കഴിയുന്നതിൽ നിന്നു പിൻമാറുന്നതാണ്. നിങ്ങൾ നിങ്ങളുടെ ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്തുവാൻ യോഗ്യനാണ്. എന്നിട്ടും നിങ്ങൾ അങ്ങനെ ചെയ്യുന്നതിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നു. ഏറ്റവും ശക്തനായ മനുഷ്യൻ ചിലതു ചെയ്യാൻ കഴിവുള്ളവനല്ല, മറിച്ച് തനിക്കു ചെയ്യാൻ കഴിവുള്ള ചിലതു ചെയ്യാതിരിക്കാൻ ശക്തിയുള്ളവനാണ്.

**വാച്ച്മാൻ നീ** (1903-1972)

## ഉപകാരം മറക്കരുത്




*എൻ മനമേ യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്. (സങ്കീർത്തനം 103:2)*

എഡിറ്റോറിയൽ



# വിശ്വാസം:അത്ഭുതകരം, ലളിതവും

“ദൈവം അശുദ്ധരായിരുന്ന നമ്മെ അശുദ്ധമായ ഈ ലോകത്തിൽ നിന്നു വീണ്ടെടുത്തു വിശുദ്ധരാക്കിയശേഷം അശുദ്ധരായ ആളുകളുടെ ഇടയിൽ വിശുദ്ധരായി ജീവിക്കാൻ ഈ അശുദ്ധമായ ലോകത്തിൽ തന്നെ ആക്കി വച്ചിരിക്കുന്നു”- ദൈവം ചെയ്ത പ്രവൃത്തിയെ ഒരു ദൈവഭൃത്യൻ ഒരൊറ്റ വാചകത്തിൽ ഇങ്ങനെയാണു രേഖപ്പെടുത്തിയിരിക്കുന്നത്.

മനസ്സിലായോ? പാപികളായിരുന്ന നമ്മെ ദൈവം ഈ പാപമയമായ ലോകത്തിൽ നിന്നു വീണ്ടെടുത്തു വിശുദ്ധരാക്കിത്തീർത്തു. തുടർന്നോ? തുടർന്ന് ദൈവം വിശുദ്ധരായ നമ്മെ നേരെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയില്ല. പകരം, അവിടുന്നു വിശുദ്ധരായ നമ്മെ ഈ പാപലോകത്തിൽ വിശുദ്ധരായി ജീവിക്കാൻ പാപികളായ ആളുകളുടെ ഇടയിൽ തന്നെ വച്ചിരിക്കുന്നു- ഇതാണു ദൈവം ചെയ്ത പ്രവൃത്തി.

ഉവ്വ്, ഈ പാപലോകത്തിൽ പാപികളുടെ ഇടയിൽ വിശുദ്ധിയിൽ നാം ജീവിക്കണം - ഇതാണു നമ്മുടെ വിളി; ഇതാണു നമ്മുടെ മുൻപിലുള്ള വെല്ലുവിളിയും. ഇത്തരം ഒരു ജീവിതത്തിൽ പ്രശ്നങ്ങളുണ്ടെങ്കിലും അവയുടെ നടുവിൽ സ്വസ്ഥതയോടെ, ആന്തരിക സമാധാനത്തോടെ നാം ജീവിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു.

ഈ സ്വസ്ഥതയെ, സമാധാനത്തെ നാം നിരന്തരം ശ്രദ്ധിക്കേണ്ടതുണ്ട്. ഈ സമാധാനം എപ്പോഴെങ്കിലും കൈമോശം വന്നാൽ അതൊരു സൂചനയാണ്- എവിടെയോ എന്തോ തകരാറുണ്ട്. ഒരു കളി നടക്കുമ്പോൾ കളിക്കാർ, കളിനിയന്ത്രിക്കുന്ന റഫറിയുടെ വിസിലിന് എപ്പോഴും കാതോർക്കണമെന്നു പറയുന്നതുപോലെയാണിത്. കൊലോസ്യ ലേഖനത്തിൽ അങ്ങനെയൊരു വാക്യമുണ്ടല്ലോ.- ‘ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ’ (Let the peace of christ rule in your hearts’- 3:15). ഇത് ആധുനിക വിവർത്തനത്തിൽ ‘ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയത്തിൽ റഫറി (അമ്പയർ) ആയിരിക്കട്ടെ’ എന്നാണ്. കളി നടന്നുകൊണ്ടിരിക്കുമ്പോൾ പൊടുന്നനെ റഫറി വിസിലൂതിയാൽ ഉടനെ കളി നിർത്തണം. ഇതുപോലെ ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ എപ്പോഴെങ്കിലും ഹൃദയസമാധാനം ഭഞ്ജിക്കപ്പെട്ടാൽ അതിനെ ഗണ്യമാക്കാതെ മുന്നോട്ടു പോകരുത്. അവിടെ നിർത്തുക. വീണ്ടും ക്രിസ്തുവിന്റെ സമാധാനത്തിലേക്ക്, സ്വസ്ഥതയിലേക്കു വന്ന ശേഷമേ മുന്നോട്ടു പോകാവൂ- ഇതാണ് ഈ വാക്യത്തിന്റെ അർത്ഥം. നമുക്കു സ്വസ്ഥത (Rest) നൽകാമെന്നു യേശുക്രിസ്തു വാഗ്ദാനം ചെയ്യുമ്പോൾത്തന്നെ അതിന്റെ തൊട്ടടുത്ത വാക്യത്തിൽ ആ സ്വസ്ഥത നാം കണ്ടെത്തണമെന്നും അവിടുന്നു പറയുന്നുണ്ടല്ലോ (മത്തായി. 11:28,29)

നമ്മുടെ സ്വസ്ഥത നഷ്ടപ്പെട്ടതിന്, ഹൃദയത്തിലെ ക്രിസ്തുവിന്റെ സമാധാനം ഭഞ്ജിക്കപ്പെട്ടതിനു പല കാരണങ്ങളുണ്ടാകാം- പാപമാകാം, കഷ്ടതകൾ നൽകുന്ന ഭാരമാകാം, ചുറ്റുപാടും സംഭവിക്കുന്ന കാര്യങ്ങളുടെ സ്വാധീനമാകാം, അകാരണമായ ഭയമാകാം, അബോധപൂർവമായ ഉൽക്കണ്ഠകളാകാം. കാരണം എന്തായാലും അസ്വസ്ഥമായ മനസ്സോടെ മുന്നോട്ടു പോകരുതേ. റഫറിയുടെ വിസിൽ കേട്ടിട്ടും കളി തുടർന്നാൽ ഫൗളാകും. അതുകൊണ്ട് നില്ക്കുക. എവിടെയാണു പ്രശ്നമെന്നു മനസ്സിലാക്കുക. അവിചാരിതമായി സംഭവിച്ച ഒരു പാപമാണോ? എങ്കിൽ, അതിനു പോം വഴിയുണ്ടല്ലോ. 'യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു..... നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു' (1യോഹ. 1:7, 9). കഷ്ടങ്ങൾ നൽകുന്ന ചിന്താകുലങ്ങളാണോ സമാധാനം നഷ്ടപ്പെടുത്തിയത്? എങ്കിൽ 'അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ' (1പത്രോ. 5:7). ജീവിതക്ലേശങ്ങൾ നൽകുന്ന ഉൽക്കണ്ഠകളാണോ സ്വാസ്ഥ്യം കെടുത്തിയത്? എങ്കിൽ, "ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്" (ഫിലി. 4:6; മത്തായി 6:25). പ്രത്യേകിച്ച് ഒരു കാരണമില്ലാതെ മനസ്സിൽ തള്ളിക്കയറി വരുന്ന ഭയങ്ങളോ ഭാരങ്ങളോ ആണോ സമാധാനം അപഹരിച്ചത്? എങ്കിൽ, 'സകലഭാരവും.... വിടുക' (എബ്രാ. 12:1, സങ്കീ. 55:22). എന്തു തന്നെയായാലും അവിടുത്തെ അടുത്തേക്കു വരിക, 'ആശ്വാസം കണ്ടെത്തുക' (മത്തായി. 11:29). ഇവിടെ ശ്രദ്ധിച്ചോ? പാപങ്ങൾ ഏറ്റുപറയുന്നതായാലും ആകുലചിന്തകൾ അവന്റെ മേൽ ഇടുന്നതായാലും സകലഭാരവും വിടുന്നതായാലും എല്ലാം നാം തന്നെ ബോധപൂർവ്വം ചെയ്യേണ്ട കാര്യങ്ങളാണ്. ഹൃദയത്തിൽ ഉയർന്നു വരുന്ന അസ്വസ്ഥത അടുത്തുവരുന്ന പിശാചിന്റെ കാലടി ശബ്ദങ്ങളാണ്. അവയെ അവഗണിക്കാതെ ക്രമീകരണം വരുത്തുക. ഹൃദയത്തെ ദൈവത്തിൽ തന്നെ ഉറപ്പിക്കുക.

ഹൃദയം ദൈവത്തിൽ ഉറപ്പിക്കുന്നതു വിശ്വാസത്തിന്റെ ലളിതമായ ഒരു പ്രവൃത്തിയാണ്. വിശ്വാസം വാസ്തവത്തിൽ ലളിതമാണ്. എന്നാൽ അതേക്കുറിച്ചു വേണ്ടത്ര വ്യക്തതയില്ലാത്തതിനാൽ അതു വളരെ സങ്കീർണ്ണവും തങ്ങൾക്ക് അപ്രാപ്യവുമായ ഒരു കാര്യമായാണു പല വിശ്വാസികളും ചിന്തിക്കുന്നത്. അവർ തങ്ങളുടെ ഉള്ളിലേക്കു നോക്കുമ്പോൾ വലിയ വിശ്വാസമൊന്നും തങ്ങൾക്കുള്ളതായി അവർക്കു തോന്നുന്നില്ല. 'മലകളെ നീക്കുവാൻ കഴിയുന്ന വിശ്വാസം'- അതൊക്കെ മറ്റു പലർക്കും കാണുമായിരിക്കും, രണ്ടായാലും അതു തനിക്കില്ലെന്നാണ് അവരുടെ നിലപാട്.



*(ശേഷം പേജ് 39 ൽ)*

സന്ദേശം

# യഥാർത്ഥവിശ്വാസം എന്നാൽ....

**ഡേവിഡ് വിൽക്കേഴ്സൺ**

**ലൂ**ക്കോസിന്റെ സുവിശേഷം 18:8 ൽ "മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?" എന്നു യേശു ചോദിച്ചത് എന്നും എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. കർത്താവ് ഈ വാക്കുകൾ കൊണ്ട് എന്താണ് ഉദ്ദേശിച്ചത്? ഞാൻ സമകാലികസഭകളിൽ നോക്കുമ്പോൾ വിശ്വാസത്തിന് ഇത്രമേൽ ഊന്നൽ കൊടുക്കുന്ന മറ്റൊരു തലമുറ നമ്മുടേതു പോലെ ഉണ്ടായിട്ടില്ല.

ഇന്ന് എല്ലാവരും സംസാരിക്കുന്നതു വിശ്വാസത്തെക്കുറിച്ചാണ്. ഈ വിഷയത്തെക്കുറിച്ചുള്ള കോൺഫറൻസുകളും സെമിനാറുകളും രാജ്യത്തിന്റെ ഒരറ്റം മുതൽ




*ഇന്ന് എല്ലാവരും സംസാരിക്കുന്നതു വിശ്വാസത്തെക്കുറിച്ചാണ്. ഈ വിഷയത്തെക്കുറിച്ചുള്ള കോൺഫറൻസുകളും സെമിനാറുകളും രാജ്യത്തിന്റെ ഒരറ്റം മുതൽ മറ്റേഅറ്റംവരെ അരങ്ങേറുന്നു.*

വിശ്വാസം എന്ന വിഷയത്തെ ഇന്നുമിക്ക പ്രസംഗകരും പൂർണ്ണമായി മാനുഷവത്കരിക്കുന്നു. സ്വാർത്ഥതാത്പര്യത്തിനും സ്വന്ത നേട്ടത്തിനും വേണ്ടിയാണ് വിശ്വാസം എന്ന മട്ടിലാണ് അതിനെ ചിത്രീകരിക്കുന്നത്. ചില പാസ്റ്റർമാർ ഇങ്ങനെ പ്രഖ്യാപിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്. “നിങ്ങൾക്ക് ആവശ്യമുള്ളതു ദൈവത്തോടു ചോദിക്കുന്നുതല്ല വിശ്വാസം. നിങ്ങൾക്കു സ്വപ്നം കാണാൻ കഴിയുന്നത് അവനോടു ചോദിക്കുന്നതാണ് വിശ്വാസം. നിങ്ങൾക്കതു സ്വപ്നം കാണാൻ കഴിഞ്ഞാൽ നിങ്ങൾക്കതു ലഭിക്കും.” ഇവർ പ്രസംഗിക്കുന്ന വിശ്വാസം ഭൗമികമാണ്.

മറ്റേഅറ്റംവരെ അരങ്ങേറുന്നു. ക്രിസ്തീയ പുസ്തകശാലകളുടെ ഷെൽഫുകളിൽ വിശ്വാസത്തെക്കുറിച്ചുള്ള പുസ്തകങ്ങൾ അട്ടിയട്ടിയായിരിക്കുന്നു. വിശ്വാസത്തെക്കുറിച്ചുള്ള സന്ദേശങ്ങൾ കേൾക്കാൻ ആയിരക്കണക്കിന് വിശ്വാസികൾ തടിച്ചുകൂടുന്നു.

ഇന്നു വിശ്വാസം മാത്രം പ്രസംഗിക്കുന്ന പ്രസംഗകരും ഉപദേഷ്ടാക്കന്മാരുമുണ്ട്.വിശ്വാസപ്രസ്ഥാനങ്ങളും എന്തിന്, ഫെയ്ത്ത് ചർച്ചുകളുമുണ്ട്. ഇന്നു സഭകളിൽ ഏതു വിഷയമാണു കൂടുതൽ പ്രസംഗിക്കപ്പെടുന്നതെന്നു നോക്കിയാൽ അതും വിശ്വാസമാണ്.

എന്നാൽ ദുഃഖകരമെന്നു പറയട്ടെ. ഇന്ന് അനേകരും വിശ്വാസമെന്നു കരുതുന്നതു വിശ്വാസമല്ല. വിശ്വാസത്തിന്റെ പേരിൽ ഇന്ന് അറിയപ്പെടുന്നതും നടക്കുന്നതും സത്യത്തിൽ ദൈവത്തിന് സ്വീകാര്യമല്ലാത്ത എന്തോ ഒന്നാണ്. എന്തുകൊണ്ട്? കാരണം അതു തെറ്റായ വിശ്വാസമാണ്.

വിശ്വാസം എന്ന വിഷയത്തെ ഇന്നുമിക്ക പ്രസംഗകരും പൂർണ്ണമായി മാനുഷവത്കരിക്കുന്നു. സ്വാർത്ഥതാത്പര്യത്തിനും സ്വന്ത നേട്ടത്തിനും വേണ്ടിയാണ് വിശ്വാസം എന്ന മട്ടിലാണ് അതിനെ ചിത്രീകരിക്കുന്നത്. ചില പാസ്റ്റർമാർ ഇങ്ങനെ പ്രഖ്യാപിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്. “നിങ്ങൾക്ക് ആവശ്യമുള്ളതു ദൈവത്തോടു ചോദിക്കുന്നുതല്ല വിശ്വാസം. നിങ്ങൾക്കു സ്വപ്നം കാണാൻ കഴിയുന്നത് അവനോടു ചോദിക്കുന്നതാണ് വിശ്വാസം. നിങ്ങൾക്കതു സ്വപ്നം കാണാൻ കഴിഞ്ഞാൽ നിങ്ങൾക്കതു ലഭിക്കും.”

ഇവർ പ്രസംഗിക്കുന്ന വിശ്വാസം ഭൗമികമാണ്. ഈ ലോകത്തിൽ വേരൂന്നിയ കാര്യമാണിത്. ഭൗതികമായ ഈ വിശ്വാസം ആളുകളെ ഇങ്ങനെ പ്രാർത്ഥിക്കാൻ പ്രേരിപ്പിക്കുന്നു. “കർത്താവേ, എന്നെ അനുഗ്രഹിക്കണേ, എനിക്കു സമൃദ്ധിതരണേ, എനിക്കു തരണമേ.” നശിച്ചുപോകുന്ന ജനസമൂഹത്തിന്റെ ആവശ്യങ്ങളെക്കുറിച്ച് ഒരു പരിഗണനയുമില്ല! ഇത്തരം ഒരു വിശ്വാസമല്ല ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത്. ദൈവഭക്തി ഇല്ലാതെ സ്വാർത്ഥപരമായ നേട്ടം മാത്രം കയ്യടക്കുന്ന ഒന്നല്ല യഥാർത്ഥവിശ്വാസം.

വളരെ അപകടകരമായ ഒരു

വിശ്വാസത്തിന്റെ ഉപദേശം ഇന്ന് പ്രഘോഷിക്കപ്പെടുന്നുണ്ട്. തങ്ങൾക്ക് സുഖകരമായ ഒരു ജീവിതം നേടിയെടുക്കത്തക്കവണ്ണം വിശ്വാസത്തെ 'പ്രവർത്തനക്ഷമമാക്കിയ'വരാണ് ഏറ്റവും നല്ല വിശ്വാസികളെന്ന് അവർ അവകാശപ്പെടുന്നു.

ഈ ഉപദേശം അനുസരിച്ച് ഏറ്റവും വലുതും വിലകൂടിയതുമായ കാറുകളിൽ യാത്ര ചെയ്യുകയും വീടുകളിൽ താമസിക്കുകയും ചെയ്യുന്നവരാണ് അംഗീകരിക്കപ്പെടേണ്ടവർ.

ഇതു പൂർണമായും ദുരുപദേശമാണ്. ഇതു ശരിയായ ഉപദേശമാണെങ്കിൽ മറ്റുള്ളവരിൽനിന്നു സാമ്പത്തികനേട്ടം ഉണ്ടാക്കുന്നവരാണ് ഏറ്റവും വിശുദ്ധരായ വിശ്വാസികൾ. എങ്ങനെയും നേട്ടം ഉണ്ടാക്കുന്നതിലായിരിക്കണം നമ്മുടെ ഓരോ ദിവസത്തേയും ശ്രദ്ധ എന്നാണ് ഇതിന്റെ അർത്ഥം. ലളിതമായി പറഞ്ഞാൽ ഇതു യേശുക്രിസ്തുവിന്റെ സുവിശേഷമല്ല.

എന്നാൽ എന്റെ ഈ സന്ദേശം സമൃദ്ധിയുടെ പ്രസംഗകരെക്കുറിച്ചോ സ്വാർത്ഥപ്രേരിതമായ ഉപദേശങ്ങളെക്കുറിച്ചോ അല്ല. യേശുവിനെ യഥാർത്ഥമായി സ്നേഹിക്കുന്നവർക്കും ദൈവത്തെ പ്രസാദിപ്പിക്കുന്ന യഥാർത്ഥ വിശ്വാസത്തിൽ ജീവിക്കാൻ ആഗ്രഹിക്കുന്നവർക്കും വേണ്ടിയാണ് ഈ സന്ദേശം. ഇത്തരം എല്ലാ വിശ്വാസികളോടുമുള്ള എന്റെ സന്ദേശം ഇതാണ്: എല്ലാ യഥാർത്ഥ വിശ്വാസവും ക്രിസ്തുവിനോടുള്ള അടുപ്പത്തിൽ നിന്ന് ഉത്ഭവിക്കുന്നതായിരിക്കും. സത്യത്തിൽ അത്തരം ഒരു ഹൃദയൈക്യത്തിൽനിന്നും അടുപ്പത്തിൽ നിന്നുമല്ല നിങ്ങളുടെ വിശ്വാസം വരുന്നതെങ്കിൽ ദൈവത്തിന്റെ ദൃഷ്ടിയിൽ അതു വിശ്വാസമേ അല്ല.

**ദൈവവചനപ്രകാരമുള്ള ഒരു അടുപ്പത്തെക്കുറിച്ചാണ് എബ്രായർ 11 പറയുന്നത്.**

എബ്രായർ 11 ൽ പരാമർശിച്ചിരിക്കുന്ന വിശ്വാസ വീരന്മാർക്കെല്ലാം പൊതുവായുള്ളത് ഒരു കാര്യമാണ്. ദൈവം ഇഷ്ടപ്പെടുന്ന തരത്തിലുള്ള വിശ്വാസം വെളിപ്പെടുത്തുന്ന ചില സ്വഭാവപ്രത്യേകതകൾ അവർക്കോരോരുത്തർക്കും ഉണ്ടായിരുന്നു. ഈ പ്രത്യേകത എന്തായിരുന്നു? കർത്താവിനോടുള്ള ആഴമായ അടുപ്പത്തിൽ നിന്ന് ഉത്ഭവിച്ചതായിരുന്നു അവരുടെ വിശ്വാസം.

ദൈവത്തോട് അടുപ്പമില്ലാതെ ദൈവത്തിനു പ്രസാദകരമായ ഒരു വിശ്വാസം നേടുവാൻ അസാധ്യമാണെന്നതാണു സത്യം. അടുപ്പം എന്നതുകൊണ്ട് ഞാൻ എന്താണ് ഉദ്ദേശിക്കുന്നത്? കർത്താവിനായി ആത്മാർത്ഥമായി വാഞ്ഛിക്കുന്നതിലൂടെ തന്നോടു കൈവരുന്ന ഒരു സാമീപ്യത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഇത്തരം അടുപ്പം വ്യക്തിപരമായ ഒരു ബന്ധമാണ്. കൂട്ടായ്മയാണ്. മറ്റെന്തിനെക്കാളും ഉപരിയായി നാം കർത്താവിനെ ആഗ്രഹിക്കുന്നതിലൂടെയാണ് അതു ലഭ്യമാകുന്നത്.

എബ്രായർ 11 ൽ പറഞ്ഞിരിക്കുന്ന, ദൈവത്തോടു ചേർന്നു നടന്ന വിശ്വാസവീരന്മാരായ നാലുപേരുടെ ഉദാഹരണം നമുക്കു നോക്കാം:

**1. ഹാബേൽ**

ഒന്നാമത്തെ ഉദാഹരണം ഹാബേലാണ്. തിരുവചനം ഹാബേലിനെക്കുറിച്ച് ഇങ്ങനെ പറയുന്നു: "വിശ്വാസത്താൽ ഹാബേൽ ദൈവത്തിനു

കയിന്റേതിലും ഉത്തമമായ യാഗം കഴിച്ചു. അതിനാൽ അവനു നീതി മാൻ എന്ന സാക്ഷ്യം ലഭിച്ചു. ദൈവം അവന്റെ വഴിപാടിനു (വഴിപാടു കൾക്ക് എന്ന് ഇംഗ്ലീഷിൽ) സാക്ഷ്യം കല്പിച്ചു. മരിച്ചശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചു കൊണ്ടിരിക്കുന്നു." (എബ്രായർ 11:4)

ഈ വാക്യത്തെക്കുറിച്ചു വളരെ പ്രധാനപ്പെട്ട പല കാര്യങ്ങളും നിങ്ങ ളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്നാമതു ദൈവം തന്നെയാണു ഹാബേലിന്റെ വഴിപാടുകൾക്കു സാക്ഷ്യം നൽകു ന്നത്. (തീർച്ചയായും ഒന്നിലേറെ വഴിപാടുകൾ ഉണ്ടായിരുന്നു. ഹാബേൽ ദൈവത്തിനു യാഗങ്ങൾ കഴിക്കുന്നത് ഒരു പതിവായിരുന്നു എന്നു വേണം ചിന്തിക്കാൻ)

രണ്ടാമത് ഹാബേൽ ദൈവത്തിന് യാഗപീഠം പണിതു. കാരണം അതി ന്മേലാണല്ലോ യാഗങ്ങൾ അർപ്പിച്ചി രുന്നത്. ഹാബേൽ ഇതിന്മേൽ യാഗം അർപ്പിക്കാൻ ഊനമില്ലാത്ത ആടു കളെക്കൊണ്ടുവന്നു. അവയുടെ മേദസ്സും അവൻ അർപ്പിച്ചു. തിരുവ ചനം ഇങ്ങനെ പറയുന്നു: ''ഹാബേൽ തന്റെ ആട്ടിൻകൂട്ട ത്തിലെ കടിഞ്ഞൂൽകുഞ്ഞുങ്ങളെ യെടുത്ത് അവയുടെ കൊഴുപ്പുള്ള ഭാഗങ്ങൾ അവിടുത്തേക്കു കാഴ്ച വച്ചു. ഹാബേലിലും അവന്റെ കാഴ്ച വസ്തുക്കളിലും അവിടുന്നു പ്രസാ ദിച്ചു." (ഉൽപത്തി 4:4)

കൊഴുപ്പ്, മേദസ്സ്, എന്തിനെയാണ് കാണിക്കുന്നത്? ലേവ്യപുസ്തക ത്തിൽ മേദസ്സിനെക്കുറിച്ച് ഇങ്ങനെ പറയുന്നു: ''പുരോഹിതൻ അവ ബലിപീഠത്തിൽ വച്ചു ദഹിപ്പിക്കണം. അതു കർത്താവിനു പ്രീതികരമായ സൗരഭ്യത്തിനായി അഗ്നിയിൽ സമർപ്പിക്കുന്ന ഭോജന ബലിയാണ്. മേദസ്സു മുഴുവൻ കർത്താവിനുള്ള തത്രേ" (ലേവ്യ 3:16)

യാഗത്തിൽ മേദസ്സാണ് സൗരഭ്യ വാസനയായിത്തീരുന്നത്. അതുവേ ഗത്തിൽ തീപിടിക്കുകയും ദഹിക്കു കയും സൗരഭ്യവാസനയായി ഉയരു കയും ചെയ്യുന്നു. ആ മേദസ്സിനെക്കു റിച്ച് ദൈവം ഇങ്ങനെയാണ് പറയു ന്നത് : "മേദസ്സു മുഴുവൻ കർത്താ വിനുള്ളതത്രേ. രക്തവും മേദസ്സും ഭക്ഷിച്ചു കൂടാ എന്നതു നിങ്ങൾ വസിക്കുന്നിടത്തെല്ലാം തലമുറ തോറും എന്നേക്കുമുള്ള ഒരു നിയമ മായിരിക്കും" (3:17). മേദസ്സ് കർത്താ വിനു മാത്രം അവകാശപ്പെട്ടാണ്.

കർത്താവിനു മാത്രമായി വേർതി രിക്കപ്പെട്ട മേദസ്സ്, പ്രാർത്ഥനയു ടെയും ദൈവത്തിന് സ്വീകാര്യമായ കൂട്ടായ്മയുടെയും നിഴലാണ്. രഹസ്യ അറയിൽ പ്രാർത്ഥനയിൽ ദൈവത്തോടു കൂട്ടായ്മ പുലർത്തുന്ന ശുശ്രൂഷയെയാണ് അതു പ്രതിനിധാനം ചെയ്യുന്നത്. ഇത്തരം മധുരോദാരമായ കൂട്ടായ്മ തനിക്ക് സൗരഭ്യവാസനയാണെന്നു കർത്താവു തന്നെ പറയുന്നു.

ബൈബിളിൽ ഇത്തരം അർപ്പണ ത്തിന്റെ ആദ്യവിവരണം ഹാബേ ലിന്റെ ചരിത്രത്തിലാണു നാം കാണുന്നത്. യാഗപീഠത്തിൽ യാഗവും മേദസ്സും പൂർണമായി ദഹി ക്കാൻ ഹാബേൽ അനുവദിച്ചു. തന്റെ യാഗത്തിന്റെ സൗരഭ്യം സ്വർഗ്ഗത്തി ലെത്തുന്നതിനായി ദൈവസന്നിധി യിൽ അവൻ കാത്തുനിന്നുവെന്നു സാരം.

ഇതുകൊണ്ടാണ് ഹാബേലിനെ എബ്രായർ 11 ലെ വിശ്വാസവീരന്മാ രുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരി ക്കുന്നത്. ദൈവവുമായി അടുത്ത

കൂട്ടായ്മയുള്ള ദൈവഭൃതന്മാരിൽ ഒരുവനായിരുന്നു ഹാബേൽ. തനിക്കുള്ള ഏറ്റവും ഉത്തമമായതു ദൈവത്തിനായി അർപ്പിച്ച ഹാബേൽ, എബ്രായലേഖനകാരൻ പ്രഖ്യാപിക്കുന്നതുപോലെ ഈ തലമുറയോടു അക്കാര്യം 'സംസാരിച്ചുകൊണ്ടിരിക്കുക'യാണ്. സത്യമായ, ജീവനുള്ള വിശ്വാസം ജീവിതത്തിലൂടെ പകർത്തിക്കാട്ടിയ ഹാബേൽ വിശ്വാസത്താൽ പിന്നീടുവന്ന എല്ലാ തലമുറയേയും ഈ കാര്യത്തിനായി ഉത്സാഹിപ്പിച്ചുകൊണ്ട് അവരോട് സംസാരിച്ചു കൊണ്ടിരിക്കുകയാണ്, മരിച്ചെങ്കിലും അവൻ ഇന്നും സംസാരിച്ചുകൊണ്ടിരിക്കുന്നു. (എബ്രായർ 11:4)

എങ്ങനെയാണ് ഹാബേലിന് ഈ വിശ്വാസം ലഭ്യമായത്? തന്റെ മാതാപിതാക്കൾ ഏദൻ തോട്ടത്തിൽ ദൈവവുമായി പുലർത്തിയ കൂട്ടായ്മയെക്കുറിച്ച് ഹാബേൽ അവരിൽ നിന്നുതന്നെ കേട്ടിട്ടുണ്ടായിരിക്കും. അത്തരം മധുരസമ്പർക്കം ഒരു ഭൂതകാലസ്മരണമാത്രമായി നില്ക്കരുതെന്ന് ഹാബേലിനു നിർബന്ധമുണ്ടായിരുന്നു. അവൻ തന്നോടു തന്നെ ഇങ്ങനെ പറഞ്ഞു: "കർത്താവിനോടുള്ള ബന്ധം ഒരു ഭൂതകാലാനുഭവമായിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കർത്താവിനെ ഇപ്പോൾ, ഞാനായിത്തന്നെ അറിയാൻ ആഗ്രഹിക്കുന്നു. ഇന്ന് ഞാൻ അവിടുത്തോട് ഒരു കൂട്ടായ്മയും മധുരസമ്പർക്കവും ആഗ്രഹിക്കുന്നു."

ഈ 'മേദസ്സു' തന്നെയാണു നാമും ഇന്നു കർത്താവിന് അർപ്പിക്കേണ്ടത്. ഹാബേലിനെ പോലെ നാമും നമ്മുടെ സമയത്തിന്റെ നല്ല ഭാഗം ദൈവത്തോടുള്ള കൂട്ടായ്മയ്ക്കും പ്രാർത്ഥനയ്ക്കും നൽകണം. അവിടുത്തെ സന്നിധിയിൽ നമ്മുടെ വഴിപാട് അവിടുന്നു പൂർണമായി സ്വീകരിക്കാൻ നാം കാത്തു നിൽക്കണം.

**കയീൻ ഇന്നത്തെ പല വിശ്വാസികളുടേയും പ്രതിനിധിയാണ്. ഇത്തരം ക്രിസ് ത്യാനികൾ എല്ലാ ആഴ്ചയും സഭയിൽ പോകുകയും ദൈവത്തെ 'ആരാധിക്കുക'യും തങ്ങളെ അനുഗ്രഹിക്കുവാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ കർത്താവുമായി അടുത്ത ബന്ധം പുലർത്താൻ അവർക്ക് ആഗ്രഹമില്ല.**

ഇനിയും നമുക്കു ഹാബേലിന്റെ വഴിപാടിനെ തന്റെ സഹോദരൻ കയീന്റേതിനോടു താരതമ്യം ചെയ്തുനോക്കാം. കയീൻ കൊണ്ടുവന്ന കായ്കനികൾ അർപ്പിക്കാൻ ഒരു യാഗപീഠം ആവശ്യമായിരുന്നില്ല. അവിടെ മേദസ്സോ കൊഴുപ്പോ ഒന്നും ഉണ്ടായിരുന്നില്ല. ഫലം സ്വർഗ്ഗത്തിലേക്ക് ഉയരുന്ന സൗരഭ്യം അവിടെ ഇല്ലായിരുന്നു.

മറ്റൊരുവിധത്തിൽ പറഞ്ഞാൽ കയീന് ദൈവത്തോടുള്ള ബന്ധത്തിൽ ഒരടുപ്പവും ഉണ്ടായിരുന്നില്ല. വ്യക്തിപരമായ ഒരു പങ്കിടൽ ദൈവവും കയീനുമായി ഉണ്ടായിരുന്നില്ല.കയീന് ദൈവത്തിനുവേണ്ടി ഒരു ദാഹം, വാഞ്ഛ, ഇല്ലായിരുന്നു.

എന്റെ അഭിപ്രായത്തിൽ കയീൻ ഇന്നത്തെ പല വിശ്വാസികളുടേയും പ്രതിനിധിയാണ്. ഇത്തരം ക്രിസ്ത്യാനികൾ എല്ലാ ആഴ്ചയും സഭ

യിൽ പോകുകയും ദൈവത്തെ 'ആരാധിക്കുക'യും തങ്ങളെ അനുഗ്രഹിക്കുവാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ കർത്താവുമായി അടുത്ത ബന്ധം പുലർത്താൻ അവർക്ക് ആഗ്രഹമില്ല. സ്വർഗ്ഗസ്ഥ പിതാവ് തങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകണമെന്ന് അവർ ആഗ്രഹിക്കുന്നു. പക്ഷേ തന്നോട് ഒരു കൂട്ടായ്മയ്ക്ക് അവർക്ക് ആഗ്രഹമില്ല. അവർ അവിടുത്തെ മുഖം അന്വേഷിക്കുകയോ അവിടുത്തെ സാമീപ്യത്തിനായി വാഞ്ഛിക്കുകയോ ചെയ്യുന്നില്ല.

നേരേ മറിച്ച് ദൈവത്തോട് ഹൃദയൈക്യമുള്ള വിശ്വസ്തനായ ദൈവഭൃത്യൻ തന്റെ ജീവിതത്തിൽ ദൈവസ്പർശനത്തിനായി കാത്തിരിക്കുന്നു. ഹാബേലിനെപ്പോലെ അതിൽ കുറഞ്ഞൊന്നു കൊണ്ടും അവൻ തൃപ്തനാവുകയില്ല.

**2. ഹാനോക്ക്**

ഹാനോക്കും, ദൈവത്തോടുള്ള ഗാഢമായ കൂട്ടായ്മ ആസ്വദിച്ച ആളാണ്. ദൈവത്തോടുള്ള അദ്ദേഹത്തിന്റെ ബന്ധം വളരെ തീവ്രമായ ഒന്നായിരുന്നതിനാൽ ഭൂമിയിലെ ജീവിതം അവസാനിക്കുന്നതിനു മുൻപു തന്നെ ദൈവം ഹാനോക്കിനെ മഹത്വത്തിലേക്കു പ്രവേശിപ്പിക്കുകയായിരുന്നു ''വിശ്വാസത്താൽ ഹാനോക്ക് മരണം കാണാതെ എടുക്കപ്പെട്ടു...'' താൻ എടുക്കപ്പെടുന്നതിനു മുൻപുതന്നെ അവൻ ദൈവത്തെ പ്രസാദിപ്പിച്ചതായി സാക്ഷ്യം പ്രാപിച്ചു. (എബ്രായർ 11:5)

പ്രസാദിപ്പിക്കുക എന്നതിന്റെ ഗ്രീക്കിലെ മൂലപദത്തിന്റെ അർത്ഥം പൂർണമായി യോജിക്കുക, മുഴുവൻ സമ്മതിക്കുക, സമ്പൂർണമായ ഐക്യം പ്രാപിക്കുക എന്നിങ്ങനെയാണ്. ചുരുക്കത്തിൽ ഒരു മനുഷ്യജീവിക്ക് കഴിയാവുന്നിടത്തോളം അടുത്ത ബന്ധം ഹാനോക്കിനു ദൈവവുമായി ഉണ്ടായിരുന്നു. ഈ അടുപ്പം, കൂട്ടായ്മ, ദൈവത്തിനു പ്രീതികരമായിരുന്നു.

തന്റെ പുത്രൻ മെഥൂശലഹിനെ ജനിപ്പിച്ചു കഴിഞ്ഞാണ് ഹാനോക്ക് ദൈവത്തോടൊപ്പം നടക്കാൻ തുടങ്ങിയതെന്നു ബൈബിൾ പറയുന്നു. അന്ന് അദ്ദേഹത്തിന് 65 വയസ്സാണു പ്രായം. തുടർന്ന് മുന്നൂറു വർഷം ദൈവവുമായി അടുത്ത ബന്ധം പുലർത്താൻ ഹാനോക്കിനു കഴിഞ്ഞു. ഒടുവിൽ ദൈവം ഹാനോക്കിനോട് ഇങ്ങനെ പറഞ്ഞിരിക്കണം: "നിന്നെ ഇനി ജഡത്തിൽ ഒരു നിമിഷം പോലും തുടരുവൻ അനുവദിക്കാൻ എനിക്കാവില്ല. നിന്നോടുള്ള ഐക്യം പരിപൂർണ്ണമാക്കുവാൻ ഞാൻ നിന്നെ ഇക്കരയ്ക്കു വിളിക്കുകയാണ്" അങ്ങനെ ദൈവം ഹാനോക്കിനെ മഹത്വത്തിലേക്കു കൈക്കൊണ്ടു.

തന്നോടുള്ള ഹാനോക്കിന്റെ ഹൃദയൈക്യമാണു ദൈവത്തിനു പ്രീതികരമായിത്തീർന്നതെന്നു തിരുവെഴുത്തുവെളിപ്പെടുത്തുന്നു. നമ്മുടെ അറിവനുസരിച്ച് ഈ മനുഷ്യൻ അത്ഭുതങ്ങളൊന്നും പ്രവർത്തിച്ചിട്ടില്ല. ഒരു വലിയ വേദശാസ്ത്രം വികസിപ്പച്ചെടുത്തില്ല. തിരുവെഴുത്തിൽ രേഖപ്പെടുത്താവുന്ന മഹത്തായ പ്രവൃത്തികളൊന്നും തന്നെ അദ്ദേഹം ചെയ്തിട്ടില്ല. എന്നാൽ ഈ വിശ്വസ്ത ദൈവഭൃത്യന്റെ ജീവിതത്തിന്റെ ആകെത്തുക ലളിതമായ ഒരു വാചകത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: 'ഹാനോക്ക് ദൈവത്തോടു കൂടെ നടന്നു'. (തുടരും)

❖

ധ്യാനചിന്തകൾ

# പ്രകോപനവും പ്രതികരണവും

പ്രകോപനത്തിനും പ്രതികരണത്തിനും ഇടയിൽ മറ്റാർക്കും കവർന്നു കളയാൻ കഴിയാത്ത, നമുക്കു മാത്രമായ, ഒരിടമുണ്ട്. ആ ഇടം നാം എങ്ങനെ ഉപയോഗിക്കുമെന്നതിനെ ആശ്രയിച്ചിരിക്കുന്നു നമ്മുടെ സന്തോഷം-വിക്ടർ ഫ്രാങ്കിൾ എന്ന മനഃശാസ്ത്രജ്ഞന്റെ കാഴ്ചപ്പാടിനെ ഇങ്ങനെ ഒതുക്കി പറയാം എന്നു തോന്നുന്നു.

വിക്ടർ ഫ്രാങ്കിൾ ഒരു യെഹൂദനായിരുന്നു. ജർമനിയിൽ നാസികളുടെ തടവറയിൽ അദ്ദേഹത്തിന് അനുഭവിക്കേണ്ടി വന്ന കൊടിയ പീഡനം നമുക്ക് സങ്കൽപിക്കാവുന്നതിനും അപ്പുറമായിരുന്നു. തന്റെ മാതാപിതാക്കൾ, സഹോദരൻ, സഹോദര ഭാര്യ എന്നിവർ തടവറയിലോ ഗ്യാസ് ചേംബറിലോ കൊല്ലപ്പെട്ടു. തന്റെ ഊഴം കാത്ത് ഓരോ ദിവസവും അദ്ദേഹം പേടിയോടെ കഴിച്ചുകൂട്ടി. ഒന്നുകിൽ അദ്ദേഹത്തെയും ഗ്യാസ് ചേംബറിലേക്കു തള്ളിവിട്ടേക്കാം. അല്ലെങ്കിൽ കുറച്ചു നാൾ കൂടി ജീവിച്ചിരുന്നു ഗ്യാസ് ചേംബറിൽ വധിക്കപ്പെടുന്ന മറ്റ് യെഹൂദരുടെ ഭൗതികാവശിഷ്ടങ്ങളോ ചാരമോ ചുമന്നുമാറ്റുന്ന മനം മടുപ്പിക്കുന്ന ജോലി ചെയ്യാം. രണ്ടായാലും ഒരു പ്രതീക്ഷയ്ക്കും വകയില്ലാത്ത ജീവിതം.

അങ്ങനെയിരിക്കെ ഒരു ദിവസം തന്റെ തടവറയ്ക്കുള്ളിൽ തനിയെ ഇരിക്കുമ്പോൾ പൊടുന്നനെ വിക്ടർ ഫ്രാങ്കിളിന് ഒരു വലിയ സ്വാതന്ത്ര്യ ബോധം അനുഭവപ്പെട്ടു. ഈ ആന്തരിക സ്വാതന്ത്ര്യം തന്റെ നാസി യജമാനന്മാർക്ക് അപഹരിക്കാൻ കഴിയില്ലെന്ന് അദ്ദേഹം കണ്ടു. അവർക്കു തന്നെ പീഡിപ്പിക്കാൻ കഴിഞ്ഞേക്കും. പക്ഷേ തന്റെ ചിന്തകളയോ സങ്കൽപങ്ങളെയോ അവർക്കു തളയ്ക്കാനാവില്ലെന്ന് അദ്ദേഹം കണ്ടു. അതു തന്റെ സ്വന്തമാണ്. അതിന്റെ അധിപതി താനാണ്. താൻ ചെയ്യാൻ പോകുന്ന കാര്യങ്ങളെ ഒരു നിരീക്ഷകനെപ്പോലെ തനിക്കു നോക്കിക്കാണാമല്ലോ.

ഉദാഹരണത്തിനു ക്യാംപിലെ കൊടിയപീഡനങ്ങൾക്കിടയിലും സ്വാതന്ത്ര്യം കിട്ടിയശേഷം ഇവിടെ നിന്നു താൻ പഠിച്ച ജീവിത സത്യങ്ങൾ തന്റെ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതായി അദ്ദേഹം കിനാവുകണ്ടു. കുട്ടികൾക്കു താൻ ക്ലാസ്സ് എടുക്കുന്നു. അവർ തന്നോടു ചോദ്യങ്ങൾ ചോദിക്കുന്നു. ആ ചോദ്യങ്ങൾക്കുള്ള നല്ല ഉത്തരമെന്താണ്? അദ്ദേഹം ഒരു നിമിഷം ചിന്തയിൽ പരതും. ഓ! കിട്ടിപ്പോയി. അങ്ങനെ ആ ഒരു ഉദാഹരണം ചേർത്തു പറഞ്ഞാൽ കുട്ടികൾക്കു കാര്യം

**അന്നത്തെ റോമൻകാരാഗൃഹ ങ്ങൾ വളരെ മോശമായ സ്ഥിതി യിലായിരുന്നു. ഭക്ഷണം ആവ ശ്യത്തിനില്ല. കാലുകൾ ആമ ത്തിൽ പൂട്ടപ്പെട്ട അവസ്ഥ. ഇഴ ജന്തുക്കളും ക്ഷുദ്ര ജീവികളും പരതി നടക്കുന്ന തണുത്ത തറ യിലാണു കിടപ്പ്. ഇവിടെ കിട ന്നാണ് സെന്റ് പോൾ ഫിലിപ്യ രോടു പറയുന്നത് – 'എപ്പോഴും സന്തോഷിപ്പീൻ, സന്തോഷിപ്പീൻ എന്നു ഞാൻ വീണ്ടും പറയു ന്നു.' തീർച്ചയായും, പ്രകോപന ത്തിനും പ്രതികരണത്തിനും ഇടയിൽ മറ്റാർക്കും കവർന്നു കളയാൻ കഴിയാത്ത ആ ഇടം സെന്റ് പോൾ ഒന്നാം നൂറ്റാണ്ടിൽ തന്നെ കണ്ടെത്തിയിരുന്നു.**

എളുപ്പം പിടികിട്ടും. അദ്ദേഹത്തിന്റെ ചുണ്ടിലൊരു പുഞ്ചിരി വിരിഞ്ഞു. സന്തോഷം, ആർക്കും അപഹരി ക്കാൻ കഴിയാത്ത സ്വാതന്ത്ര്യം– ഇതെല്ലാം തനിക്കു കയ്യാളുവാൻ കഴിയും. പക്ഷേ താനതു തിരഞ്ഞെ ടുക്കണമെന്നു മാത്രം. ഇവിടെ പീഡ നക്യാംപിൽ സംഭവിക്കുന്നതിനും അല്ലെങ്കിൽ താൻനേരിടുന്ന പ്രകോ പനത്തിനും അതിനോടുള്ള തന്റെ പ്രതികരണത്തിനും ഇടയ്ക്കാണു തന്റെ സ്വാതന്ത്ര്യം അഥവാ പ്രതിക രണം തിരഞ്ഞെടുക്കാനുള്ള തന്റെ അവകാശം കിടക്കുന്നതെന്നു വിക്ടർ ഫ്രാങ്കിൾ കണ്ടു. ഈ അഹം ബോധം ഉണ്ടായതിനെ തുടർന്നുള്ള ദിവസങ്ങളിൽ വിക്ടർ ഫ്രാങ്കിൾ ആ പീഡനക്യാംപിൽ തന്നെ അതു പരി ശീലിക്കാൻ തുടങ്ങി. നാസി യജമാ നന്മാരെക്കാൾ സന്തോഷം ആ ജൂത തടവുകാരനു കൈവന്നു. മറ്റു തട വുകാർക്കും അദ്ദേഹത്തിന്റെ വീക്ഷണം പ്രചോദനം നൽകി. അവർക്കും ക്രമേണ തടവറയിലെ ജീവിതം അന്തസ്സുള്ളതും ക്ലേശ ങ്ങൾ അർഥവത്തുമായി അനുഭവപ്പെ ട്ടു. നാസി കാവൽക്കാർക്കു പോലും വിക്ടർ ഫ്രാങ്കിൾ അത്ഭുതവും പ്രചോദനവുമായി മാറി.

'എപ്പോഴും സന്തോഷിപ്പീൻ, സന്തോഷിപ്പീൻ എന്നു ഞാൻ വീണ്ടും പറയുന്നു'– സെന്റ് പോളിന്റെ ഒരു വചനമാണിത്. കഷ്ടിച്ചു നാലധ്യായമുള്ള ഫിലിപ്യ ലേഖനത്തിൽ നിന്നാണീ വചനം. ഇതിൽ 16 പ്രാവശ്യമാണു സന്തോ ഷത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നത്. സന്തോഷത്തെക്കുറിച്ച് ഇത്രയും വാതോരാതെ സെന്റ് പോൾ പറയു മ്പോൾ അദ്ദേഹം ഏറെ സന്തോഷ കരമായ സാഹചര്യത്തിലിരുന്നാണ് ഈ ലേഖനം എഴുതുന്നത് എന്നാവും നാം കരുതുക. എന്നാൽ വാസ്തവം എന്താണ്? റോമൻ കാരാഗൃഹത്തിന്റെ ഇരുണ്ട അകത്ത ളങ്ങളിലിരുന്നാണ് അദ്ദേഹം ഈ ലേഖനം എഴുതിയതെന്നാണു ചരിത്രം പറയുന്നത്. അന്നത്തെ റോമൻകാരാഗൃഹങ്ങൾ വളരെ മോശമായ സ്ഥിതിയിലായിരുന്നു. ഭക്ഷണം ആവശ്യത്തിനില്ല. കാലു കൾ ആമത്തിൽ പൂട്ടപ്പെട്ട അവസ്ഥ. ഇഴജന്തുക്കളും ക്ഷുദ്ര ജീവികളും പരതി നടക്കുന്ന തണുത്ത തറയി ലാണു കിടപ്പ്. ഇവിടെ കിടന്നാണ് സെന്റ് പോൾ ഫിലിപ്യരോടു പറയു ന്നത് – 'എപ്പോഴും സന്തോഷിപ്പീൻ,

സന്തോഷിപ്പീൻ എന്നു ഞാൻ വീണ്ടും പറയുന്നു.' തീർച്ചയായും, പ്രകോപനത്തിനും പ്രതികരണ ത്തിനും ഇടയിൽ മറ്റാർക്കും കവർന്നു കളയാൻ കഴിയാത്ത ആ ഇടം സെന്റ് പോൾ ഒന്നാം നൂറ്റാ ണ്ടിൽ തന്നെ കണ്ടെത്തിയിരുന്നു.

സെന്റ് പോളിനും അനുയായി ശീലാസിനും ഉണ്ടായ മറ്റൊരനുഭവം അപ്പൊസ്തലന്മാരുടെ നടപടികളിൽ രേഖപ്പെടുത്തിയിരിക്കുന്നതും ശ്രദ്ധേ യമാണ്. ഫിലിപ്യ പട്ടണത്തിൽ തന്നെയാണതു സംഭവിച്ചത്. പോളി നെയും ശീലാസിനെയും അധികാരി കൾ മൃഗീയമായി മർദ്ദിച്ചശേഷം കാലുകൾ ആമത്തിൽ ഇട്ടുപൂട്ടി ജയി ലിന്റെ ഉള്ളറയിൽ ഇട്ടു. പക്ഷേ തങ്ങ ളുടെ ദുർവിധിയോർത്ത് സങ്കടപ്പെട്ടി രിക്കാതെ രാത്രിയിൽ പോളും ശീലാസും മനോഹരമായ ഗാനങ്ങൾ ഉച്ചത്തിൽ ആലപിച്ച് ദൈവത്തെ മഹത്വപ്പെടുത്തുവാൻ തുടങ്ങി. സഹ തടവുകാരും അവിടെ തന്നെ താമ സിച്ചിരുന്ന ജയിൽ മേധാവിയും ഇതെല്ലാം ശ്രദ്ധിച്ചുകൊണ്ടാണിരുന്ന ത്. അർദ്ധരാത്രി സമയത്ത് അവർ പാട്ടുപാടിക്കൊണ്ടിരിക്കുമ്പോൾ പെട്ടെന്നു വലിയ ഭൂകമ്പം ഉണ്ടായി. ജയിലിന്റെ വാതിലുകൾ മലർക്കെ ത്തുറന്നു. തടവുകാരുടെ ചങ്ങലകൾ അഴിഞ്ഞുവീണു. ഈ സമയത്ത് ജയിൽ അധികാരി കരുതിയത് ജയിൽപുള്ളികളെല്ലാം ഈ തക്ക ത്തിൽ ഓടിപ്പോയെന്നാണ്. അതു കൊണ്ട് തടവുകാരുടെ ചുമതല ഉണ്ടായിരുന്ന താൻ അധികാരിക ളുടെ മുൻപിൽ കുറ്റക്കാരനാകു മെന്നു കരുതി ജയിൽ അധികാരി ആത്മഹത്യയ്ക്കു മുതിരുന്നു. പോൾ അതു മനസ്സിലാക്കി അയാളെ ആശ്വ സിപ്പിച്ചു. 'തങ്ങൾ തടവുകാർ ഒരാൾപോലും ഓടിപ്പോയിട്ടില്ല, പേടി ക്കേണ്ട' എന്നു പറഞ്ഞ് ജയിൽ മേധാവിയെ അദ്ദേഹം ആത്മഹത്യ യിൽ നിന്നു പിൻതിരിപ്പിച്ചു. ഈ സംഭവം ജയിലറുടെ മനംതിരിവിനു കാരണമായി. നോക്കുക: തടവുകാ രാണു പോളും ശീലാസും. അവർ രാത്രിയിൽ സന്തോഷത്തിന്റെ പാട്ടു കൾ പാടുന്നു. തടവറയിലെ പീഡ നമായിരുന്നു അവരുടെ നേരെയു ണ്ടായ പ്രകോപനം. പക്ഷേ ആ പ്രകോപനത്തിനും അതിനോടുള്ള തങ്ങളുടെ പ്രതികരണത്തിനും ഇട യിൽ അവർ ദൈവാശ്രയത്തിന്റെ ഒരു തുരുത്തു കണ്ടെത്തുന്നു. അവിടെ അവർ സ്വതന്ത്രരാണ്. സന്തുഷ്ടരാണ്. അവിടെ നിന്നു കൊണ്ട് അവർ പോസിറ്റീവായി പ്രതികരിക്കുന്നു. അതു സഹതടവു കൾക്കും ജയിലർക്കും പ്രചോദനം നൽകുന്നു.

ഓർക്കുക: സാഹചര്യം(പ്രകോപ നം) എത്ര ഇരുണ്ടതാണെങ്കിലും അതിനോട് അതേനിലയിൽ നിഷേ ധാത്മകമായി നാം പ്രതികരിക്കണ മെന്നില്ല. മറിച്ചു ക്രിയാത്മകമായി പ്രതികരിക്കാൻ നമുക്കു കഴിയും. എങ്ങനെ വേണമെന്നുള്ള തിരഞ്ഞെ ടുപ്പു നമ്മുടേതാണ്.

മത്തായിയുടെ സുവിശേഷം ഒടു വിലത്തെ അധ്യായത്തിൽ ആഴ്ച വട്ടത്തിന്റെ ഒന്നാം നാളിൽ, പുലർച്ചെ ഇരുട്ടുള്ളപ്പോൾ തന്നെ യേശുവിന്റെ കല്ലറയ്ക്കൽ എത്തിയ സ്ത്രീകളെക്കുറിച്ചുള്ള വിവരണം നാം കാണുന്നു. അവിടെ ഒരാൾ അവരെ 'വന്ദനം' എന്നു പറഞ്ഞ് എതിരേറ്റു (28:9). മലയാളം ബൈബിളിൽ 'വന്ദനം' എന്നു പറ ഞ്ഞിരിക്കുന്നതിന്റെ അക്ഷരാർത്ഥ ത്തിലുള്ള അർഥം 'സന്തോഷിപ്പീൻ'

കല്ലറയ്ക്കൽ സ്ത്രീകളെ എതിരേറ്റ ആൾ പറഞ്ഞ വന്ദനത്തിന്റെ യഥാർത്ഥ അർത്ഥം 'സന്തോഷിപ്പീൻ' എന്നായിരുന്നു. ആ വന്ദനത്തിൽ ആവശ്യപ്പെട്ടതു പോലെ ആ സ്ത്രീകൾക്കു സന്തോഷിക്കാവുന്ന സാഹചര്യം ആയിരുന്നോ അത് ? അല്ല, സന്തോഷിക്കാനുള്ള ഒരു സാധ്യതയും അവിടെയില്ല. കാരണങ്ങൾ പലതാണ്: ഒന്നാമത് അവർ എത്തിനിൽക്കുന്ന സ്ഥലം. അതു കല്ലറയാണ്. ദുഃഖത്തിന്റേയും പേടിയുടെയും സ്ഥലം. രണ്ടാമതു സമയമോ? ചുറ്റും ഇരുട്ടുള്ള സമയം. അവരാകട്ടെ ആരും സഹായമില്ലാത്ത നിസ്സഹായരായ സ്ത്രീകളും. ആ സ്ത്രീകൾക്ക് അപ്പോൾ സന്തോഷിക്കാൻ സ്വാഭാവികമായി കഴിയുമായിരുന്നില്ല.

(rejoice) എന്നായിരുന്നുവെന്ന് ഇംഗ്ലീഷ് ബൈബിളിൽ കാണുന്നു. ഉദാഹരണത്തിനു രാവിലെ കണ്ടുമുട്ടുമ്പോൾ ഒരാൾ 'സുപ്രഭാതം' എന്നു പറയുന്നു. അത് ഒരു വന്ദനസ്വരമാണ്. എന്നാൽ ആ വന്ദനത്തിന്റെ അക്ഷരികാർത്ഥം 'നിങ്ങൾക്ക് ഒരു നല്ല പ്രഭാതം ആശംസിക്കുന്നു'വെന്നാണല്ലോ. എന്നു പറഞ്ഞതുപോലെ കല്ലറയ്ക്കൽ സ്ത്രീകളെ എതിരേറ്റ ആൾ പറഞ്ഞ വന്ദനത്തിന്റെ യഥാർത്ഥ അർത്ഥം 'സന്തോഷിപ്പീൻ' എന്നായിരുന്നു. ആ വന്ദനത്തിൽ ആവശ്യപ്പെട്ടതുപോലെ ആ സ്ത്രീകൾക്കു സന്തോഷിക്കാവുന്ന സാഹചര്യം ആയിരുന്നോ അത് ? അല്ല, സന്തോഷിക്കാനുള്ള ഒരു സാധ്യതയും അവിടെയില്ല. കാരണങ്ങൾ പലതാണ്: ഒന്നാമത് അവർ എത്തിനിൽക്കുന്ന സ്ഥലം. അതു കല്ലറയാണ്. ദുഃഖത്തിന്റേയും പേടിയുടെയും സ്ഥലം. രണ്ടാമതു സമയമോ? ചുറ്റും ഇരുട്ടുള്ള സമയം. അവരാകട്ടെ ആരും സഹായമില്ലാത്ത നിസ്സഹായരായ സ്ത്രീകളും. ആ സ്ത്രീകൾക്ക് അപ്പോൾ സന്തോഷിക്കാൻ സ്വാഭാവികമായി കഴിയുമായിരുന്നില്ല. എന്നാൽ ഒരു നിമിഷം. തങ്ങൾക്കു വന്ദനം പറഞ്ഞവനെ സ്ത്രീകൾ തിരിച്ചറിഞ്ഞു. അതു മറ്റാരുമായിരുന്നില്ല. അവർ ആരുടെ മരണത്തിൽ ദുഃഖിതരായിരുന്നുവോ ആ യേശുവായിരുന്നു അവിടെ അവരോടു വന്ദനം പറഞ്ഞുകൊണ്ടു നിന്നത്! അവൻ മരണത്തെ തോൽപ്പിച്ച് ഉയിർത്തെഴുന്നേറ്റിരിക്കുന്നുവെന്ന് അവർ വേഗത്തിൽ മനസ്സിലാക്കി. സ്ത്രീകളുടെ ദുഃഖവും പേടിയും വേഗം ആ വന്ദനസ്വരത്തിന്റെ അർഥം പോലെ തന്നെ സന്തോഷത്തിനു വഴിമാറി. ഇതാണ് ഉയിർത്തെഴുന്നേൽപ്പ് നൽകിയ സന്ദേശം-ദുഃഖത്തിന്റെയും ഭീതിയുടെയും സാഹചര്യങ്ങൾ കണ്ടു വിഷമിക്കേണ്ട, അതു വേഗത്തിൽ സന്തോഷത്തിനു വഴിമാറും. കാരണം അവൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു!

പ്രകോപനത്തിന്റെയും പ്രതികരണത്തിന്റെയും ഇടയിലുള്ള ഇത്തിരിപ്പോന്ന സ്ഥലത്ത് ഉയിർത്തെഴുന്നേറ്റവനായ യേശുവിനെ കാണുക. അപ്പോൾ പരാതികളും പരിഭവങ്ങളും കുറ്റപ്പെടുത്തലുകളും മാറിപ്പോകും. സന്താപം സന്തോഷത്തിനു വഴിമാറും. ദൈവനാമം മഹത്വപ്പെടും.

❖

ചിന്തയ്ക്ക്

## ശിഷ്യത്വവും സഭയും—II

# ആത്മവരങ്ങൾ ആരേയും ആത്മികനാക്കുന്നില്ല

പല സഭകളിലും നാം കാണുന്ന മറ്റൊരു ദോഷം പക്ഷപാതമാണ്. (യാക്കോബ്: 2:1) സഭായോഗത്തിൽ ധനികരായ ആളുകൾക്ക് മെച്ചമായ ഇരിപ്പിടങ്ങൾ നൽകുന്നതിനെപ്പറ്റി ആ അധ്യായത്തിൽ യാക്കോബ് നമ്മെ താക്കീതു ചെയ്യുന്നു. അപ്രകാരം പ്രവർത്തിക്കുന്നവർ പാപമാണു ചെയ്യുന്നത്. (യാക്കോബ്: 2:9) ഭാഷാപരമായും ജാതിപരമായുമുള്ള വിവേചനം കാട്ടുന്നതിനും ഈ താക്കീതു ബാധകമാണ്.

പല സഭകളിലും ഒരു ഭാഷാവിഭാഗത്തിൽപ്പെട്ട ആളുകൾക്ക് മറ്റൊരു വിഭാഗവുമായി സമാധാനത്തിൽക്കഴിയുവാൻ സാധിക്കുന്നില്ല. ഒരു ജാതിക്കാർക്ക് മറ്റൊരു ജാതിക്കാരോട് കൂട്ടായ്മയാചരിപ്പാനും കഴിയുന്നില്ല. വിഭിന്നജാതിക്കാർ താന്താങ്ങളുടെ വിഭാഗത്തിൽപ്പെട്ടവരുമായേ കൂട്ടായ്മയിലേർപ്പെടുന്നുള്ളൂ. എന്നാൽ അവർ യേശുവിന്റെ ശിഷ്യരായിരുന്നെങ്കിൽ സംസ്കാരസമ്പന്നനെന്നോ അപരിഷ്കൃതനെന്നോ ഉള്ള യാതൊരു ഭേദവും കൂടാതെ കൂട്ടായ്മബന്ധം പുലർത്തുമായിരുന്നു.

2 കൊരി. 5:16–ൽ നാം ആളുകളെ ജഡപ്രകാരം അവർ എന്തായിരിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ കാണുന്നില്ലെന്നു പറയുന്നു. തൊലിയുടെ നിറമോ സമൂഹമോ ജാതിയോ നാം നോക്കുന്നില്ല. കാരണം, ഒരുവൻ ക്രിസ്തുവിലായാൽ അവൻ ഒരു പുതിയ സൃഷ്ടിയാണ് (വാ.17). പുതിയ സൃഷ്ടിയിൽ ഭാഷാപരമോ സാമൂഹ്യമോ ജാതിപരമോ ആയ യാതൊരു വിവേചനവുമില്ല. അത്തരമൊരു ജീവിതത്തിലേക്ക് വിശ്വാസികളെ നാം നയിക്കുന്നില്ലെങ്കിൽ യേശുക്രിസ്തുവിന്റെ സഭ പണിയുവാൻ നമുക്കൊരിക്കലും സാദ്ധ്യമല്ല.

എങ്കിലും ഇവിടെ ഒരു മുന്നറിയിപ്പ് ആവശ്യമായിരിക്കുന്നു. ഒരു ക്രിസ്തു ശിഷ്യൻ താൻ ജാതിവ്യത്യാസത്തിൽ വിശ്വസിക്കുന്നില്ലെന്നു കാണിക്കുവാൻ വേണ്ടി മാത്രം മറ്റൊരു ജാതിയിൽപ്പെട്ടയാളെ വിവാഹം ചെയ്യുവാൻ വിളിക്കപ്പെട്ടവനല്ല. ചിലർ ഇപ്രകാരം ചെയ്കയും അത് അനുയോജ്യമല്ലാത്ത വിവാഹബന്ധത്തിൽ കലാശിക്കയും ചെയ്തിട്ടുണ്ട്. വിവാഹത്തിൽ അന്യോന്യം ഒത്തിണങ്ങിപ്പോകൽ (adjustment) വളരെ ആവശ്യമാണ്. അതിനാൽ രണ്ടു പങ്കാളികളും തമ്മിലുള്ള വിഭിന്നതയുടെ മേഖലകൾ കഴിവുള്ളിടത്തോളം ചുരുങ്ങിയിരിക്കണം. യേശുവിന്റെ

ഒരു മനുഷ്യശരീരത്തിന് കാഴ്ച, കേൾവി, സംഭാഷണ ശക്തി, നടക്കാനുള്ള കഴിവ് എന്നിവപോലെയാണ് ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയ്ക്ക് പരിശുദ്ധാത്മവരങ്ങൾ. ദൈവ സ്വഭാവം അഥവാ ദൈവഭക്തി യെന്നത് ക്രിസ്തുവിൻ ശരീരത്തിന്റെ ജീവൻ പോലെയാണ്. ആ ജീവൻ ഉള്ളപ്പോൾ തന്നെ ആത്മവരങ്ങൾ കൂടാതെ ക്രിസ്തുവിന്റെ ശരീരത്തിന് മറ്റുള്ളവർക്കുവേണ്ടി എന്തു ചെയ്യാൻ കഴിയും?

ഒരു ശിഷ്യനായിരിക്കുന്നതുകൊണ്ട് ഒരുവൻ വിവാഹകാര്യം പരിഗണിക്കുമ്പോൾ പ്രായം, വിദ്യാഭ്യാസം, കുടുംബപശ്ചാത്തലം, സാമ്പത്തിക നില, ജാതി തുടങ്ങിയവ ചിന്തിക്കേണ്ടതില്ല എന്നർത്ഥമാകുന്നില്ല. വിവാഹകാര്യത്തിൽ പരിപക്വമായ ഒരു തീരുമാനത്തിൽ വന്നെത്തുന്നതിനു മുമ്പ് ഈ കാര്യങ്ങളെല്ലാം പരിഗണിക്കപ്പെടേണ്ടത് ആവശ്യമത്രേ.

ഒരു സഭാമൂപ്പനെന്ന നിലയിൽ മുഖപക്ഷമെന്ന കുറ്റം ചെയ്ത ഒരുവനായി നിങ്ങൾ തീരാവുന്ന ഒരു സാഹചര്യത്തെപ്പറ്റി ചിന്തിക്കുക. പ്രസംഗിക്കുന്നതിനിടയിൽ ശക്തമായ ഒരു കാര്യം പറയുവാൻ പരിശുദ്ധാത്മാവു നിങ്ങളെ പ്രേരിപ്പിക്കുകയും അതു പറഞ്ഞാൽ നിങ്ങളെ ശ്രദ്ധിക്കുന്ന ചിലരെ അതു മുറിപ്പെടുത്തുമെന്നു നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്നുവെന്നിരിക്കട്ടെ. അപ്പോൾ അവരെ മുറിപ്പെടുത്തുവാൻ നിങ്ങൾ ആഗ്രഹിക്കാത്തതുകൊണ്ട് ആത്മാവു പ്രേരിപ്പിച്ച കാര്യം നിങ്ങൾ പറയാതിരുന്നുവെന്നും കരുതുക. അപ്പോൾ മനുഷ്യരെ പ്രസാദിപ്പിക്കുവാനാഗ്രഹിച്ചതുമൂലം ദൈവം നിങ്ങളെക്കുറിച്ചാഗ്രഹിച്ചതുപോലെ നിങ്ങൾ വചനമെന്ന വാൾ പ്രയോഗിക്കാതിരിക്കുകയാണുണ്ടായത്. ഇതു മുഖപക്ഷം കാണിക്കലാണ്. നിങ്ങളുടെ ശുശ്രൂഷയിലുള്ള അഭിഷേകം നഷ്ടപ്പെടുവാൻ ഇടയാക്കുന്ന ഒരു കാര്യമാണിത്.

**പരിശുദ്ധാത്മവരങ്ങൾ**

ഇപ്പോൾ നമുക്കു പരിശുദ്ധാത്മവരങ്ങൾ എന്ന വിഷയത്തെപ്പറ്റി ചിന്തിക്കാം. ഇവയും ക്രിസ്തുവിന്റെ ശരീരം പടുത്തുയർത്തുന്നതിൽ അനുപേക്ഷണീയങ്ങളാണ്.

പരിശുദ്ധാത്മവരങ്ങളുടെ മൂന്നു ലിസ്റ്റുകൾ പുതിയനിയമത്തിൽ നൽകിയിട്ടുണ്ട്. (1 കൊരി. 12:8-10; റോമർ: 12:6-8; എഫേ.4:11).

1 കൊരിന്ത്യർ: 12 ലെ 12 മുതൽ 26 വരെ വാക്യങ്ങളിൽ ആത്മവരങ്ങളുടെ പ്രവർത്തനത്തെ നമ്മുടെ ശരീരാവയവങ്ങളുടെ പ്രവർത്തനത്തോട് താരതമ്യപ്പെടുത്തിയിരിക്കുന്നു. ഒരു മനുഷ്യൻ ജീവനുള്ളവനായിരിക്കെത്തന്നെ അന്ധനും ചെകിടനും മൂകനും പക്ഷാഘാതം ബാധിച്ചവനുമായിരിക്കാം. പല സഭകളുടെയും നില ഇതുപോലെയാണ്. അവയിലെ അംഗങ്ങൾ വീണ്ടും ജനനം പ്രാപിച്ചവരാണ്; എങ്കിലും അവർക്ക് കർത്താവിനെ സേവിപ്പാനുള്ള പരിശുദ്ധാത്മവരങ്ങളൊന്നും ലഭിച്ചിട്ടില്ല. അതിനാൽ അവർ ശക്തിഹീനരായിക്കഴിയുന്നു.

ഒരു മനുഷ്യശരീരത്തിന് കാഴ്ച, കേൾവി, സംഭാഷണശക്തി, നടക്കാനുള്ള കഴിവ് എന്നിവപോലെയാണ് ക്രിസ്തുവിന്റെ ശരീരമാകുന്ന

സഭയ്ക്ക് പരിശുദ്ധാത്മവരങ്ങൾ. ദൈവസ്വഭാവം അഥവാ ദൈവഭക്തിയെന്നത് ക്രിസ്തുവിൻ ശരീരത്തിന്റെ ജീവൻ പോലെയാണ്. ആ ജീവൻ ഉള്ളപ്പോൾ തന്നെ ആത്മവരങ്ങൾ കൂടാതെ ക്രിസ്തുവിന്റെ ശരീരത്തിന് മറ്റുള്ളവർക്കുവേണ്ടി എന്തുചെയ്യാൻ കഴിയും? യേശു തന്നെയും അവിടുത്തേക്ക് ആത്മാവിന്റെ വരങ്ങളൊന്നും ഉണ്ടായിരുന്നില്ലെങ്കിൽ എങ്ങനെയുള്ള ഒരു വ്യക്തിയായിരിക്കുമായിരുന്നു? അപ്പോഴും അവിടുന്നു പാപത്തെ ജയിക്കയും ഒരു വിശുദ്ധജീവിതം നയിക്കുകയും ചെയ്യുമായിരുന്നു. എങ്കിലും പരിശുദ്ധാത്മാവിന്റെ അഭിഷേകം കൂടാതെ അവിടുത്തേക്ക് താൻ പ്രസംഗിച്ചതുപോലെ പ്രസംഗിക്കുവാനോ രോഗികളെ സൗഖ്യമാക്കുവാനോ ഭൂതങ്ങളെ പുറത്താക്കുവാനോ അദ്ഭുതങ്ങൾ പ്രവർത്തിക്കുവാനോ കഴിയുമായിരുന്നില്ല.

മുപ്പതാമത്തെ വയസ്സിൽ യേശുവിനു ലഭിച്ച പരിശുദ്ധാത്മാഭിഷേകം താൻ നേരത്തേ ആയിരുന്നതിനേക്കാൾ കൂടുതൽ വിശുദ്ധനായി ജീവിക്കുവാൻ അവിടുത്തെ പ്രാപ്തനാക്കുകയല്ല ചെയ്തത്. അവിടത്തെ ജീവിതത്തിലെ 31-ാം വർഷം 29-ാം വർഷത്തെക്കാൾ കൂടുതൽ വിശുദ്ധമായിരുന്നില്ല. എന്നാൽ പരിശുദ്ധാത്മാവിന്റെ അഭിഷേകത്തോടുകൂടെ മറ്റുള്ളവരെ സേവിക്കാനുള്ള ശക്തി അവിടുത്തേക്കു ലഭിച്ചു. യേശു തന്റെ വിശുദ്ധജീവിതം നയിച്ചുകൊണ്ട് ചുറ്റി സഞ്ചരിക്കുകമാത്രം ചെയ്തിരുന്നെങ്കിൽ തന്റെ പിതാവിന്റെ ലക്ഷ്യങ്ങൾ ഭൂമിയിൽ നിറവേറ്റുവാൻ അവിടുത്തേക്കു കഴിയുമായിരുന്നില്ല. അതുപോലെ ഇന്ന് സഭയ്ക്കും മറ്റുള്ളവർക്ക് വിശുദ്ധജീവിതം കാട്ടിക്കൊടുക്കുക മാത്രം ചെയ്യുന്നതുകൊണ്ട് ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റുവാൻ സാധിക്കുകയില്ല. യേശുവിന് വിശുദ്ധിയും ഒപ്പം ആത്മവരങ്ങളും ഇവ രണ്ടും ഉണ്ടായിരുന്നു. ഇന്ന് അവിടുത്തെ ശരീരത്തിലും ഇവ രണ്ടും ആവശ്യമാണ്.

> **ആത്മവരങ്ങൾ ആരെയും ആത്മീയനാക്കുന്നില്ല. കൊരിന്ത്യ ക്രിസ്ത്യാനികൾക്ക് എല്ലാ ആത്മികവരങ്ങളുമുണ്ടായിരുന്നു. അവർ സഭായോഗങ്ങളിൽ ജ്ഞാനത്തിന്റെ വചനം - അതായത് ആത്മവരങ്ങളിൽ ഒന്ന് - സംസാരിച്ചിരുന്നു. എങ്കിലും അവരുടെ ഇടയിൽ ജ്ഞാനമുള്ള ഒരുവൻ, അതായത് യഥാർത്ഥത്തിൽ ആത്മീയനായ ഒരുവൻ, പോലും ഉണ്ടായിരുന്നില്ല. ജ്ഞാനത്തിന്റെ ഒരു വചനം ജഡികനായ ഒരുവനിൽക്കൂടെ വരാൻ സാധ്യമാണ്. എന്നാൽ ജ്ഞാനം എന്നത് ഒരു ആത്മീയനിൽ മാത്രമേ കാണപ്പെടുന്നുള്ളൂ.**

ക്രിസ്തീയലോകത്തെ ഇന്നു ബാധിച്ചിരിക്കുന്ന വിപത്ത് ഇതാണ്: ചില സമൂഹങ്ങൾ ജീവിതത്തിന്റെ വിശുദ്ധിക്ക് ഊന്നൽ കൊടുക്കുന്നു; മറ്റുചിലർ പരിശുദ്ധാത്മാവിൽ വരങ്ങൾക്കു പ്രാധാന്യം കല്പിക്കുന്നു. എന്നാൽ ഇവ ഒന്നല്ലെങ്കിൽ മറ്റൊന്ന് എന്ന മട്ടിൽ ഐച്ഛികമായി സ്വീകരിക്കാവുന്ന കാര്യങ്ങളല്ല. ബൈബിൾ ഇപ്രകാരമാണ് നമ്മോടു പറയു

ന്നത്:

"നിന്റെ വസ്ത്രം എല്ലായ്പോഴും വെള്ളയായിരിക്കട്ടെ; (എപ്പോഴും വിശുദ്ധിയുള്ള ഒരു ജീവിതം നയിക്കുക) നിന്റെ തലയിൽ എണ്ണ കുറയാതിരിക്കട്ടെ."(നിരന്തരം അഭിഷേകത്തിൽത്തന്നെ ജീവിക്കുക) (സഭാ. പ്ര.9:8)-ഇവ രണ്ടും നമുക്കാവശ്യമാണ്.

ആത്മവരങ്ങൾ ആരെയും ആത്മീയനാക്കുന്നില്ല. കൊരിന്ത്യക്രിസ്ത്യാനികൾക്ക് എല്ലാ ആത്മികവരങ്ങളുമുണ്ടായിരുന്നു (1 കൊരി. 1:7). അവർ സഭായോഗങ്ങളിൽ ജ്ഞാനത്തിന്റെ വചനം-അതായത് ആത്മവരങ്ങളിൽ ഒന്ന് -സംസാരിച്ചിരുന്നു. എങ്കിലും അവരുടെ ഇടയിൽ ജ്ഞാനമുള്ള ഒരുവൻ, അതായത് യഥാർത്ഥത്തിൽ ആത്മീയനായ ഒരുവൻ, പോലും ഉണ്ടായിരുന്നില്ല (1 കൊരി.6:5). ജ്ഞാനത്തിന്റെ ഒരു വചനം ജഡികനായ ഒരുവനിൽക്കൂടെ വരാൻ സാധ്യമാണ്. എന്നാൽ ജ്ഞാനം എന്നത് ഒരു ആത്മീയനിൽ മാത്രമേ കാണപ്പെടുന്നുള്ളൂ. ഒരു നിമിഷംകൊണ്ട് ഒരാൾക്ക് ദൈവത്തിൽനിന്ന് ജ്ഞാനത്തിന്റെ ഒരു വചനം പ്രാപിപ്പാൻ സാധ്യമാണ്. എന്നാൽ ജ്ഞാനം എന്നതാകട്ടെ, അനേകവർഷത്തെ ക്രൂശെടുക്കൽ കൊണ്ടു മാത്രമേ സിദ്ധിക്കുന്നുള്ളൂ.

നമ്മുടെ ആത്മവരങ്ങൾ നമുക്കു തന്നെ തിരഞ്ഞെടുക്കുവാൻ സാധ്യമല്ല. എന്തെന്നാൽ ക്രിസ്തുവിന്റെ ശരീരത്തിൽ ഏതുവരം നമുക്കേറ്റവും യോജിച്ചതായിരിക്കുമെന്നു നിശ്ചയിക്കുന്നത് ദൈവമാണ്. എന്നാൽ ശരീരത്തെ പടുത്തുയർത്തുന്ന ആത്മവരങ്ങൾ, വിശിഷ്യ, പ്രവചനവരം, ആത്മാർത്ഥമായി വാഞ്ഛിക്കുവാൻ ദൈവവചനം നമ്മോടു കല്പിക്കുന്നുണ്ട്. (1 കൊരി: 14:1, 12).

പിതാവിനോടു പരിശുദ്ധാത്മാവിനുവേണ്ടി പ്രാർത്ഥിക്കുവാൻ യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചപ്പോൾ (ലൂക്കോസ്:11:13) അയൽക്കാരന്റെ വീട്ടിലേക്കു ഭക്ഷണം ചോദിപ്പാൻ പോയ ഒരു മനുഷ്യന്റെ ഉപമ കൊണ്ട് യേശു അതിനെ വിശദീകരിച്ചു. ഈ ഉപമയിൽ നാം ശ്രദ്ധിക്കേണ്ട രണ്ടു പ്രധാന കാര്യങ്ങൾ ഉണ്ട്.

1) ആ മനുഷ്യൻ തനിക്കുവേണ്ടിയല്ല മറ്റൊരാളിനുവേണ്ടിയാണ് ഭക്ഷണം അപേക്ഷിച്ചത്.

2) തനിക്കാവശ്യമായതു ലഭിക്കുന്നതുവരെ അയാൾ ചോദിച്ചുകൊണ്ടേയിരുന്നു.

ഈ ഉപമയിൽ നിന്നു നാമെന്തു പഠിക്കുന്നു?

ഒന്നാമത് നാം നമ്മുടെ സ്വന്തപ്രയോജനത്തിനുവേണ്ടിയല്ല മറ്റുള്ളവരുടെ പ്രയോജനത്തിനായിട്ടാണ് ആത്മവരങ്ങൾ വാഞ്ഛിക്കേണ്ടത്. പരിശുദ്ധാത്മാഭിഷേകത്തെയും ആത്മവരങ്ങളെയും അന്വേഷിക്കുന്നവർ ഈയൊരു പ്രമാണം മുമ്പിൽ വച്ചിരുന്നെങ്കിൽ അവർ ഇപ്പോഴത്തേതിൽ എത്രയോ അധികം ആത്മീയരായിത്തീരുമായിരുന്നു. മാത്രമല്ല, ക്രിസ്തീയലോകത്തിൽ ഇന്ന് വ്യാജമായ വരങ്ങൾ താരതമ്യേന വളരെക്കുറച്ചുമാത്രമേ ഉണ്ടാകുമായിരുന്നുള്ളു. ദൗർഭാഗ്യവശാൽ പരിശുദ്ധാത്മാവിന്റെ ശക്തിയ്ക്കായി അന്വേഷിക്കുവാൻ ഇന്ന് മിക്ക ആളുകളെയും പ്രേരിപ്പിക്കുന്നത് മറ്റുള്ളവർക്ക് ഒരനുഗ്രഹം ഉണ്ടാകുവാൻ വേണ്ടിയല്ല. പിന്നെയോ തങ്ങൾക്കുവേണ്ടി

ത്തന്നെ ഒരനുഭവം പ്രാപിപ്പാനായിട്ടാണ്. നമ്മുടെ ചുറ്റും ഇന്നുള്ള ഒട്ടുവളരെ ആളുകളുടെ ആവശ്യങ്ങൾ ദൈവം നിറവേറ്റിക്കൊടുക്കുവാനാഗ്രഹിക്കുന്നുണ്ട്. അവരുടെ ആവശ്യങ്ങൾ നമ്മിലൂടെ നിറവേറ്റുവാനാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. ഈ കാരണത്താലാണ് നമ്മുടെ പ്രവർത്തനമാർഗ്ഗത്തിലേക്ക് ദൈവം അവരെ കൊണ്ടുവന്നിട്ടുള്ളത്. ഈ ആളുകളെ വിടുവിപ്പാനും അനുഗ്രഹിപ്പാനും വേണ്ടി നാം പരിശുദ്ധാത്മവരങ്ങൾ അന്വേഷിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു.

ഒരിക്കൽ ഒരു മനുഷ്യൻ ഭൂതഗ്രസ്തനായ തന്റെ മകനെയും കൊണ്ട് യേശുവിന്റെ ശിഷ്യന്മാരുടെ അടുക്കലെത്തി. എന്നാൽ ശിഷ്യന്മാർക്ക് അയാളെ സഹായിക്കുവാൻ സാധിച്ചില്ല. അപ്പോൾ ആ മനുഷ്യൻ യേശുവിന്റെ അടുക്കൽച്ചെന്ന് – "ഞാൻ സഹായത്തിനായി അവിടുത്തെ ശിഷ്യന്മാരെ സമീപിച്ചു; എങ്കിലും അവർക്കെന്നെ സഹായിപ്പാൻ കഴിഞ്ഞില്ല'' എന്നറിയിച്ചു. ഇന്നു നമ്മുടെ അയൽക്കാരും സ്നേഹിതരും ഈ വാക്കുകളാണോ നമ്മെപ്പറ്റി പറയുന്നത്?

കർത്താവിന്റെ അനുഗ്രഹങ്ങൾ നമുക്കുവേണ്ടിത്തന്നെ നാം അന്വേഷിക്കുന്ന പക്ഷം, നാം ജീവനില്ലാത്ത ശുഷ്കിച്ച ഒരുവസ്ഥയിലായിത്തീരും. മറ്റുള്ളവർക്കു ജലം പകർന്നു കൊടുക്കുന്നവർക്കു മാത്രമേ ദൈവം ജലം നൽകുന്നുള്ളു (സദൃശ: 11:25) ഒരുപക്ഷേ നിങ്ങളുടെ അടുക്കലുള്ള ഒരു സഹോദരനു തന്റെ പ്രശ്നം പരിഹരിക്കുവാൻ ജ്ഞാനത്തിന്റേതായ ഒരു വചനം ആവശ്യമായിരിക്കും.

**ഒരു പ്രവചനത്തോട് അനുകൂലമായി പ്രതികരിക്കുന്നവർ തങ്ങളുടെ തെറ്റുകൾ തിരുത്തും. എന്നാൽ അതുമൂലം അസ്വസ്ഥരാകുന്നവർ പ്രവാചകന്റെ നേരേ കോപിക്കും. പ്രവാചകന് ഒരിക്കലും ജനപ്രീതി ലഭിക്കയില്ല. മറിച്ച് ആളുകൾ അദ്ദേഹത്തെ വെറുക്കുകയും തെറ്റിദ്ധരിക്കുകയും പീഡിപ്പിക്കുകയും ചെയ്യും. യേശു നസറേത്തിലെ പള്ളിയിൽ പ്രസംഗിച്ചപ്പോൾ ആളുകൾ ഇടയ്ക്കുവച്ച് അദ്ദേഹത്തെ തടയുകയും വെളിയിലേക്ക് വലിച്ചിഴച്ച് കൊല്ലുവാൻ ശ്രമിക്കുകയും ചെയ്തു.**

മറ്റൊരാൾക്ക് നിരാശാജനകമായ തന്റെ ജീവിതസാഹചര്യത്തിൽ പ്രോത്സാഹനത്തിന്റെ അഥവാ ധൈര്യത്തിന്റെ ഒരു വചനമാവശ്യമുണ്ട്. ഇനിയുമൊരാൾക്ക് ഏതെങ്കിലും ബന്ധനത്തിൽ നിന്നുള്ള സ്വാതന്ത്ര്യം ആവശ്യമായിരിക്കും. ഇത്തരമാളുകളെ സഹായിക്കാനാവശ്യമായ വരങ്ങൾക്കായി നാം ദൈവത്തെ അന്വേഷിക്കേണ്ടത് ആവശ്യമത്രേ.

ആത്മാവിന്റെ എല്ലാ വരങ്ങളും നാം മറ്റുള്ളവരെ അനുഗ്രഹിപ്പാനും സഹായിപ്പാനുമായി നൽകപ്പെടുന്നവയാണ്. ലൂക്കോസ്: 4:18,19 വാക്യങ്ങൾ യേശു പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടതിന്റെ ഫലങ്ങളെപ്പറ്റി പറയുന്നു. ദരിദ്രന്മാരോടു

സുവിശേഷം അറിയിപ്പാനും ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും നൽകുവാനും പീഡിതന്മാരെ വിടുവിക്കാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിക്കുവാനും അങ്ങനെ അവിടുത്തേക്കു കഴിവു ലഭിച്ചു. ഇവിടെപ്പറഞ്ഞിരിക്കുന്ന കാര്യങ്ങളെല്ലാം മറ്റുള്ളവരുടെ പ്രയോജനത്തിനായിട്ടുള്ളതാണെന്നു മനസ്സിലാക്കുക. ആത്മാവിന്റെ വരമൊന്നും തന്നെ സ്വന്തജീവിതത്തിൽ കർത്താവിന് ഒരു പ്രയോജനവും വരുത്തിയില്ല.

നമുക്ക് മറ്റുള്ളവരെക്കുറിച്ചൊരു ഭാരവും അവരെ സഹായിക്കുവാൻ കഴിവില്ലാത്തതിനെപ്പറ്റി ഒരു ബോധവും ഉണ്ടാകണം. അപ്പോൾ മാത്രമേ ആത്മവരങ്ങളെ ശരിയായ വിധം അന്വേഷിക്കുവാൻ നമുക്കു സാധിക്കുകയുള്ളു.

ഈ ഉപമയിൽ നിന്നു നാം പഠിക്കുന്ന രണ്ടാമത്തെ കാര്യം പരിശുദ്ധാത്മാവിന്റെ ശക്തിക്കുവേണ്ടി അതു പ്രാപിക്കുന്നതുവരെയും നാം അപേക്ഷിച്ചുകൊണ്ടുതന്നെ ഇരിക്കണം എന്നതാണ്. നാം യഥാർത്ഥത്തിൽ തന്റെ ശക്തി പ്രാപിക്കുവാൻ ആകാംക്ഷയുള്ളവരാണോ എന്നും തന്റെ വരങ്ങളെ വിലമതിക്കുന്നുവോ എന്നും നമ്മെത്തന്നെ ശോധന ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നു. തന്നെ സേവിക്കുന്ന കാര്യത്തിൽ നാം വാസ്തവമായും നിസ്സഹായരും തന്റെ ശക്തി കൂടാതെ അതിനു കഴിവില്ലാത്തവരുമാണെന്ന ബോധ്യം നമുക്കുണ്ടോ എന്നറിയുവാനും ദൈവം കാത്തിരിക്കുകയാണ്. പലരും തങ്ങളിൽതന്നെ ആശ്രയിക്കുകയും ദൈവം വച്ചിരിക്കുന്ന ഈ പരീക്ഷയിൽ പരാജയമടയുകയും ചെയ്യുന്നു. തന്മൂലം അവർ വളരെ വേഗം പ്രാർത്ഥന നിറുത്തിക്കളയുകയാണ് ചെയ്യുന്നത്.

**പ്രാദേശികസഭയുടെ മീറ്റിംഗുകൾ**

1 കൊരിന്ത്യർ 12-ൽ പറഞ്ഞിട്ടുള്ള ആത്മവരങ്ങളിൽ വചനവരങ്ങൾ മാത്രം- അതായത് ഉപദേശം, പ്രവചനം, അന്യഭാഷ, വ്യാഖ്യാനം എന്നിവ മാത്രം-പ്രാദേശികസഭയുടെ മീറ്റിംഗുകളിൽ ഉപയോഗിക്കുന്നവയാണ്. (1കൊരി:14:26 മുതലുള്ള വാക്യങ്ങൾ നോക്കുക). സഭായോഗത്തിൽ അത്ഭുതവരങ്ങൾ (miraculous gifts) ഒന്നും ഉപയോഗിച്ചു പോന്നതായി അവിടെ നാം വായിക്കുന്നില്ല. സുവിശേഷപരമായ ശുശ്രൂഷയിൽ രോഗശാന്തിവരം, ഭൂതങ്ങളെ പുറത്താക്കൽ എന്നീ വരങ്ങൾക്ക് സുവിശേഷസന്ദേശത്തിന്റെ ഒരു സ്ഥിരീകരണപ്രവർത്തനമെന്ന നിലയിൽ ഇന്നും സ്ഥാനമുണ്ട്. (മർക്കോസ് 16:15-18). സുവിശേഷകന്മാരാകുവാൻ, വിശേഷിച്ച് മുമ്പു വചനമെത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ സുവിശേഷമറിയിക്കുവാൻ, വിളിക്കപ്പെട്ടവർ ഈ കഴിവുകൾ ദൈവത്തിൽ നിന്നു പ്രാപിക്കുവാനാഗ്രഹിക്കണം. എന്നാൽ എല്ലാ പ്രാദേശികസഭകളുടെയും മീറ്റിംഗുകളിൽ ഇവ ഉണ്ടാകേണ്ട ആവശ്യമില്ല.

സഭായോഗത്തിൽ വ്യാപരിക്കേണ്ട മുഖ്യമായ കൃപാവരം പ്രവചനമാണ്. പഴയനിയമപ്രവചനം ഭാവിപ്രവചിക്കുക എന്നതായിരുന്നു. എന്നാൽ പുതിയ നിയമപ്രവചനം സഭയുടെ ആത്മീയവർദ്ധനയ്ക്കും പ്രബോധനത്തിനും ആശ്വാസത്തിനും വേണ്ടി ദൈവവചനം സംസാരിക്കുക എന്നതാണ്. (1 കൊരി. 14:3) എല്ലാ സഭകളിലും ഈ വരം പ്രയോഗിക്കുവാൻ കഴിവുള്ള

സഹോദരങ്ങൾ ഉണ്ടായിരിക്കണം. ഒരൊറ്റ സഭയ്ക്കുതന്നെയായി അപ്പോസ്തലന്മാരും ഉപദേഷ്ടാക്കന്മാരും സുവിശേഷകന്മാരും ഉണ്ടായിരിക്കണമെന്നു നിർബന്ധമില്ല. ഈ ശുശ്രൂഷകളുള്ള ആളുകൾ പല സഭകൾക്കായി പൊതുവിൽ പ്രവർത്തിക്കുന്നവരായി വരാം. എന്നാൽ ഓരോ സഭയ്ക്കും അത് പരിപക്വതയിലേക്കു വളരണമെങ്കിൽ പ്രവാചകന്മാരും ഇടയന്മാരും ഉണ്ടായേ തീരൂ.

പഴയകാലത്തെ പ്രവാചകന്മാർ കർത്താവിൽ നിന്നുള്ള ഒരു ഭാരം തങ്ങളുടെ ഹൃദയങ്ങളിൽ വഹിച്ചിരുന്നു. അഹരോൻ തന്റെ മാറിടത്തിലെ ഫലകത്തിൽ യിസ്രായേലിന്റെ 12 ഗോത്രങ്ങളെ പ്രതിനിധാനം ചെയ്യുന്ന 12 രത്നക്കല്ലുകൾ ധരിച്ചിരുന്നു. ഇന്ന് ദൈവവചനം സംസാരിക്കുന്നവർ ഒരമ്മ തന്റെ കുഞ്ഞുങ്ങളെ ഗർഭപാത്രത്തിൽ വഹിക്കുന്നതുപോലെ ദൈവജനങ്ങളെ തങ്ങളുടെ ഹൃദയങ്ങളിൽ വഹിക്കുന്നവരാകണം എന്നതിന്റെ ഒരു ചിഹ്നമാണിത് (ഫിലി:1:17).

സഭയുടെ മീറ്റിംഗുകളിൽ ആദ്യം സംസാരിക്കുന്നത് പ്രവചനപരമായ ഒരു വചനം നൽകുവാൻ വരം ലഭിച്ചവരായിരിക്കണം. ആ സഭയ്ക്ക് ആ സമയത്തുള്ള ആവശ്യത്തിനുതകുന്ന വിധം ദൈവത്തിൽനിന്നുള്ള ഒരു വചനം ആ ദൂതിൽ അടങ്ങിയിരിക്കുകയും വേണം. ദൈവത്തിന്റെ അരുളപ്പാടു പ്രസ്താവിക്കുന്നവരെപ്പോലെയാണ് അവർ സംസാരിക്കേണ്ടത് (1 പത്രോസ് 4:11). ഒരു മതപ്രസംഗവും പ്രവചനപരമായ ദൈവവചനവും തമ്മിൽ വിപുലമായ അന്തരമുണ്ട്. മതപ്രസംഗം ഒരു മനുഷ്യന്റെ തലച്ചോറിൽനിന്ന് ബുദ്ധിപരമായ അധ്വാനത്തിന്റെ ഫലമായി പുറത്തുവരുന്നതാണ്. എന്നാൽ പ്രവചനമെന്നത് ദൈവത്തിൽ നിന്നുള്ള ഒരു വചനമാണ്. അത് ഒരുവന്റെ ഹൃദയത്തിൽനിന്നു പുറപ്പെടുന്നു. കേൾവിക്കാരിൽ മതിപ്പുളവാക്കുവാൻ അയാൾ ശ്രമിക്കുന്നില്ല. മറിച്ച് അവരുടെ ഹൃദയരഹസ്യങ്ങൾ വെളിപ്പെടുത്തുവാനും അവരെ കർമ്മോൽസുകരാക്കുവാനും അത് ഉപകരിക്കുന്നു.

ഇപ്രകാരമുള്ള ഒരു പ്രവചനത്തോട് അനുകൂലമായി പ്രതികരിക്കുന്നവർ തങ്ങളുടെ തെറ്റുകൾ തിരുത്തും. എന്നാൽ അതുമൂലം അസ്വസ്ഥരാകുന്നവർ പ്രവാചകന്റെ നേരേ കോപിക്കും. പ്രവാചകന് ഒരിക്കലും ജനപ്രീതി ലഭിക്കയില്ല. മറിച്ച് ആളുകൾ അദ്ദേഹത്തെ വെറുക്കുകയും തെറ്റിദ്ധരിക്കുകയും പീഡിപ്പിക്കുകയും ചെയ്യും. യേശു നസറേത്തിലെ പള്ളിയിൽ പ്രസംഗിച്ചപ്പോൾ ആളുകൾ ഇടയ്ക്കുവച്ച് അദ്ദേഹത്തെ തടയുകയും വെളിയിലേക്ക് വലിച്ചിഴച്ച് കൊല്ലുവാൻ ശ്രമിക്കുകയും ചെയ്തു.

നാം പാപത്തിന്റെ ചതിയാൽ കഠിനപ്പെടാതിരിക്കേണ്ടതിന് നാൾതോറും അന്യോന്യം പ്രബോധിപ്പിക്കേണ്ടതാണെന്ന് ബൈബിൾ പറയുന്നു (എബ്രാ.3:13). അതിനാൽ സഭയിലുള്ള എല്ലാ പ്രവചനത്തിന്റെയും പ്രബോധനത്തിന്റെയും ലക്ഷ്യം ആളുകൾ തങ്ങളുടെ പാപങ്ങളാൽ വഞ്ചിക്കപ്പെടാതെ അവരെ രക്ഷിക്കുക എന്നതാണ്. പ്രവചനം അവരുടെ ഹൃദയത്തിലുള്ള രഹസ്യപാപങ്ങളെ വെളിച്ചത്താക്കുകയും അങ്ങനെ അവർ ദൈവമുമ്പാകെ കവിണ്ണുവീണ് മാനസാന്തരപ്പെടുകയും ചെയ്യുന്നു. (1 കൊരി 14:25)

*(ശേഷം പേജ് 34 ൽ)*



*ബൈബിളിലൂടെ........*

**എബ്രായലേഖനം**

# ഉയരത്തിൽനിന്നുള്ള വീഴ്ച

**സാക് പുന്നൻ**

**മ**നപ്പൂർവ്വമായി വീണ്ടും വീണ്ടും പാപം ചെയ്തുകൊണ്ട് തന്റെ രക്ഷ നഷ്ടപ്പെടുത്തുവാൻ ഒരു വിശ്വാസിക്ക് സാദ്ധ്യമാണ്. ഉദാഹരണമായി ഒരു വ്യക്തിയോടു ക്ഷമിക്കുവാൻ ഒരു വിശ്വാസി തയ്യാറാകാതിരുന്നാൽ ദൈവം അയാളോടും ക്ഷമിക്കുകയില്ല (മത്താ. 6:15). അങ്ങനെ വന്നാൽ അയാൾ നഷ്ടപ്പെടുകയും നരകത്തിൽ അവസാനിക്കുകയും ചെയ്യും– ഒരിക്കൽ അയാൾ രക്ഷിക്കപ്പെട്ട ദൈവപൈതലായിരുന്നു എങ്കിലും. യേശുവിനെ ക്രൂശിച്ചപ്പോൾ യേശു ഇപ്രകാരം പറഞ്ഞു: “പിതാവേ, ഇവരോടു ക്ഷമിക്കേണമേ”. എന്നാൽ നിങ്ങൾ പറയുന്നു: ‘‘ഇല്ല ഞാൻ ക്ഷമിക്കുകയില്ല’’ എന്ന്. അങ്ങനെ പറയുമ്പോൾ നിങ്ങൾ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുകയാണ്. അങ്ങനെ നിങ്ങൾ പിന്മാറിപ്പോകുവാൻ ഇടയാകുന്നു. സകല മനുഷ്യരുടെയും

*നിങ്ങൾ അലസനെങ്കിൽ തന്റെ പുതിയ ഉടമ്പടിയുടെ ജീവിതത്തിലേക്ക് ഒരിക്കലും പ്രവേശിക്കുവാൻ കഴിയില്ല. നിങ്ങൾ പൂർണ്ണ സമർപ്പണമുള്ള ഒരുവനായിരിക്കണം.*



മുമ്പാകെ പരസ്യമായി ശരീരം മറയ്ക്കാൻ വസ്ത്രം പോലും നൽകാതെ കുരിശിൽ തറച്ചിട്ടതു തികെച്ചും അപമാനകരമായ ഒരു കാര്യം തന്നെയായിരുന്നു യേശുവിന്. നിങ്ങൾ പാപം ചെയ്യുമ്പോൾ യേശുവിനെ വീണ്ടും അപമാനിക്കുകയാണ് (6:6). മനഃപൂർവ്വമായ പാപങ്ങളെ നാം ആ രീതിയിൽ കാണേണ്ടിയിരിക്കുന്നു. ഇങ്ങനെ യേശുവിനെ വീണ്ടും വീണ്ടും ക്രൂശിക്കുന്ന ഒരാളെ മാനസാന്തരത്തിലേക്കു കൊണ്ടുവരിക അസാദ്ധ്യമാണ്. എന്നാൽ അവൻ സുബോധത്തിൽ വരികയും താൻ ചെയ്യുന്ന പാപത്തിന്റെ ഗൗരവം തിരിച്ചറിയുകയും താൻ വീണ്ടും യേശുവിനെ ക്രൂശിക്കുകയാണു ചെയ്യുന്നതെന്നു ഗ്രഹിക്കുകയും ചെയ്യുന്നു എങ്കിൽ അവനു മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു മടങ്ങി വരുവാൻ കഴിയും.

എബ്രായർ 6:7 ലെ സൂചന പാപം ചെയ്യുന്നവർ, തങ്ങൾ അനുഗ്രഹിക്കപ്പെടണമെന്നു മാത്രം ആഗ്രഹമുള്ളവരും ദൈവമഹത്വത്തിനായി ഫലം കായ്ക്കുവാൻ താത്പര്യമില്ലാത്തവരുമാണെന്നതാണ്. അവർ പെയ്യുന്ന മഴ കുടിക്കുന്നവരാണ്. എന്നാൽ മറ്റുള്ളവർക്ക് ഉപകാരപ്രദമായ ഫലങ്ങൾക്കു പകരം മുള്ളും പറക്കാരയും ഉത്പാദിപ്പിക്കുന്നവരുമാണ് (6:8). ദൈവം എങ്ങനെ സമ്പത്തും ആരോഗ്യവും നൽകി തന്നെ അനുഗ്രഹിക്കുമെന്ന വചനം കേൾക്കുവാൻ കഴിയുന്ന യോഗങ്ങളിൽ അവൻ സംബന്ധിക്കുന്നു. 'പാപത്തിൽ നിന്ന് എങ്ങനെ സ്വാതന്ത്ര്യം പ്രാപിക്കുവാൻ കഴിയും' എന്ന വചനം സംസാരിക്കുന്ന യോഗങ്ങളിൽ സംബന്ധിക്കുവാൻ അവന് താത്പര്യമില്ല. ദൈവം അവനെയും അനുഗ്രഹിക്കുന്നു. എന്നാൽ സ്വർഗ്ഗീയമായ അനുഗ്രഹമാരി കുടിച്ചിട്ട് അവൻ ഉത്പാദിപ്പിക്കുന്നതെന്താണ്? സ്നേഹമോ സന്തോഷമോ സമാധാനമോ ദീർഘക്ഷമയോ ദയയോ പരോപകാരമോ വിശ്വസ്തതയോ സൗമ്യതയോ ഇന്ദ്രിയജയമോ അല്ല കയ്പും ക്ഷമിക്കാത്ത മനോഭാവവും ലൈംഗിക പാപവും തന്നെ. അവൻ ദൈവകൃപയെ ഉപയോഗപ്പെടുത്തുകയും മാനസാന്തരപ്പെടാതിരിക്കുകയും ചെയ്യുന്നു. ഇതു തികെച്ചും അപകടകരമായ വഴിയാണ്.

പഴയ ഉടമ്പടിയിലെ അനുഗ്രഹങ്ങളെക്കാൾ ഉന്നതമാണ് പുതിയ ഉടമ്പടിയുടെ അനുഗ്രഹങ്ങൾ. പുതിയ ഉടമ്പടിയിൽ നിന്നു വീഴുന്ന വീഴ്ചയും വളരെ വലുതായിരിക്കും. മൂന്നുമീറ്റർ ഉയരത്തിൽ നിന്നു നിങ്ങൾ വീണാൽ നിങ്ങൾക്കു പരുക്കു പറ്റും. പക്ഷേ നിങ്ങൾക്കു ജീവഹാനി വരികയില്ല. എന്നാൽ നിങ്ങളുടെ വീഴ്ച മുന്നൂറു മീറ്റർ ഉയരത്തിൽ നിന്നാണെങ്കിൽ അതു തീർച്ചയായും നിങ്ങളുടെ അവസാനമായിരിക്കും. പഴയ ഉടമ്പടിയിലെ ആളുകളായിരുന്ന ദാവീദും മറ്റും വ്യഭിചാരത്തിൽ വീണപ്പോൾ അതൊരു മൂന്നു മീറ്റർ ഉയരത്തിൽ നിന്നുള്ള വീഴ്ചയായിരുന്നു. അതു ഹാനികരമായിരുന്നെങ്കിലും ഗുരുതരമായിരുന്നില്ല. കാരണം ദാവീദിൽ ദൈവം വലിയ പ്രവൃത്തി ഒന്നും ചെയ്തിരുന്നില്ല. എന്നാൽ ക്രിസ്തുവും പരിശുദ്ധാത്മാവും നമ്മെ സ്വർഗ്ഗത്തിലേക്ക് ഉയർത്തിയിരിക്കുന്നു. അവിടെ നിന്നു നാം വീഴുമ്പോൾ അതു ആത്മീയ മരണത്തിന്നിടയാക്കും.

ഒരു കഴുതയ്ക്ക് വലിയ

യിസ്രായേൽ മക്കളുടെ അനുസരണക്കേട് ഒൻപതു പ്രാവശ്യം ദൈവം ക്ഷമിച്ചു. പത്താം പ്രാവശ്യം അത് ആവർത്തിച്ചപ്പോൾ അവർ കനാനിൽ പ്രവേശിക്കേണ്ടെന്നു ദൈവം തീരുമാനിച്ചു. എന്നാൽ അവരുടെ നായകനായിരുന്ന മോശെയ്ക്ക് ഒരു പ്രാവശ്യം പോലും ദൈവം ഇളവനുവദിച്ചില്ല. ഒരു ഒറ്റപ്രാവശ്യത്തെ അനുസരണക്കേടു മതിയായിരുന്നു മോശെയുടെ കനാൽ പ്രവേശനം നിരസിക്കപ്പെടാൻ. എന്താണു വ്യത്യാസം? അധികം നൽകുന്നവനോടു ദൈവം അധികം ചോദിക്കും.

ഔന്നത്യം പ്രാപിക്കാൻ കഴിയില്ല. അതു കൊണ്ടുതന്നെ അതിനു വലിയ ഉയരത്തിൽ നിന്നു വീഴാനും കഴിയില്ല. അതുപോലെ ഒരു കഴുതയ്ക്ക് ഒരിക്കലും സാത്താനാകുവാൻ കഴിയില്ല. ദൈവത്തിന്റെ ഉന്നത സൃഷ്ടിയായ ദൂതനു മാത്രമേ സാത്താനാകുവാൻ കഴിഞ്ഞുള്ളൂ. ദൈവം നമ്മിൽ ചെയ്യുന്ന പ്രവൃത്തിയുടെ ഔന്നത്യം എത്രയായിരിക്കുമോ അതിനനുസൃതമായിരിക്കും നമ്മുടെ വീഴ്ചയുടെ ആഘാതവും.

യിസ്രായേൽ മക്കളുടെ അനുസരണക്കേട് ഒൻപതു പ്രാവശ്യം ദൈവം ക്ഷമിച്ചു. പത്താം പ്രാവശ്യം അത് ആവർത്തിച്ചപ്പോൾ അവർ കനാനിൽ പ്രവേശിക്കേണ്ടെന്നു ദൈവം തീരുമാനിച്ചു (സംഖ്യാ. 14:22, 23). എന്നാൽ അവരുടെ നായകനായിരുന്ന മോശെയ്ക്ക് ഒരു പ്രാവശ്യം പോലും ദൈവം ഇളവനുവദിച്ചില്ല. ഒരു ഒറ്റപ്രാവശ്യത്തെ അനുസരണക്കേടു മതിയായിരുന്നു മോശെയുടെ കനാൽ പ്രവേശനം നിരസിക്കപ്പെടാൻ (സംഖ്യാ 20:12). എന്താണു വ്യത്യാസം? അധികം നൽകുന്നവനോടു ദൈവം അധികം ചോദിക്കും.

അതുകൊണ്ട് ഈ പുതിയ ഉടമ്പടിയുടെ കാലഘട്ടത്തിൽ വ്യഭിചാരത്തിൽ വീണു പോയ ഒരു സഭാനേതാവിനെ പഴയ ഉടമ്പടിയിലെ ദാവീദിനെപ്പോലെ നേതൃസ്ഥാനത്തേക്കു കൊണ്ടു വരുന്നത് ഉചിതമല്ല. അയാൾ അനുതപിക്കുന്നു എങ്കിൽ സഭയിലേക്കു മടക്കിക്കൊണ്ടുവരാം. എന്നാൽ കൂട്ടായ്മയിൽ നേതൃസ്ഥാനം പാടില്ല. ഔന്നത്യങ്ങളിൽ നിന്നുള്ള വീഴ്ച ഗുരുതരം തന്നെ.

പഴയ ഉടമ്പടിയിൽ ആളുകൾ മോശെയെ അനുഗമിച്ചിരുന്നു. എന്നാൽ നാം അനുഗമിക്കുന്നതു യേശുവിനെയാണ്. മോശെയും യേശുവും തമ്മിൽ ആത്മീയ ഔന്നത്യത്തിൽ വലിയ അന്തരമുണ്ട്. അതു കൊണ്ടു തന്നെ യേശുവിന്റെ ശിഷ്യന്മാരുടെ വീഴ്ച അതീവ ഗുരുതരമാണ്. എന്നാൽ ഈ നിലയിൽ മുന്നറിയിപ്പ് നൽകുന്നെങ്കിലും അപ്രകാരമുള്ള ഒരു വീഴ്ച അവർക്കുണ്ടാവുകയില്ലെന്ന് എബ്രായ ലേഖനകാരൻ വിശ്വസിക്കുന്നു (6:9).

ഇത്രയും ഗൗരവമുള്ള മുന്നറിയിപ്പുകൾ നൽകിയ ശേഷവും ആശ്വാസത്തിന്റെ ചില വാക്കുകൾകൂടി എബ്രായലേഖനകാരൻ കൂട്ടിച്ചേർക്കുന്നു. "സഹവിശ്വാസികളെ കരുതുന്നതിൽ നിങ്ങൾ കാണിച്ച സ്നേഹവും നിങ്ങളുടെ പ്രവൃ

ത്തിയും മറന്നു കളയുവാൻ തക്ക വണ്ണം ദൈവം അനീതിയുള്ളവ നല്ല". തന്റെ നാമത്തിൽ ഒരു പാന പാത്രം വെള്ളം കുടിക്കുവാൻ കൊടുക്കുന്നവനുപോലും പ്രതി ഫലം നൽകുമെന്ന് യേശു പറഞ്ഞി ട്ടുണ്ടല്ലോ. "എന്നാൽ നിങ്ങളിൽ ഓരോരുത്തരും പ്രത്യാശയുടെ പൂർണ്ണ നിശ്ചയം പ്രാപിപ്പാൻ അവ സാനത്തോളം ഒരുപോലെ ഉത്സാഹം കാണിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു" (6:11) എന്നു ലേഖകൻ തുടരുന്നു. അവൻ അലസത വെടിഞ്ഞ് അവസാന ത്തോളം ഉത്സാഹത്തോടെ നിൽക്ക ണമെന്ന് അദ്ദേഹം അവരെ പ്രബോ ധിപ്പിക്കുന്നു. ക്രിസ്തീയ ജീവിത ത്തിൽ അലസതയ്ക്ക് സ്ഥാനമില്ല. നിങ്ങൾക്കു 90 വയസ്സ് ഉണ്ടായിരു ന്നാലും ഓട്ടം മുമ്പോട്ടു തന്നെ. ഒരു ദിവസം പോലും കളയാതെ. എ.ബി. സിംപ്സന്റെ ഈ കവിത എന്നെ നിരന്തരം വെല്ലുവിളിക്കുന്ന ഒന്നാണ്.

"നിസ്സാരതകൾക്കു നേരമില്ലെൻ ജീവിതത്തിൽ

അല്ലല്ലിതെൻ നാഥൻ നടന്നു പോയതാം പാത.

ഊർജ്ജസ്വലതയോടെ കഠിനാ ദ്ധ്വാനം നാഴികതോറും

എല്ലായ്പ്പോഴുമെല്ലാം ദൈവത്തി ന്നായ്.

ഞൊടിയിടയ്ക്കുള്ളിൽ കടന്നു പോകുന്നു കാലവും.

നിത്യതയിതായെത്തിയെൻ മുന്നിൽ

അടിഞ്ഞിടുമെന്റെ പൊടിയുമീ മണ്ണിൽ

പിന്നെങ്ങനെ വരും ധൈര്യമെ നിക്കീ ജീവിതം

പാഴാക്കാൻ

ദൈവത്തിനല്ലാതെ ചെയ്വാനെ ന്തെങ്കിലും എപ്പോഴെങ്കിലും".

യേശുവിന്റെ ജീവിതത്തിന്റെ ഓരോ ദിവസവും തന്റെ ഊർജ്ജ ത്തിന്റെ ഓരോ തുള്ളിയും 100 ശത മാനവും തന്റെ പിതാവിനു വേണ്ടി അർപ്പിച്ചിരുന്നു. നമ്മുടെ ജീവിതവും അങ്ങനെ തന്നെ ആയിരിക്കണം. നിങ്ങൾ അലസനെങ്കിൽ തന്റെ പുതിയ ഉടമ്പടിയുടെ ജീവിതത്തി ലേക്ക് ഒരിക്കലും പ്രവേശിക്കുവാൻ കഴിയില്ല. നിങ്ങൾ പൂർണ്ണ സമർപ്പണമുള്ള ഒരു മൗലികവാദി യായിരിക്കണം. ലോക മനുഷ്യർക്കു താത്പര്യവുള്ള പലതും നിങ്ങൾക്കു പരിത്യജിക്കേണ്ടി വരും. നിത്യമായ മൂല്യങ്ങളുള്ള കാര്യങ്ങളിലേക്കു ശ്രദ്ധ കേന്ദ്രീകരിക്കേണ്ടി വരും. നിങ്ങൾ ഒരു വിനോദയാത്ര പോകുന്നതോ നല്ല ഒരു വിനോദ പരിപാടിയിൽ പങ്കെടുക്കുന്നതോ

**നിങ്ങൾ ഒരു വിനോദയാത്ര പോകുന്നതു തെറ്റാണെന്നല്ല. എന്നാൽ നിങ്ങളുടെ വിശ്രമവേ ളകൾപോലും ആനുപാതികമാ യിരിക്കുവാൻ ശ്രദ്ധിക്കേണ്ടതു ണ്ട്. അധികം ക്രിസ്ത്യാനികളും വചനപഠനത്തിനു സമയം നൽകാത്തവരാണ്. തിരക്കാണ് അവർക്കു കാരണം പറയാനു ള്ളത്. എന്നാൽ ആവശ്യമെ ങ്കിൽ സമയം കണ്ടെത്തുവാൻ കഴിയും. "അങ്ങനെ നിങ്ങൾ അലസതയുള്ളവരാകാതെ വിശ്വാസത്താലും ദീർഘ ക്ഷമയാലും വാഗ്ദത്തങ്ങളെ അവകാശമാക്കുന്നവരുടെ അനുകാരികൾ ആയിത്തീരും."**

> തന്റെ ദർശനം നിവർത്തിക്കുവാൻ തക്കവണ്ണം ദൈവം അബ്രഹാമിന് ഒരു മകനെ നൽകി. ദൈവം നമ്മെ അനുഗ്രഹിക്കുമ്പോൾ നമ്മുടെ ദർശനവും എരിവും ഉള്ള സഹോദരന്മാരെ നമുക്കു നൽകും- നമ്മുടെ ലക്ഷ്യങ്ങളും ആഗ്രഹങ്ങളും ഉള്ള സഹോദരന്മാരെ. ദൈവം നിങ്ങളെ അനുഗ്രഹിച്ചു എന്നു പറയുകയും നിങ്ങളെപ്പോലെ ഒരാളെ എങ്കിലും മാറ്റിയെടുക്കുവാൻ നിങ്ങൾക്കു കഴിയാതിരിക്കയും ചെയ്യുന്നു എങ്കിൽ എന്തോ തകരാറുണ്ട്. ദൈവത്തിന്റെ ഇഷ്ടം നമ്മുടെ ദർശനവും എരിവുമുള്ള ആത്മീയമക്കൾ നമുക്കുണ്ടാകണമെന്നതാണ്.

തെറ്റാണെന്ന അർത്ഥത്തിലല്ല. എന്നാൽ നിങ്ങളുടെ വിശ്രമവേളകൾപോലും ആനുപാതികമായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

അധികം ക്രിസ്ത്യാനികളും വചനപഠനത്തിനു സമയം നൽകാത്തവരാണ്. തിരക്കാണ് അവർ കാരണം പറയാനുള്ളത്. എന്നാൽ ആവശ്യമെങ്കിൽ സമയം കണ്ടെത്തുവാൻ കഴിയും. "അങ്ങനെ നിങ്ങൾ അലസതയുള്ളവരാകാതെ വിശ്വാസത്താലും ദീർഘക്ഷമയാലും വാഗ്ദത്തങ്ങളെ അവകാശമാക്കുന്നവരുടെ അനുകാരികൾ ആയിത്തീരും." (6:12)

**യേശു നമ്മുടെ മഹാപുരോഹിതൻ**

പുതിയ ഉടമ്പടിയിൽ വിശ്വാസവും ക്ഷമയും എപ്പോഴും ചേർന്നു വരുന്ന പദങ്ങളാണ്. 75-ാം വയസ്സിൽ ദൈവം അബ്രഹാമിന് ഒരു സന്തതിയെക്കുറിച്ചു വാഗ്ദാനം നൽകിയപ്പോൾ ആ മകനെ ലഭിക്കുവാൻ 25 വർഷം കാത്തിരിക്കേണ്ടി വന്നു. അവൻ ദീർഘക്ഷമയോടെ കാത്തിരുന്നു വാഗ്ദത്തം പ്രാപിച്ചു (6:15)

"ഞാൻ നിന്നെ അനുഗ്രഹിക്കും. ഞാൻ നിന്നെ വർദ്ധിപ്പിക്കും (6:14)" എന്നു ദൈവം അബ്രഹാമിനോടു അരുളിച്ചെയ്തു. പഴയ ഉടമ്പടിയിൽ ദൈവം ഒരു മനുഷ്യനെ അനുഗ്രഹിക്കുമ്പോൾ അവനു മക്കളെ നൽകുമായിരുന്നു."ഞാൻ നിന്നെ അനുഗ്രഹിക്കും. ഞാൻ നിന്നെ വർദ്ധിപ്പിക്കും" എന്നത് "ഞാൻ നിന്നെ അനുഗ്രഹിക്കും എന്നാൽ നിനക്കു മക്കളുണ്ടാവുകയില്ല" എന്നായിരുന്നു ദൈവം പറഞ്ഞിരുന്നതെങ്കിൽ അബ്രഹാം തീർത്തും നിരാശപ്പെട്ടു പോകുമായിരുന്നു. ഇന്നു ദൈവം എന്നോട് "ഞാൻ നിന്നെ അനുഗ്രഹിക്കും. എന്നാൽ ഞാൻ നിനക്ക് ആത്മീയ മക്കളെ നൽകുകയില്ല" എന്നു പറഞ്ഞാൽ ഞാനും നിരാശനായിപ്പോകും. ദൈവം അബ്രഹാമിനെ നിരാശനാക്കാത്തതുപോലെ നമ്മെയും നിരാശരാക്കുകയില്ല.

തന്റെ ദർശനം നിവർത്തിക്കുവാൻ തക്കവണ്ണം ദൈവം അബ്രഹാമിന് ഒരു മകനെ നൽകി. ദൈവം നമ്മെ അനുഗ്രഹിക്കുമ്പോൾ നമ്മുടെ ദർശനവും എരിവും ഉള്ള സഹോദരന്മാരെ നമുക്കു നൽകും- നമ്മുടെ ലക്ഷ്യങ്ങളും ആഗ്രഹങ്ങളും ഉള്ള സഹോദരന്മാരെ. അത്തരം 11 ശിഷ്യന്മാർ യേശുവിനുണ്ടായിരുന്നു. ദൈവം നിങ്ങളെ അനുഗ്രഹിച്ചു എന്നു പറയുകയും നിങ്ങ

ളെപ്പോലെ ഒരാളെ എങ്കിലും മാറ്റിയെടുക്കുവാൻ നിങ്ങൾക്കു കഴിയാതിരിക്കയും ചെയ്യുന്നു എങ്കിൽ എന്തോ തകരാറുണ്ട്. ദൈവത്തിന്റെ ഇഷ്ടം നമ്മുടെ ദർശനവും എരിവുമുള്ള ആത്മീയമക്കൾ നമുക്കുണ്ടാകണമെന്നതാണ്.

ജഡപ്രകാരമുള്ള നമ്മുടെ മക്കളെ നോക്കി ആളുകൾ ഇങ്ങനെ പറയും. 'അവൻ അവന്റെ പിതാവിനെപ്പോലെ തന്നെ. അതേ നിറം, അതേ കണ്ണ്, അതേ മൂക്ക്, അതേ മുഖം.... " നമ്മുടെ ആത്മീയ മക്കളും അതുപോലെ നമ്മുടെ എരിവും നമ്മുടെ ലക്ഷ്യങ്ങളും ആഗ്രഹങ്ങളും ഉള്ളവരായിരിക്കും. നമ്മുടെ പ്രാദേശിക സഭയെ സംബന്ധിച്ചും നമ്മുടെ ആഗ്രഹം അതാണ്. ദൈവം നമ്മെ അനുഗ്രഹിക്കുമ്പോൾ അവിടുന്നു നമ്മെ വർദ്ധിപ്പിക്കും. അബ്രഹാമിനെപ്പോലെ നാം അതിനു വേണ്ടി ക്ഷമയോടെ കാത്തിരിക്കേണ്ടതായിട്ടുണ്ട്. അബ്രഹാം വിശ്വാസത്തോടെ കാത്തിരുന്നു വാഗ്ദാനം പ്രാപിച്ചു. അപ്രകാരം തന്നെ നാമും പ്രാപിക്കും.

മാറ്റമില്ലാത്ത രണ്ടു കാര്യങ്ങൾ ദൈവം നമുക്കു നൽകി- അവിടുത്തെ വചനവും ആണയും (6:16-18). ഇവ രണ്ടിനാലുമാണ് നമ്മുടെ ആത്മാവിന്റെ നങ്കൂരമായിരിക്കുന്ന പ്രത്യാശയെ നാം മുറുകെ പിടിക്കുന്നത്. എന്താണാ പ്രത്യാശ? അധികം ക്രിസ്ത്യാനികളും പറയുക കർത്താവിന്റെ രണ്ടാം വരവാണ് തങ്ങളുടെ പ്രത്യാശയെന്നാണ്. എന്നാൽ അതു നമ്മുടെ പ്രത്യാശയുടെ ഒരു പകുതിമാത്രമാണ്. 1 യോഹ. 3:2 പറയുന്നു. "അവൻ വരുമ്പോൾ നാം അവനോടു സദൃശന്മാരാകും." ഇതാണ് നമ്മുടെ പ്രത്യാശയുടെ പൂർണ്ണ രൂപം. ഇതിനു രണ്ടു ഭാഗങ്ങളുണ്ട്. അവൻ വരും എന്നത് ആദ്യഭാഗം. നാം അവനോടു സദൃശന്മാരാകും എന്നത് രണ്ടാം ഭാഗം. അടുത്ത വാക്യത്തിൽ (1 യോഹ. 3:3) തുടർന്നു പറയുന്നു: "അവനിൽ ഈ പ്രത്യാശയുള്ളവൻ അവൻ നിർമ്മലനായിരിക്കുന്നതുപോലെ സ്വയം നിർമ്മലീകരിക്കുന്നു." ഈ ഇരുതല പ്രത്യാശയാണ് നമ്മുടെ "ആത്മാവിന്റെ നിശ്ചയവും സ്ഥിരവുമായ നങ്കൂരം." (6:19)

ഒരു കപ്പലിനു നങ്കൂരമിട്ടു കഴിഞ്ഞാൽ പിന്നെ ചലിക്കുവാൻ സാധിക്കുകയില്ല. നേരത്തെ രണ്ടാം അദ്ധ്യായത്തിൽ വല്ലപ്പോഴും ഒഴുകിപ്പോകുന്നതിനെക്കുറിച്ചു നാം കണ്ടു. ഒഴുകിപ്പോകാതിരിക്കുവാനുള്ള വഴി ഈ നങ്കൂരമിടുക എന്നതാണ് - നാം ഒരു ദിവസം യേശുവിനോടു സദൃശന്മാരായിത്തീരും എന്ന ഈ പ്രത്യാശയുടെ നങ്കൂരം. നിങ്ങൾക്കു മറ്റെന്തെങ്കിലും ലക്ഷ്യമാണു ജീവിതത്തിൽ ഉള്ളതെങ്കിൽ-പ്രശസ്തനായ ഒരു പ്രഭാഷകനോ, ധനികനോ ആകണമെന്ന്-നിങ്ങൾ ഒഴുകിപ്പോകുവാൻ സാധ്യതയുണ്ട്. നിങ്ങൾ കുഞ്ഞുങ്ങളെ ശുശ്രൂഷിച്ചു വീട്ടിൽ കഴിയുന്ന ഒരു വീട്ടമ്മയായിരിക്കാം. അനേകരെ ലോകമെമ്പാടും ക്രിസ്തുവിലേക്കു കൊണ്ടുവരുന്ന ഒരു സുവിശേഷകൻ ആയിരിക്കാം. എന്നാൽ രണ്ടുകൂട്ടർക്കും നങ്കൂരം ഒന്നു തന്നെയാണ്- യേശുവിനെപ്പോലെ ആയിത്തീരും എന്ന പ്രത്യാശ. ദൈവത്തിനു ഒരാളെക്കാൾ വലുതല്ല മറ്റെയാൾ.

(തുടരും)

മൊഴിമാറ്റം: **ബോബി ചെറിയാൻ**

❖

അമേൻ്റ സ്മിത്തിൻ്റെ അനുഭവങ്ങൾ–I

# അടിമത്വത്തിൽ നിന്ന് അമേൻ്റയ്ക്ക് സ്വാതന്ത്ര്യം

**അ**മേരിക്കയിൽ പത്തൊൻപതാം നൂറ്റാണ്ടിൻ്റെ അന്ത്യത്തിൽ അനുഗൃഹീതമായ നിലയിൽ ദൈവം ഉപയോഗിച്ച ദൈവഭൃത്യയായിരുന്നു അമേൻ്റ സ്മിത്ത്. കറുത്തവർഗക്കാരി. ഒരു അടിമയായി ജീവിതം ആരംഭിച്ചവൾ. പക്ഷേ ദൈവത്തിനായി ജീവിതം സമർപ്പിച്ചു കഴിഞ്ഞപ്പോൾ അമേൻ്റയുടെ അനുഭവങ്ങൾ ആയിരങ്ങൾക്കു പ്രചോദനമായി.

അമേൻ്റ സ്മിത്തിൻ്റെ അനുഭവങ്ങളിലൂടെ.....

**അ**മേൻ്റയ്ക്ക് ജനിച്ച മക്കളിൽ ഏറ്റവും മിടുക്കനായി അവൾ കരുതിയ മകനാണ് 'വിൽ'. അഞ്ചുമാസം മാത്രം പ്രായമുണ്ടായിരുന്ന അവനും ഇതാ മരിച്ചു കഴിഞ്ഞിരിക്കുന്നു! അവൾ അവൻ്റെ ശരീരം കുളിപ്പിച്ച് മുറിയിൽ കിടത്തി.

അകലെ താമസിക്കുന്ന ഭർത്താവിനെ വിളിച്ചുകൊണ്ടുവരാൻ അമേൻ്റ ഒരാളെ പറഞ്ഞയച്ചു. അമേൻ്റയുടെ പക്കൽ രണ്ടു ഡോളർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. സുഹൃത്തുക്കളായ ചിലരോട് വീട്ടിൽ വരാമോ എന്ന് അവൾ തിരക്കി. 'തിരക്കിലായതിനാൽ വരാൻ കഴിയില്ല' എന്നവർ അറിയിച്ചു. ജോലിഭാരവും അസുഖവും കാരണം അമേൻ്റ ക്ഷീണിതയായിരുന്നു. അവൾക്ക് കരച്ചിൽ വന്നു. "കർത്താവേ! സഹായിക്കണേ!" എന്നവൾ വിങ്ങിപ്പൊട്ടി. സുഖമില്ലാത്തതിനാൽ വരാൻ കഴിയില്ലെന്നും ശവസംസ്കാരത്തിന് ആവശ്യമായ പണവും തൻ്റെ പക്കൽ ഇല്ലെന്നും അമേൻ്റയുടെ ഭർത്താവ് അറിയിച്ചു. ആരെങ്കിലും കുഞ്ഞിൻ്റെ ശരീരം മറവു ചെയ്യാൻ ആവശ്യമായ പണം തന്നു സഹായിക്കണമല്ലോ എന്നു ചിന്തിച്ച് പണം തേടി അവൾ വീട്ടിൽ നിന്നു പുറത്തേയ്ക്ക് പോയി. പലരെ കണ്ടു. ഒടുവിൽ അമേൻ്റയുടെ സുഹൃത്തായ നാൻസി തോംസൺ മകൻ മരിച്ച വിവരമറിഞ്ഞ് അവൾക്ക് ഇരുപതു ഡോളർ കൊടുത്തു. അമേൻ്റ അവിടെ ദൈവത്തിൻ്റെ കരങ്ങൾ കണ്ടു. അവൾ കരഞ്ഞു. പിറ്റേദിവസത്തെ ശവസംസ്കാരത്തിന് അവൾ കരാറുകാരെ ഏർപ്പാടാക്കി. അവരോട് കുറവുള്ള പണത്തിൻ്റെ കാര്യം അമേൻ്റ തുറന്നു പറഞ്ഞു. കരാറുകാർ അവളോട് ദയയോടെ പെരുമാറി.

പിറ്റേദിവസം ശവസംസ്കാരത്തിനു മുമ്പ് അവൾ ഭർത്താവു വരുന്നതും കാത്തിരുന്നു. അദ്ദേഹം വരുമെന്നു തന്നെ പ്രതീക്ഷിച്ചു. എങ്കിലും വന്നില്ല. ഒടുവിൽ സമയം വൈകുന്നതുകൊണ്ട് ഒട്ടും താമസിയാതെ ശവസംസ്കാരം നടത്തണമെന്ന് എല്ലാവരും ആവശ്യപ്പെട്ടു.

മൃതദേഹവുമായി സെമിത്തേരിയിൽ എത്തിയത് ഗേറ്റ് അടയ്ക്കുന്നതിന് തൊട്ടുമുമ്പായിരുന്നു. അമേന്റ ദൈവത്തോടു നന്ദി പറഞ്ഞു. അല്പം വൈകിയിരുന്നെങ്കിൽ ജീവനറ്റ ശരീരവുമായി തിരിച്ചുപോരേണ്ടി വരുമായിരുന്നു...

അമേന്റ് സ്മിത്തിന്റെ ജീവിതത്തിലെ വേദനാജനകമായ ഒരു സന്ദർഭമാണ് മുകളിൽ വിവരിച്ചത്. 'ഒരു സുവിശേഷക' എന്നു മാത്രം അമേന്റ സ്മിത്തിനെ വിശേഷിപ്പിച്ചാൽ അത് അവളെക്കുറിച്ചുള്ള യഥാർത്ഥ ചിത്രമാകില്ല. അടിമകളുടെ മകളായുള്ള ജനനം, പരിമിത വിദ്യാഭ്യാസം, ദാരിദ്ര്യം, ജോലിഭാരം, പരാജയപ്പെട്ട വിവാഹജീവിതം, മക്കളുടെ മരണം, വിധവയുടെ നിസ്സഹായത, കറുത്തവളായതിനുള്ള അവഹേളനങ്ങൾ..... ഇങ്ങനെ നീണ്ടുപോകുന്നു അവൾ നേരിട്ട പരിശോധനകളുടെ പട്ടിക. ഇങ്ങനെയുള്ള വെല്ലുവിളികളെ എങ്ങനെ ഒരു സ്ത്രീക്ക് അതിജീവിക്കാൻ കഴിയും? അതിനുള്ള ഉത്തരത്തിലേക്ക് നമ്മെ നയിക്കുന്നതാണ് അവൾ തന്റെ ആത്മകഥയ്ക്ക് നൽകിയ പേര്-'അമേന്റ സ്മിത്തിനോടുള്ള കർത്താവിന്റെ ഇടപെടലുകൾ'. അവൾ ഒരു കൊച്ചുകുട്ടിയെപ്പോലെ എല്ലാറ്റിനും ദൈവത്തിൽ ആശ്രയിച്ചു. പരിശോധനകളെ തരണം ചെയ്യേണ്ടതിനായി പരിശുദ്ധാത്മ ശക്തിക്കായി വാഞ്ഛിച്ചു. അവൾ പരിശുദ്ധാത്മാവിന്റെ ശബ്ദം അനുസരിച്ചു. അതിനാൽ അവളുടെ ജീവിതം അനേകർക്കു പ്രയോജനമുള്ളതായി തീർന്നു. ഇന്നും അനേകർക്ക് അവളുടെ ജീവിതം പ്രചോദനമാകുന്നു.

പത്തൊൻപതാം നൂറ്റാണ്ടിലെ അസാധാരണയായ ഒരു സുവിശേഷകയായിരുന്നു അമേന്റ സ്മിത്ത്. അവളുടെ സമർപ്പണവും നിസ്വാർത്ഥമായ സേവനവും അമേരിക്കയിലെ മാത്രമല്ല മറ്റ് രാജ്യങ്ങളിലെയും അനേകമാളുകളെ സ്വാധീനിച്ചു. അവൾ മരിച്ചുവെങ്കിലും അനേകരുടെ ഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്നു.

അമേരിക്കയിലെ ഒരു ചെറു പട്ടണമായ ബാൽടിമോറിലാണ് 1837 ൽ അമേന്റ സ്മിത്ത് ജനിച്ചത്. മാതാപിതാക്കളുടെ പതിമൂന്നു മക്കളിൽ ഏറ്റവും മൂത്തമകളായിരുന്നു അമേന്റ. പിതാവായ സാമുവൽ ഒരടിമയായി ജോലിചെയ്തുവന്നു. സാമുവലിന്റെ യജമാനൻ അകാലത്തിൽ മരണമടഞ്ഞപ്പോൾ പിന്നീട് യജമാനന്റെ ഭാര്യയ്ക്ക് ആശ്രയം സാമുവൽ മാത്രമായി. സാമുവൽ തികച്ചും വിശ്വസ്തനായ ഒരു അടിമയായിരുന്നു എന്നതാണ് എടുത്തു പറയേണ്ട ഒരു കാര്യം. ആ വീട്ടിൽ അടിമയായി സാമുവൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നതും അദ്ദേഹത്തിന് ഗുണകരമായി. തന്റെ അത്യന്തം വിശ്വസ്തനായ അടിമയ്ക്ക് വിലകൊടുത്ത് സ്വതന്ത്രനാകുവാനുള്ള ഒരു അവസരം യജമാനത്തി നൽകി. എത്ര ബുദ്ധിമുട്ടിയാലും കിട്ടിയ അവസരത്തിൽ മോചനം നേടാനായി സാമുവലും പരിശ്രമിച്ചു. പകൽ മുഴുവനും അദ്ദേഹം അടിമയ്ക്കു നിയോഗിക്കപ്പെട്ട ജോലി ചെയ്തു. രാത്രികളിൽ ചന്തയിൽ വിൽക്കാനുള്ള സാധനങ്ങൾ ഉണ്ടാക്കി. അവ വിൽക്കാനായി ആഴ്ചയിലൊരിക്കൽ ഇരുപതു മൈലുകൾ ദൂരെയുള്ള ചന്തയിലേക്ക് യാത്ര ചെയ്തു. വിളവെടുപ്പു കാലത്ത് ഒന്നോ രണ്ടോ മണിക്കൂർ

**യജമാനത്തിയുടെ മാനസാന്തരത്തിൽ മര്യാം അതീവ സന്തുഷ്ടയായി. മര്യാമും രണ്ട് വർഷങ്ങൾക്കു മുമ്പ് മാനസാന്തരപ്പെട്ടിരുന്നു. മാനസാന്തര ശേഷം ഇരുവരും വലിയ സുഹൃത്തുക്കളായി മാറി. പക്ഷേ അധികം കഴിയും മുമ്പേ മര്യാമിന്റെ യജമാനത്തി രോഗിണിയായി മരിച്ചു. എന്നാൽ മരണത്തിനു മുമ്പ് അവർ തന്റെ വീട്ടുകാരെക്കൊണ്ട് ഒരു പ്രതിജ്ഞ ചെയ്യിച്ചു. അടിമകളായ മര്യാമിനെയും മക്കളെയും സ്വതന്ത്രരാക്കി അവരുടെ ഭർത്താവായ സാമുവലിന് നൽകാമെന്നായിരുന്നു ആ പ്രതിജ്ഞ.**

മാത്രം ഉറങ്ങി ബാക്കി സമയം മുഴുവനും വിമോചനത്തിന് ആവശ്യമായ പണം ഉണ്ടാക്കാനായി അദ്ദേഹം ജോലി ചെയ്തു.

അമേന്റയുടെ മാതാവായ മര്യാം മറ്റൊരു വീട്ടിലെ അടിമയായിരുന്നു. മര്യാമിന്റെ യജമാനത്തിയായ യുവതിക്ക് ഉണ്ടായ അപ്രതീക്ഷിതമായ മാനസാന്തരമാണ് മര്യാമിന്റെ മോചനത്തിന് വഴിതെളിച്ചത്. അവർ സുഹൃത്തുക്കളോടൊപ്പം മെത്തഡിസ്റ്റുകാരുടെ ഒരു ഉണർവ് യോഗത്തിൽ സംബന്ധിച്ചു. ഒരു ഉല്ലാസയാത്രയെന്ന ഉദ്ദേശ്യം മാത്രമേ യുവതികളായ അവരുടെ ഈ യാത്രയ്ക്ക് ലക്ഷ്യമായുണ്ടായിരുന്നുള്ളൂ. എന്നാൽ ഉണർവ് യോഗത്തിലെ ശുശ്രൂഷകൻ പരിശുദ്ധാത്മനിറവിലും ശക്തിയിലും പ്രസംഗിച്ചപ്പോൾ മര്യാമിന്റെ യജമാനത്തിക്കു പാപബോധമുണ്ടായി. അവർ മാനസാന്തരപ്പെട്ട് ജീവിതം ദൈവത്തിനായി സമർപ്പിച്ചു.

യജമാനത്തിയുടെ മാനസാന്തരത്തിൽ മര്യാം അതീവ സന്തുഷ്ടയായി. മര്യാമും രണ്ട് വർഷങ്ങൾക്കു മുമ്പ് മാനസാന്തരപ്പെട്ടിരുന്നു. മാനസാന്തര ശേഷം ഇരുവരും വലിയ സുഹൃത്തുക്കളായി മാറി. പ്രാർത്ഥിക്കാൻ അവസരമുണ്ടായപ്പോഴെല്ലാം യുവതിയായ യജമാനത്തി മര്യാമിന്റെ സഹായം തേടി. പക്ഷേ അധികം കഴിയും മുമ്പേ മര്യാമിന്റെ യജമാനത്തി രോഗിണിയായി മരിച്ചു. എന്നാൽ മരണത്തിനു മുമ്പ് അവർ തന്റെ വീട്ടുകാരെക്കൊണ്ട് ഒരു കാര്യം ചെയ്യാനായി പ്രതിജ്ഞ ചെയ്യിച്ചു. അടിമകളായ മര്യാമിനെയും മക്കളെയും സ്വതന്ത്രരാക്കി അവരുടെ ഭർത്താവായ സാമുവലിന് നൽകാമെന്നായിരുന്നു ആ പ്രതിജ്ഞ.

ഇവയെല്ലാറ്റിലും ഉപരി സാമുവലിന്റെയും മര്യാമിന്റെയും മക്കളുടെയും മോചനത്തിന് കാരണമായ ഒരു രഹസ്യമുണ്ട്. അമേന്റയുടെ വലിയമ്മയുടെ തീവ്രമായ ദൈവവിശ്വാസവും ദൈവത്തോടുള്ള പ്രാർത്ഥനയുമായിരുന്നു അത്. പല സന്ദർഭങ്ങളിലായി ദൈവത്തെ പരീക്ഷിച്ചറിഞ്ഞ ഒരു സ്ത്രീയായിരുന്നു അവർ. മകളുടെയും കുടുംബത്തിന്റെയും മോചനത്തിനായി അവർ നിരന്തരം ദൈവത്തോട് പ്രാർത്ഥിക്കുകയും ദൈവം അങ്ങനെ ചെയ്യുമെന്ന് അവർ വിശ്വസിക്കുകയും ചെയ്തിരുന്നു.....

അമേന്റയുടെ മാതാപിതാക്കൾക്കു സ്വാതന്ത്ര്യം ലഭിച്ചു എങ്കിലും അമേന്റ ജീവിതകാലം മുഴുവൻ ഒരു അടിമയായി കഴിച്ചുകൂട്ടേണ്ട എല്ലാ സാഹചര്യങ്ങളും ഉണ്ടായിരുന്നു. എന്നാൽ ഒരടിമയുടെ യഥാർത്ഥ ദുരിതങ്ങൾ അനുഭവിച്ചു

തുടങ്ങും മുമ്പേ ദൈവം അവളെ അത്ഭുതകരമായി വിടുവിച്ചു.

അതിനെക്കുറിച്ച് അവൾ വിശദീകരിക്കുന്നതിങ്ങനെയാണ്: "അടിമവേലയുടെ യഥാർത്ഥ ദുരിതങ്ങൾ അറിഞ്ഞുതുടങ്ങുന്നതിനു മുമ്പേ ഞാൻ ഒരു കുട്ടിയായിരുന്നപ്പോൾ തന്നെ ഞങ്ങളുടെ പിതാവ് എന്നെയും സഹോദരനെയും തിരികെ വാങ്ങിയിരുന്നു. ഞങ്ങളുടെ യജമാനസ്ത്രീ നേരത്തെ ഞങ്ങളെ നല്ലതുപോലെ നോക്കിയിരുന്നു. ഞങ്ങളെ അടിമ ചന്തയിൽ വിൽക്കുമ്പോൾ നല്ല വില കിട്ടാനായിരുന്നു ഈ കരുതൽ എന്നു കുട്ടികളായ ഞങ്ങൾക്ക് മനസ്സിലായിരുന്നില്ല.

ഞങ്ങൾ അടിമകളായി കഴിയേണ്ടിവരുമായിരുന്ന മറ്റൊരു സാഹചര്യവും ഉണ്ടായിരുന്നു. ഞങ്ങൾ അടിമവേല ചെയ്തിരുന്ന കുടുംബത്തിലെ രണ്ടു യുവതികൾ വിവാഹിതരാകാൻ നിശ്ചയിച്ചിരുന്നു. വിവാഹശേഷം എന്നെയും സഹോദരനെയും ഈ യുവതികൾക്കു സമ്മാനമായി നൽകാനും ഏറെക്കുറെ നിശ്ചയിക്കപ്പെട്ടിരുന്നു.എന്നാൽ ഈ യുവതികളെ വിവാഹം കഴിച്ചയക്കാൻ നിശ്ചയിച്ചിരുന്ന കുടുംബങ്ങളിലെ യജമാനന്മാരെയും യജമാനസ്ത്രീകളെയും കറുത്തവരായ അടിമകൾ നല്ല ആളുകളായി കണക്കാക്കിയിരുന്നില്ല. അതുകൊണ്ടാണ് ഈ യുവതികളുടെ വിവാഹത്തിന് തൊട്ട്മുൻപ് ഞങ്ങളെ പിതാവ് എങ്ങനെയും വില കൊടുത്ത് സ്വതന്ത്രരാക്കിയത്"

സ്വാതന്ത്ര്യം ലഭിച്ചതിനു ശേഷം അമേന്റയുടെ കുടുംബം ചെറിയ മനോഹരമായ ഒരു വീട്ടിൽ താമസമാക്കി. അമേന്റയുടെ മാതാപിതാക്കൾക്ക് വായിക്കാൻ അറിയാമായിരുന്നു എന്നതാണ് എടുത്തു പറയേണ്ട മറ്റൊരു കാര്യം. അടിമകളായിരുന്നവർക്ക് അന്ന് അത്ര എളുപ്പത്തിൽ സാധിക്കുമായിരുന്ന കാര്യമായിരുന്നില്ല ഇത്. എല്ലാ ഞായറാഴ്ചകളിലും അമേന്റയുടെ പിതാവായ സാമുവൽ മക്കളെയെല്ലാം വിളിച്ചിരുത്തി വേദപുസ്തകം വായിച്ചു കേൾപ്പിക്കുമായിരുന്നു. മാത്രമല്ല എല്ലായ്പ്പോഴും ഭക്ഷണം കഴിക്കുന്നതിനു മുൻപ് അദ്ദേഹം പ്രാർത്ഥിച്ചിരുന്നു. അമേന്റയുടെ മാതാവും ഭക്തയായ ഒരു സ്ത്രീയായിരുന്നു. അവർ വിശ്വസ്തയും അചഞ്ചലമായ വിശ്വാസത്തിനുടമയുമായിരുന്നു. അടിമകളായിരുന്നപ്പോൾ പ്രാർത്ഥിക്കാതെ കിടന്നുറങ്ങാൻ അവർ മക്കളെ അനുവദിച്ചിരുന്നില്ല.

അമേന്റയ്ക്ക് ആകെ ലഭിച്ചത് മൂന്നു മാസത്തെ സ്കൂൾ വിദ്യാഭ്യാസമായിരുന്നെങ്കിലും അവളുടെ

**അമേന്റയ്ക്ക് ആകെ ലഭിച്ചത് മൂന്നു മാസത്തെ സ്കൂൾ വിദ്യാഭ്യാസമായിരുന്നെങ്കിലും അവളുടെ മാതാപിതാക്കളിൽ നിന്ന് അവൾ എഴുതാനും വായിക്കാനും പഠിച്ചു. അമേന്റയ്ക്ക് പതിമൂന്ന് വയസ്സുള്ളപ്പോഴാണ് അവൾ മിസ്സിസ് ലാറ്റിമർ എന്ന വിധവയോടൊപ്പം കുറച്ചു ദിവസങ്ങൾ താമസിച്ചത്. അവരോടൊപ്പം അമേന്റ അവിടുത്തെ മെത്തഡിസ്റ്റ് പള്ളിയിലെ യോഗത്തിനു പോയി. അവിടെവച്ച് അവൾക്ക് ആദ്യമായി മാനസാന്തരാനുഭവം ഉണ്ടായി.**

മാതാപിതാക്കളിൽ നിന്ന് അവൾ എഴുതാനും വായിക്കാനും പഠിച്ചു.

അമേന്റയ്ക്ക് പതിമൂന്ന് വയസ്സുള്ളപ്പോഴാണ് അവൾ വീട്ടിൽനിന്നും കുറച്ചകലെയുള്ള മിസ്സിസ് ലാറ്റിമർ എന്ന വിധവയോടൊപ്പം കുറച്ചു ദിവസങ്ങൾ താമസിച്ചത്. അവരോടൊപ്പം അമേന്റ അവിടുത്തെ മെത്തഡിസ്റ്റ് പള്ളിയിലെ യോഗങ്ങളിൽ സംബന്ധിച്ചു. അവിടെ വച്ച് അവൾക്ക് ആദ്യമായി ഒരു മാനസാന്തരാനുഭവം ഉണ്ടായി. എന്നിരുന്നാലും ആഴത്തിൽ വേരുകളുള്ള ഒരു യഥാർത്ഥ മാനസാന്തരമായിരുന്നില്ല അത്.

പതിനേഴു വയസ്സുള്ളപ്പോഴാണ് അമേന്റ, ചാൾസ് ടെവിൻ എന്ന യുവാവുമായി വിവാഹിതയാകാൻ തീരുമാനിച്ചത്. മകൾ വിവാഹിതയാകുന്നതിനെ പിതാവായ സാമുവൽ എതിർത്തിരുന്നില്ല എങ്കിലും അവൾക്ക് വിവാഹപ്രായമായിട്ടില്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ വാദം. അമേന്റയ്ക്കും ഇതേക്കുറിച്ച് നല്ല ബോധ്യമുണ്ടായിരുന്നെങ്കിലും മറ്റു യുവതികളെപ്പോലെ തന്നെ വിവാഹജീവിതം സ്വപ്നതുല്യമായിരിക്കുമെന്ന് അമേന്റയും ചിന്തിച്ചു. മാത്രമല്ല അവൾ വിവാഹം കഴിക്കാൻ ആഗ്രഹിച്ച യുവാവ് അവൾക്ക് ഒട്ടേറെ മോഹന വാഗ്ദാനങ്ങൾ നൽകുന്നുമുണ്ടായിരുന്നു. അവൾ സ്വാഭാവികമായും അയാൾ പറഞ്ഞതെല്ലാം അപ്പാടെ വിശ്വസിച്ചു. എന്നാൽ വിവാഹം കഴിഞ്ഞ് അധികനാൾ കഴിയുംമുമ്പേ അവൾ ഇങ്ങനെ ചിന്തിച്ചു തുടങ്ങി. 'ഈ മനുഷ്യൻ പറഞ്ഞതിൽ പകുതി പോലും ഞാൻ വിശ്വസിക്കരുതായിരുന്നു.' അയാൾ ഒരു നല്ല മനുഷ്യനായിരുന്നെങ്കിലും താൻ ക്രിസ്ത്യാനിയായിരുന്നത് അയാളുടെ മാതാവിനുവേണ്ടിയായിരുന്നു. ക്രിസ്തീയ വിശ്വാസത്തെക്കുറിച്ച് ഹൃദ്യമായി അയാൾ സംസാരിക്കുമായിരുന്നെങ്കിലും അതിനു തക്ക പ്രവൃത്തികൾ അയാളിൽ നിന്നുമുണ്ടായില്ല.

വിവാഹം കഴിഞ്ഞ് ഒരു വർഷം തികയുന്നതിന് മുൻപ് അമേന്റയ്ക്കു സാരമായ ഒരസുഖം പിടിപെട്ടു. അവൾ മരണപ്പെടുമെന്നു ഡോക്ടർമാർ വിധിയെഴുതി. എന്നാൽ ആശുപത്രികിടക്കയിൽ വച്ച് ഒരു രാത്രിയിൽ അമേന്റ ഒരു സ്വപ്നം കണ്ടു. നൂറുകണക്കിന് ആളുകൾ കൂടിയിരുന്ന ഒരു യോഗത്തിൽ അവൾ പ്രസംഗിക്കുന്ന ഒരു സ്വപ്നമായിരുന്നു അത്. ആ രാത്രിക്കു ശേഷം അമേന്റയുടെ നില മെച്ചപ്പെടാൻ തുടങ്ങി. ചില ദിവസങ്ങൾക്കുള്ളിൽ തന്നെ അവൾ എഴുന്നേറ്റിരിക്കുകയും നടക്കുകയും ചെയ്തു. പിന്നീട് അവൾക്ക് അത്ഭുതകരമായി പൂർണ്ണ സൗഖ്യം ലഭിച്ചു.

യഥാർത്ഥത്തിൽ മാനസാന്തരപ്പെടാതെ മകൾ മരിച്ചുപോയാൽ അവൾ നരകത്തിൽ പോകുമല്ലോ എന്ന് ആശങ്കപ്പെട്ട സാമുവലിന് അമേന്റയുടെ നില മെച്ചപ്പെട്ടത് വലിയൊരു ആശ്വാസമായി. അമേന്റയാകട്ടെ ഈ സംഭവത്തിനു ശേഷം പ്രാർത്ഥനയോടുകൂടെ ഒരു ക്രിസ്തീയ ജീവിതം നയിക്കാനായി തീരുമാനമെടുത്തു. ഒരു ഉദ്ദേശ്യത്തോടെയാണ് ദൈവം തന്നെ മരണത്തിൽനിന്നു രക്ഷിച്ചത് എന്ന് അവൾ ഉറച്ചു വിശ്വസിക്കുകയും ചെയ്തു.

(അടുത്ത ലക്കത്തിൽ:
പരിശോധനകളിൽ പതറാതെ)

**നോബിൾ മാത്യു**

❖

ഇത്തിരിവെട്ടം

# നമുക്കു ക്ഷമയോടെ ഓടാം

**ജോർജ്ജ് മത്തേസൺ**

"**ആ**കയാൽ നാമും സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്കു ചുറ്റം നില്ക്കുന്നതുകൊണ്ട് സകലഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക" (എബ്രായർ 12:1)

ക്ഷമയോടെ ഓടുക എന്നതു പ്രയാസകരമായ ഒരു കാര്യമാണ്. ഓട്ടം എന്ന പ്രവൃത്തിതന്നെ ക്ഷമയുടെ അഭാവത്തെ സൂചിപ്പിക്കുന്നു. ഒരു ലക്ഷ്യത്തിലേക്കു എത്താനുള്ള ബദ്ധപ്പാടിനെയാണതു കാണിക്കുന്നത്. ക്ഷമ എന്നാൽ വെറുതെ ഒരിടത്തു കിടക്കുന്നതിനോടു ചേർത്തു ചിന്തിക്കുവാനാണു നാം ശ്രമിക്കുക. 'ബലഹീനന്റെ കിടക്കയിലെ കാവൽമാലാഖ' എന്ന നിലയിലാണു നാം ക്ഷമയെ കാണുന്നത്. ബലഹീനന്റെ ക്ഷമ പ്രയാസപ്പെട്ടു നേടേണ്ട ഒന്നാണെന്ന് എനിക്കു തോന്നിയിട്ടില്ല.

എന്നാൽ നേടുവാൻ പ്രയാസകരമെന്ന് എനിക്കു തോന്നിയിട്ടുള്ള ഒന്നുണ്ട്. അതു ഓടുവാനുള്ള ക്ഷമയാണ്. ദുഃഖസമയങ്ങളിൽ കിടക്കുക, പ്രതികൂലങ്ങൾ അടിച്ചു കയറുമ്പോൾ നിശ്ശബ്ദനായിരിക്കുക മുതലായവയ്ക്കു തന്നെ നമുക്കു ശക്തി ആവശ്യമുണ്ട്. എന്നാൽ ആത്യന്തശക്തി ആവശ്യമുള്ള കാര്യങ്ങളുണ്ട്. പ്രതികൂലങ്ങളുടെ അടിയേറ്റു കൊണ്ടു പ്രവർത്തിക്കുക, ഹൃദയത്തിൽ വലിയ ഭാരങ്ങളേറ്റു വാങ്ങിക്കൊണ്ടു പ്രവർത്തിക്കുക മുതലായവ. വേദനകളുടെ ഭാണ്ഡവും പേറി ദൈനം ദിന ജോലികൾ നിർബാധം ചെയ്യുന്നതു ക്രിസ്തുതുല്യമായ കാര്യം തന്നെ.

നമ്മിൽ പലരും അനുവദിക്കപ്പെട്ടാൽ സ്വന്ത ദുഃഖങ്ങളെ താലോലിക്കുവാൻ ഇഷ്ടപ്പെടുന്നവരാണ്. എന്നാൽ കടുത്ത യാഥാർത്ഥ്യം നാം



ക്ഷമയെ പ്രയോഗത്തിലാക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നതാണ്-കിടക്കയിലായിരിക്കുമ്പോഴല്ല, നമ്മുടെ കർമ്മപഥങ്ങളിൽ. നമ്മുടെ ദുഃഖങ്ങളെ അടക്കി ഓടുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. നിഷ്ക്രിയമായ ആലസ്യങ്ങളിലല്ല, കർമ്മ നിരതമായ സേവനസരണികളിൽ-നമ്മുടെ ദൈനംദിന പ്രവൃത്തികളിൽ, മറ്റുള്ളവരുമായുള്ള ഇടപാടുകളിൽ, അന്യരുടെ സന്തോഷങ്ങളിൽ പങ്കുചേരുമ്പോൾ.

ക്ഷമയോടെ ഓടുക എന്നാൽ പ്രയാസത്തോടെ ആണെങ്കിലും ദുഃഖങ്ങളെ അടക്കി മുമ്പോട്ടു പോവുക എന്നതു തന്നെയാണ്.

മൊഴിമാറ്റം:

**ഡാനിയേൽ പി. ജോർജ്ജ്**

❖

# ശിഷ്യത്വവും സഭയും

*(പേജ് 21 ൽ നിന്ന് തുടർച്ച...)*

നാം സ്വയം വിധിക്കുകയും ഭയത്തോടും വിറയലോടും കൂടെ നമ്മുടെ രക്ഷയെ പ്രയോഗത്തിൽ വരുത്തുകയും ചെയ്താൽ (ഫിലി:2:12) കർത്താവു നമുക്കു വെളിച്ചം നൽകുകയും നമ്മെ ആദ്യം നമ്മുടെതന്നെ പാപത്തിന്റെ ചതിയിൽ നിന്നു രക്ഷിക്കയും ചെയ്യും. അപ്പോൾ നമുക്ക് അതേ വചനം മറ്റുള്ളവരോടു പ്രസംഗിക്കയും അവരെ രക്ഷിക്കയും ചെയ്യാം. നമുക്ക് ആദ്യം കുറ്റബോധം വരുത്തിയ കാര്യങ്ങൾ മാത്രമേ നാം മറ്റുള്ളവരോടു പ്രസംഗിക്കാവൂ.

എന്നിരുന്നാലും ഇവിടെ പ്രധാനമായ ഒരു മുന്നറിയിപ്പ് ആവശ്യമായിരിക്കുന്നു. ഒരു പ്രവചനസന്ദേശം കേൾക്കുന്നവർ തങ്ങൾ കേൾക്കുന്ന കാര്യം വിവേചിക്കണമെന്നു ദൈവവചനം കല്പിക്കുന്നു. (1 കൊരി: 14:29) വചനം കേട്ട തങ്ങൾ ദൈവവചനാനുസൃതമായിട്ടാണോ ജീവിക്കുന്നതെന്ന് ആദ്യം തന്നെ വിധിക്കണം. രണ്ടാമതായി അതു തങ്ങളുടെ ഹൃദയത്തോടുള്ള ദൈവത്തിന്റെ സന്ദേശമാണോ എന്നു കണ്ടെത്തണം. പ്രസംഗിക്കപ്പെടുന്ന ഓരോ വചനത്തിലും നൽകപ്പെടുന്ന ഓരോ പ്രവചനത്തിലും വ്യാഖ്യാനിക്കപ്പെടുന്ന ഓരോ അന്യഭാഷയിലും പ്രസംഗകന്റെ സ്വന്തം ചിന്തയുടെ ഒരംശം കൂടെ ഉൾക്കൊണ്ടിരിക്കുമെന്നതാണ് ഇതിന്റെ കാരണം. അതിനാൽ നാം എല്ലാം ശ്രദ്ധാപൂർവ്വം ശോധന ചെയ്യണമെന്നും നന്മയായുള്ളതിനെ മുറുകെപ്പിടിക്കണമെന്നും ദൈവം കല്പിച്ചിരിക്കുന്നു. (1 തെസ്സ: 5:21)

നമ്മുടെ ഉള്ളിൽ ദൈവം തന്നിട്ടുള്ള അഭിഷേകം നാം കേൾക്കുന്ന പ്രവചനത്തിന്റെ ഒരംശത്തിനു സാക്ഷ്യം വഹിക്കുന്നില്ലെങ്കിൽ നാം അതിനെ ത്യജിച്ചുകളയണം. നാം നമ്മെത്തന്നെ വഞ്ചിക്കാതെ സ്വയം കാത്തുകൊള്ളുവാനുള്ള ഏക മാർഗ്ഗം അതാണ്. (1 യോഹ: 2:27, 28) ഒട്ടധികം വിശ്വാസികൾ തങ്ങൾ കേട്ട പ്രവചനം ദൈവത്തിൽ നിന്നു തന്നെയോ എന്നാലോചിക്കാതെ അത് അന്ധമായി വിഴുങ്ങുകയും അതനുസരിച്ചു പ്രവർത്തിക്കയും ചെയ്തതു നിമിത്തം തങ്ങളുടെ ജീവിതത്തിൽ അവർണ്ണ്യമായ നഷ്ടം സഹിക്കേണ്ടി വന്നിട്ടുണ്ട്.

നിങ്ങൾ അഭിനന്ദിക്കുന്ന മറ്റു പ്രസംഗകരെ അനുകരിക്കുന്നതിനെക്കുറിച്ചും കൂടെ ഒരു മുന്നറിയിപ്പു തന്നുകൊള്ളട്ടെ. അത്തരം അനുകരണം ബോധപൂർവ്വം ചെയ്യുന്നതല്ലെങ്കിൽ അതു ഗൗരവാവഹമല്ല. എന്നാൽ അതു ബോധപൂർവ്വമെങ്കിൽ നിങ്ങൾ നഷ്ടം സഹിക്കേണ്ടി വരും. കാരണം, ദൈവം നിങ്ങൾക്കു തന്നിട്ടുള്ള നിസ്തുല്യമായ ശുശ്രൂഷ നിങ്ങളിലൂടെ വെളിപ്പെടുത്തുവാൻ അനുവദിക്കാത്ത വിധം ആ അനുകരണം അതിനെ തടസ്സപ്പെടുത്തുവാൻ ഇടയായിത്തീരും. പുതിയനിയമം ഒന്നാകെത്തന്നെ പരിശുദ്ധാത്മനിശ്വസിതമാണെങ്കിലും പൗലൊസ്, പത്രൊസ്, യോഹന്നാൻ എന്നിവർ സത്യത്തെ വെളിപ്പെടുത്തുവാൻ ഒരേതരം ഭാഷ

യല്ല ഉപയോഗിച്ചതെന്നു നാം കാണുന്നു. അവരിൽ ഓരോരുത്തരും തങ്ങൾക്ക് സ്വാഭാവികമായി ലഭിച്ച വാക്കുകൾ ഉപയോഗിച്ച് ദൈവവചനം എഴുതുകയാണുണ്ടായത്. പൗലൊസ് ഒരിക്കലെങ്കിലും ''വീണ്ടും ജനനം പ്രാപിക്കുക'' എന്നതിനെപ്പറ്റി എഴുതിയിട്ടില്ല. എന്നാൽ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെടുന്നതിനെക്കുറിച്ചും പഴയ മനുഷ്യനെ ഉരിഞ്ഞുകളയുന്നതിനെക്കുറിച്ചും അദ്ദേഹം എഴുതിയിട്ടുണ്ട്. പിൽക്കാലത്ത് പത്രോസ് എഴുതിയപ്പോൾ അദ്ദേഹത്തിന് പൗലൊസിന്റെ പദപ്രയോഗങ്ങളെ അനുകരിക്കാമായിരുന്നു. എന്നാൽ അദ്ദേഹം അപ്രകാരം ചെയ്തില്ല. തനിക്കു സ്വതസിദ്ധമായി ലഭിച്ച പദപ്രയോഗങ്ങളോടെ അദ്ദേഹം " ജഡത്തിൽ കഷ്ടമനുഭവിക്കുന്നതിനെ"പ്പറ്റി എഴുതി. അനേകം വർഷത്തിനുശേഷം യോഹന്നാൻ എഴുതിയപ്പോൾ അദ്ദേഹവും താനുപയോഗിച്ച ഭാഷാരീതിയിൽ നിസ്തുല്യനായിരുന്നു. അദ്ദേഹം പൗലൊസിന്റെയോ പത്രോസിന്റെയോ ഭാഷാരീതി ഉപയോഗിക്കാതെ "ദൈവത്തിൽ നിന്നു ജനിച്ചവനെ'' പ്പറ്റി എഴുതി. ഇത് അദ്ദേഹത്തിന്റെ നിസ്തുല്യമായൊരു പദപ്രയോഗമത്രേ.

മറ്റുള്ളവർ ഉപയോഗിക്കുന്ന അതേ പദങ്ങൾ നാമും ഉപയോഗിക്കുവാൻ ദൈവം നമ്മെപ്പറ്റി ആഗ്രഹിക്കുന്നില്ലെന്നത് ഇതിൽ നിന്ന് വ്യക്തമാണ്. തന്റെ വചനം അവിടുന്ന് നമ്മിലൂടെ മറ്റുള്ളവർക്കായി നൽകുമ്പോൾ നമ്മുടെ വ്യക്തിത്വത്തെ അവിടുന്ന് ഇല്ലാതാക്കുന്നില്ല. തങ്ങളുടെ മേലധികാരി പറഞ്ഞുകൊടുക്കുന്ന കാര്യങ്ങൾ ടൈപ്പുചെയ്യുന്ന സെക്രട്ടറിമാരെപ്പോലെ ദൈവം നമ്മെ ആക്കിത്തീർക്കുകയില്ല. നാം പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരും അഭിഷിക്തരുമാകുമ്പോൾപോലും നമ്മുടെ വ്യക്തിത്വത്തെ ദൈവം സംരക്ഷിക്കുന്നു.

വെളിപ്പാട്: 21:19,20 വാക്യങ്ങളിൽ സഭയെ വിവിധവർണ്ണങ്ങളുള്ള കല്ലുകളാൽ നിർമ്മിക്കപ്പെട്ട ഒരു കെട്ടിടമായി ചിത്രണം ചെയ്തിരിക്കുന്നത് നാം കാണുന്നു. ഈ ഓരോ കല്ലിലും കൂടി പുറപ്പെടുന്ന പ്രകാശം ഒന്നുതന്നെ. യേശുവിന്റെ ജീവൻതന്നെയാണത്. എന്നാൽ അവയിലൂടെ പുറപ്പെടുന്ന നിറങ്ങൾ ചുവപ്പ്, നീലം, പച്ച എന്നിങ്ങനെ വിവിധങ്ങളാണ്. നാമോരോരുത്തരും യേശുവിന്റെ ജീവനെ പ്രകാശിപ്പിക്കുവാൻ വിളിക്കപ്പെട്ടവരാണ്. എങ്കിലും നമ്മുടെ സ്വന്തവും നിസ്തുല്യവുമായ സ്വകാര്യ വ്യക്തിത്വങ്ങളിൽക്കൂടെയാണ് നാമതു ചെയ്യേണ്ടത്.

എന്റെ ശുശ്രൂഷയെയോ ഞാൻ പ്രസംഗിക്കുകയോ എഴുതുകയോ ചെയ്യുന്ന രീതിയെയോ അനുകരിപ്പാൻ നിങ്ങൾ ശ്രമിക്കുന്നപക്ഷം അതൊരു നിഷ്ഫലപ്രയത്നമായി കലാശിക്കും. നിങ്ങളുടെ സ്വന്തജീവിതത്തിൽ നിന്നും സ്വാഭാവികമായ രീതിയിൽ പുറപ്പെടുന്നത് നിങ്ങളുടെ തന്നെ നിസ്തുല്യമായ രീതിയിൽ സംസാരിക്കയാണ് നിങ്ങൾ ചെയ്യേണ്ടത്. അപ്പോൾ ക്രിസ്തുവിന്റെ ശരീരത്തിന് ഒരനുഗ്രഹമായി നിങ്ങൾ തീരും. നിങ്ങൾ നിങ്ങൾ തന്നെ ആയിരിക്കണമെന്നാണ് അവിടുത്തെ താത്പര്യം.

സഭയുടെ യോഗങ്ങളിൽ കർത്താവിൽ നിന്നൊരുവചനം ലഭിച്ചിട്ടുള്ള എല്ലാവർക്കും മൂപ്പന്മാരുടെ അധികാരത്തിൻകീഴിൽ പ്രവചിക്കാം. ഇത്

**പല സുവിശേഷപ്രസംഗകരും "എന്നെ പിന്തുടരേണ്ടാ, ക്രിസ്തുവിനെ പിന്തുടരുവിൻ" എന്നു പറയുന്നവരാണ്. ഇത് വിനയമനോഭാവമായിത്തോന്നാം. എന്നാൽ ആദിമകാലത്തെ അപ്പോസ്തലന്മാർ ആരും അങ്ങനെയല്ല പറഞ്ഞിട്ടുള്ളത്. തങ്ങൾ ക്രിസ്തുവിനെ പിൻതുടരുന്നതുപോലെ തങ്ങളെ പിൻതുടരുവാൻ അവർ വിശ്വാസികളെ ആഹ്വാനം ചെയ്തിരുന്നു.**

പുരുഷന്മാർക്കും സ്ത്രീകൾക്കും ചെയ്യാവുന്നതാണ്. എന്തെന്നാൽ താൻ പ്രവചനത്തിന്റെ ആത്മാവിനെ പുരുഷന്മാരുടെ മേലും സ്ത്രീകളുടെമേലും അയയ്ക്കുമെന്നു ദൈവം വ്യക്തമായും അരുളിച്ചെയ്തിട്ടുണ്ട്. (അപ്പോ : 2:17, 18) ഒരു സ്ത്രീ തന്റെ തല മറയ്ക്കുന്ന പക്ഷം സഭായോഗങ്ങളിൽ പ്രാർത്ഥിക്കുവാനും പ്രവചിക്കുവാനും ദൈവം അവളെ അനുവദിക്കുന്നുണ്ട്. (1 കൊരി:11:5)

അനേകമാളുകൾ ആത്മീയമായ മടി നിമിത്തമോ ധൈര്യഹീനത നിമിത്തമോ സഭയിൽ പ്രവചിക്കുവാൻ മുതിരുന്നില്ല. തിമോഥയോസ് അപ്രകാരം അധീരനായ ഒരുവനായിരുന്നതിനാൽ അദ്ദേഹത്തിനു നൽകപ്പെട്ട കൃപാവരത്തെ ജ്വലിപ്പിക്കുവാൻ പൗലൊസ് അദ്ദേഹത്തെ പ്രേരിപ്പിക്കേണ്ടി വന്നു. (1 തിമോഥി: 4:14; 2 തിമോഥി: 1:6,7) നാം സഭായോഗങ്ങൾക്കു വരുമ്പോൾ ധൈര്യഹീനതയുടേയും അവിശ്വാസത്തിന്റെയും ആത്മാക്കളെ നാം ബന്ധിച്ചേ മതിയാവു.

എന്നാലും സഭായോഗങ്ങളിലുള്ള ഈ സ്വാതന്ത്ര്യത്തെ ജഡികരായ ആളുകൾ മുതലെടുക്കുവാൻ സാധ്യതയുണ്ട്. തങ്ങളുടെ സ്വന്തശബ്ദം ഒന്ന് കേൾപ്പിക്കുവാനാഗ്രഹിച്ചിട്ട് അവർ എഴുന്നേറ്റുനിന്ന് എല്ലാവരെയും മുഷിപ്പിക്കാറുണ്ട്. അത്തരക്കാരെ മൂപ്പന്മാർ മിണ്ടാതാക്കണം. എന്തെന്നാൽ സഭയിൽ സകലവും ഉചിതമായും ക്രമമായും നടക്കേണ്ടതാണ്. (1 കൊരി:14:40) എങ്കിലും ഇന്ന് മിക്ക സഭകളിലും മൂപ്പന്മാർ ഒന്നുകിൽ അധീരരോ അല്ലെങ്കിൽ സൗമ്യരെന്ന ബഹുമതി നേടാനാഗ്രഹിക്കുന്നവരോ ആണ്. തന്മൂലം ജഡികനും നീട്ടിവലിച്ച് സംസാരിക്കുന്നവനുമായ ഒരുവനെ അവർ മിണ്ടാതാക്കുന്നില്ല. അതിനാൽ സ്തുതിയുടെയും ആരാധനയുടെയും സമയം സഭായോഗങ്ങളിൽ അനുപേക്ഷണീയമെങ്കിൽത്തന്നെയും അതല്ല, മറിച്ച് ദൈവത്തിന്റെ പ്രവചനാത്മകമായ സന്ദേശം പ്രഖ്യാപിക്കുന്ന സമയമാണ് ഏറ്റവും പ്രധാനമെന്ന കാര്യം നമുക്ക് മനസ്സിൽ കുറിക്കൊള്ളാം.

**ആത്മീയനേതൃത്വം**

ഇനി നമുക്ക് ദൈവത്തിന്റെ സഭയിലെ നേതൃത്വം എന്ന വിഷയത്തെപ്പറ്റി ചിന്തിക്കാം. ഓരോ സഭയെയും ദൈവത്തിന്റേതായ വഴിയിൽ നയിക്കുവാൻ ദൈവം അതിൽ മൂപ്പന്മാരെ നിയമിക്കുന്നു. (1 കൊരി:12:28; തീത്തോസ് 1:5) ഒരു മൂപ്പൻ പ്രാഥമികമായി ഒരു പ്രസംഗകനല്ല, പിന്നെയോ ഒരു നായകനാണ്. ഒരു നായകൻ മറ്റുള്ളവർക്കു മുമ്പനായിപ്പോകുന്ന ഒരുവനത്രേ. അദ്ദേഹം എപ്പോഴും മുമ്പിൽ നടക്കുന്നു. "ഞാൻ ക്രിസ്തുവിനെ പിൻതുടരുന്നതുപോലെ നിങ്ങൾ എന്നെ

പിന്തുടരുവിൻ" എന്നു പറയുകയും ചെയ്യുന്നു.

എന്നാൽ പല സുവിശേഷപ്രസംഗകരും "എന്നെ പിന്തുടരേണ്ടാ, ക്രിസ്തുവിനെ പിന്തുടരുവിൻ" എന്നു പറയുന്നവരാണ്. ഇത് വിനയമനോഭാവമായിത്തോന്നാം. എന്നാൽ ആദിമകാലത്തെ അപ്പോസ്തലന്മാർ ആരും അങ്ങനെയല്ല പറഞ്ഞിട്ടുള്ളത്. തങ്ങൾ ക്രിസ്തുവിനെ പിൻതുടരുന്നതുപോലെ തങ്ങളെ പിൻതുടരുവാൻ അവർ വിശ്വാസികളെ ആഹ്വാനം ചെയ്തിരുന്നു. (1 കൊരി : 12:1; ഫിലി: 3:17) തങ്ങൾ പരിപൂർണ്ണരായതുകൊണ്ടല്ല, പിന്നെയോ ശരിയായ ലക്ഷ്യത്തിലേക്ക് നീങ്ങിയിരുന്നതുകൊണ്ടാണ് അവർ ഇപ്രകാരം പറഞ്ഞത്.

മൂപ്പൻ എന്ന സ്ഥാനം ആപേക്ഷികമായ ഒന്നാണ്. ഒരു ദൃഷ്ടാന്തം കൊണ്ട് ഇത് വ്യക്തമാക്കാം. ഒരു ഭവനത്തിൽനിന്ന് മാതാപിതാക്കന്മാർ ഒരു സമയത്തേക്കു ദൂരത്തെവിടെയെങ്കിലും പോകുമ്പോൾ മൂത്തകുട്ടിയോട് വീട്ടിലെ മൂപ്പനായി തീരുമാനങ്ങളെടുക്കുവാൻ ആവശ്യപ്പെടാറുണ്ട്. ഒരു വേള മൂത്തകുട്ടിക്ക് 10 വയസ്സേ പ്രായമുള്ളൂവെങ്കിലും അവർ ഇപ്രകാരം ചെയ്യും. തീർച്ചയായും അവൻ പ്രായപൂർത്തിയായ ഒരുവനല്ല; എങ്കിലും 7 വയസ്സുകാരനെക്കാളും 4 വയസ്സുകാരനെക്കാളും കൂടുതൽ പ്രായപൂർത്തി അവനുണ്ട്. മാതാപിതാക്കന്മാർ മടങ്ങിവന്നാൽപ്പിന്നെ അവൻ മൂപ്പനല്ലതാനും.

ഇതുപോലെയാണ് ഒരു സഭയിലും മൂപ്പൻ എന്ന സ്ഥാനം പ്രവർത്തിക്കുന്നത്. ഒരു യുവസഹോദരന് അയാൾ സഭയിലേക്കും ഏറ്റവും പക്വതയുള്ള സഹോദരനെങ്കിൽ ആ സഭയിലെ മൂപ്പനാകാം. സഭയിലെ മറ്റുള്ള അംഗങ്ങൾ വളരുന്നതോടെ അവനും അവരോടൊപ്പം വളരുന്നു. എന്നാൽ അയാൾ ആത്മീയമായി വളരാത്ത ഒരവസ്ഥയിലായിത്തീർന്നാൽ അയാളെക്കാൾ മുതിർന്ന നിലയിലെത്തിയ മറ്റൊരാൾ ഒരു നാൾ ആ സഭയിലെ മൂത്ത സഹോദരനായിത്തീരാം. അതിനാൽ മൂപ്പൻ സ്ഥാനം ദൈവഭവനത്തിലെ ഒരു സ്ഥാനപ്പേരോ ഒരു ഉദ്യോഗമോ അല്ല. പിന്നെയോ മറ്റുള്ളവരെ നയിക്കുമാറ് പക്വത പ്രാപിക്കുന്ന ഒരവസ്ഥാവിശേഷമാണ്.

അപ്രകാരമുള്ള നേതാക്കന്മാർക്ക് നാം കീഴടങ്ങുകയും അവരെ അനുസരിക്കുകയും ചെയ്യണം (എബ്രായർ : 13:17) തന്റെ മുന്തിരിത്തോട്ടം പാട്ടക്കാരെ ഏല്പിച്ച മനുഷ്യന്റെ ഉപമയിൽ ഉടമസ്ഥൻ നേരിട്ട് ആദായം വാങ്ങാൻ വരികയല്ല തന്റെ ഭൃത്യന്മാരെ അയയ്ക്കുകയാണ് ചെയ്തതെന്ന് നാം കാണുന്നു. (മത്തായി: 21:34). അതുപോലെ കർത്താവ് തന്നെ പ്രതിനിധീകരിക്കുവാൻ സഭയിൽ താൻ അധികാരം ഏല്പിച്ചിട്ടുള്ള ആളുകളെ നിയോഗിക്കുന്നു. യേശു തന്റെ അപ്പോസ്തലന്മാരോട് -ആളുകൾ അവരെ കൈക്കൊള്ളുമ്പോൾ വാസ്തവത്തിൽ തന്നെത്തന്നെ കൈക്കൊള്ളുകയാണെന്ന്- പറയുകയുണ്ടായി. (മത്തായി: 10:40). ഇവിടെ ഞാൻ ക്രൈസ്തവലോകത്തിലുള്ള ബഹുഭൂരിപക്ഷം പുരോഹിതന്മാരെയും, പാസ്റ്ററന്മാരെയും കുറിച്ചല്ല, പിന്നെയോ യഥാർത്ഥദൈവഭൃത്യന്മാരെന്ന് നിങ്ങൾതന്നെ അംഗീകരിക്കുന്നവരെക്കുറിച്ചാണ് പറയുന്നത്.

(തുടരും)

❖

## The Making of Peter the Disciple -XVIII



# DISCIPLES DIE ON A HIGH NOTE

**Sandeep Poonen**

**T**radition says that Peter died by crucifixion, but that he asked to be hung upside down, because he didn't consider himself worthy to be crucified like Jesus.I'm not sure if this is absolute fact, but it is hinted at historically. There is something Rthat I like about this story, and especially in the context of who Peter was before.

When Jesus was on this earth, Peter was sure that he could follow Jesus everywhere. He wanted to could keep up with Jesus.But at the end of his life, Peter wanted to ensure that a very clear line separated him from His Lord. Remember back to the initial call of Jesus to him, and how he responded, "*Go away from me Lord, for I am a sinful man.*"Here again, at the end of his life, his desire to be crucified upside down so that he was not compared to His Master, reflects that same utter unworthiness to be connected with Christ.

I am sure that Peter did not say this because he lived in sin all along! When Peter first met Jesus, he was probably a very sinful man, because he wasn't close to God. But now, decades after Peter had been filled with the Holy Spirit and walked with God, he was much closer to God. This was also not false humility and pious language. As Peter approached the throne, his own broken righteousness stood in stark contrast to the pure light of Jesus' righteousness.

Peter's objection to be likened to His Master was now spoken from the heart of a mature disciple who had walked closely after the Lord. Years after trying to walk in his Master's footsteps, he was convinced more than ever that Jesus deserved a pre-eminent place above all else. So even when pressed with the reality of dying, he was now so filled with the Holy Spirit that he only longed to glorify Jesus, and remove ALL similarity between his own martyrdom and the exalted glorious death of Jesus.

There is hope even if we are still stuck in an earlier point of our own walk as disciples of Jesus? Let us continue to follow after Jesus, not losing hope. This God we worship is the One who took a sinful, poorly-educated fisherman and changed him little by little into a mighty apostle for Jesus, and who eventually laid down his life in utter humility. This is the God who promises to make us mature disciples too!

Hallelujah!

❖

# എഡിറ്റോറിയൽ *തുടർച്ച ........*

വിശ്വാസം എന്നു പറയുമ്പോൾ അതു തങ്ങളുടെ ഉള്ളിൽ നിന്ന് എടുത്തു കൊടുക്കേണ്ട, തങ്ങൾ ഉൽപാദിപ്പിച്ച് എടുക്കേണ്ട എന്തോ ഒന്ന് പോലെ കരുതുന്നു എന്നതാണ് അവരുടെ പ്രശ്നം. ഹന്ന വിറ്റാൾ സ്മിത്ത് എന്ന ദൈവഭൃത്യ ഇങ്ങനെ പറഞ്ഞു: വിശ്വാസം എന്നു പറയുമ്പോൾ നമ്മുടെ ഉള്ളിലേക്കല്ല നമുക്കു പുറത്തു വലിയവനായ ദൈവത്തിലേക്കാണു നാം നോക്കേണ്ടത്. ദൈവത്തെ ദൈവമായി കാണുന്നതാണു വിശ്വാസം. ദൈവത്തെയാണു വിശ്വസിക്കേണ്ടത്.

കർത്താവു ഊന്നിപ്പറഞ്ഞതും ഈ ഒരു കാര്യമാണല്ലോ "ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. (യോഹന്നാൻ 14:1). വിശ്വാസം നമ്മിലല്ല തിരയേണ്ടത്. ദൈവത്തിങ്കലാണു വിശ്വസിക്കേണ്ടത് (മർക്കോസ് 11:22; റോമർ 3:21, 26; 4:17; ഗലാത്യ 2:20)

ആട്ടെ, ദൈവത്തെക്കുറിച്ചു നാം എന്താണു വിശ്വസിക്കേണ്ടത് ? കർത്താവു ശിഷ്യന്മാരുടെ അൽപ വിശ്വാസത്തെ ശാസിക്കുകയും അവരെ യഥാർത്ഥ വിശ്വാസത്തിലേക്കു നയിക്കുകയും ചെയ്ത ഒരു സന്ദർഭം സുവിശേഷങ്ങളിൽ നിന്നു ചിന്തിക്കുന്നത് നാം ദൈവത്തെക്കുറിച്ച് എന്താണു വിശ്വസിക്കേണ്ടത് എന്നതിനെക്കുറിച്ചു നമുക്കു വ്യക്തത നൽകും. (മത്തായി 8:23-27, മർക്കോ. 4:35-41 കാണുക) യേശുവും ശിഷ്യന്മാരും കൂടി പടകിൽ തടാകത്തിന് അക്കരയ്ക്കു പോകുകയാണ്. കർത്താവ് പടകിന്റെ അമരത്തു തലയിണ വച്ച് ഉറങ്ങിപ്പോയി. പെട്ടെന്നു വലിയ ചുഴലിക്കാറ്റുണ്ടായി. പടക് മുങ്ങുമെന്ന നിലവന്നു. ശിഷ്യന്മാർ കർത്താവിനെ ഉണർത്തി. കർത്താവ് ഉണർന്ന് കാറ്റിനെയും കടലിനെയും ശാസിച്ചു. 'ഭീരുക്കൾ ആകുവാൻ എന്ത്? നിങ്ങൾക്ക് ഇപ്പോഴും വിശ്വാസമില്ലയോ' എന്നു പറഞ്ഞ് ശിഷ്യന്മാരുടെ അവിശ്വാസത്തെയും ശാസിച്ചു. ഈ സംഭവം മത്തായിയും മർക്കോസും വിവരിക്കുമ്പോൾ അല്പം വ്യത്യാസമുണ്ട്. മത്തായി രേഖപ്പെടുത്തുന്നതു ശിഷ്യന്മാർ ഇങ്ങനെ പറഞ്ഞു കർത്താവിനെ ഉണർത്തിയെന്നാണ്: 'കർത്താവേ രക്ഷിക്കണമേ, ഞങ്ങൾ നശിച്ചു പോകുന്നു'. (8: 25). എന്നാൽ ഇതേ സംഭവം മർക്കോസ് 'ഗുരോ ഞങ്ങൾ നശിച്ചു പോകുന്നതിൽ നിനക്ക് വിചാരം ഇല്ലയോ' എന്ന് പറഞ്ഞ് അവർ കർത്താവിനെ ഉണർത്തി എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഈ രണ്ട് അപേക്ഷയും കർത്താവിലുള്ള രണ്ടു കാര്യങ്ങളിലുള്ള അവരുടെ അവിശ്വാസത്തെയാണു വിളിച്ചറിയിക്കുന്നത്. 'ഞങ്ങൾ നശിച്ചു പോകുന്നു; കർത്താവേ രക്ഷിക്കണമേ' എന്നു പറയുമ്പോൾ തങ്ങളെ രക്ഷിക്കാൻ ദൈവത്തിനു കഴിയുകയില്ലയോ എന്നാണ് അവർ ചോദിക്കുന്നത്. ദൈവത്തിന്റെ കഴിവിനെയാണ്, ശക്തിയാണ് അവർ ചോദ്യം ചെയ്യുന്നത്. എന്നാൽ 'ഞങ്ങൾ നശിച്ചു പോകുന്നതിൽ നിനക്കു വിചാരം ഇല്ലയോ' എന്നു ചോദിക്കുമ്പോൾ ദൈവത്തിന്റെ മനസ്സലിവിനെയാണ്, കരു

ണയെയാണ് അവർ ചോദ്യം ചെയ്യുന്നത്. എന്നാൽ കർത്താവ് അവരെ രക്ഷിക്കാൻ ശക്തനും അതിനു മനസ്സുള്ളവനും ആയിരുന്നു. അത് അവിടുന്നു തുടർന്നു വെളിപ്പെടുത്തി.

വാസ്തവത്തിൽ നാം വിശ്വസിക്കുന്ന ദൈവത്തിൽ ഈ രണ്ടു ഘടകങ്ങളുമുണ്ട്. ഒന്ന് : അവിടുന്നു സർവ്വശക്തനാണ്. രണ്ട്: അവിടുന്നു കരുണയുള്ളവനാണ്. ഈ രണ്ടു കാര്യങ്ങളും നമ്മിലല്ല അധിഷ്ഠിതമായിരിക്കുന്നത്, ദൈവത്തിലാണ്. ഇതു കാണുന്നതാണു വിശ്വാസം. പ്രശ്നങ്ങളുടെ മധ്യത്തിൽ ദൈവത്തെ നോക്കുക, ദൈവം സർവ്വശക്തിയുള്ള ദൈവമാണെന്നും അവിടുന്നു നമുക്കായി പ്രവർത്തിപ്പാൻ മനസ്സുള്ളവനുമാണെന്ന് അംഗീകരിക്കുക. ഇത്രയും മതി. ഇതാണു വിശ്വാസം. ഇതു പ്രയാസമുള്ള കാര്യമാണോ? ദൈവത്തെ ദൈവമെന്നു കണ്ടു വിശ്വസിക്കേണ്ടതിനു പകരം പലരും തങ്ങളുടെ ഉള്ളിലേക്കു നോക്കി അവിടെ വിശ്വാസമില്ലെന്നു നെടുവീർപ്പിടുന്നു. വിശ്വാസത്തിനായി നമ്മിലേക്കല്ല നോക്കേണ്ടത് ദൈവത്തിലേക്കാണ്.

വിശ്വാസികളുടെ പിതാവായ അബ്രഹാമിനെ ദൈവം ഈ പാഠം പഠിപ്പിച്ചത് ഉൽപത്തി 15-ാം അധ്യായത്തിന്റെ പ്രാരംഭവാക്യങ്ങളിൽ നാം കാണുന്നു. ദൈവം 'അബ്രഹാമേ ഭയപ്പെടേണ്ട, ഞാൻ നിന്റെ പരിചയും (വാളിൽ നിന്നു നിന്നെ കാക്കാൻ ശക്തനാണ്) പ്രതിഫലവുമാണ് (പ്രവൃത്തിക്കു നിനക്കു പ്രതിഫലം നൽകാൻ മനസ്സുള്ളവനാണ്)' എന്നു പറഞ്ഞ് സ്വയം പരിചയപ്പെടുത്തിയപ്പോഴും (15:1) അബ്രഹാം നോക്കുന്നതു തന്നിലേക്കാണ്. 'ഞാൻ മക്കളില്ലാത്തവനായി നടക്കുന്നല്ലോ.... എന്റെ അവകാശി.... എന്റെ വീട്ടിൽ ജനിച്ച ഈ ദാസനാണല്ലോ' (15:2,3) എന്നെല്ലാം തന്നിലേക്കു തന്നെ നോക്കി നെടുവീർപ്പിട്ടപ്പോൾ ദൈവം അവനെ ആ കൂടാരത്തിൽ നിന്നു പുറത്തു കൊണ്ടു വരുന്നു. എന്നിട്ടു പറയുന്നു 'നീ ആകാശത്തേക്കു നോക്കുക, നക്ഷത്രങ്ങളെ കാണുക' (15:5). ദൈവം, അബ്രഹാമിന്റെ നോട്ടം അവനിൽ നിന്നു മാറ്റി ഉയരത്തിലേക്ക്, സർവശക്തിയുള്ള ദൈവത്തിലേക്കു തിരിച്ചു വിടുകയാണു ചെയ്തത്. അപ്പോഴാണ് അബ്രഹാമിനു വിശ്വസിക്കാൻ കഴിഞ്ഞത്. അവിടെയാണ് 'അവൻ യഹോവയിൽ വിശ്വസിച്ചു; അത് അവനു നീതിയായി കണക്കിട്ടു' എന്ന പ്രശസ്തമായ വാക്യം രേഖപ്പെടുത്തിയിരിക്കുന്നത് (15:6). പിന്നീട് സാറായെ വിശ്വാസത്തിലേക്കു ദൈവം ആനയിക്കുമ്പോഴും ഇതേ കാര്യമാണ് അവിടുന്നു ചെയ്യുന്നത്: ഒന്നാമത് 'തന്നാൽ കഴിയാത്ത ഒരു കാര്യവുമില്ലെ'ന്നു പറഞ്ഞ് താൻ സർവശക്തനാണെന്ന സത്യത്തിലേക്കു വിരൽ ചൂണ്ടി (ഉൽപ. 18:13). തുടർന്ന് അവളുടെ ആഗ്രഹംപോലെ അവർക്കു മകനെ കൊടുക്കാൻ താൻ മനസ്സുള്ളവനാണെന്നും അവിടുന്നു വെളിപ്പെടുത്തി (18:14). ഇതു രണ്ടും ദൈവത്തിലുണ്ടെന്നു കണ്ട് സാറായും വിശ്വാസത്തിൽ ശക്തിപ്പെട്ടു.

കണ്ടോ? വിശ്വാസം ഒരളവിൽ വളരെ ലളിതമാണ്. ദൈവം കഴിവുള്ളവനും കരുണയുള്ളവനുമാണ്. 'അവനിൽ ഉവ്വ് എന്നത്രേയുള്ളൂ. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രേ. അതുകൊണ്ട് ഞങ്ങളാൽ.... അവനിൽ ആമേൻ എന്നും തന്നെ' (2 കൊരി. 1:19,

20). അതേ, അവനിൽ ഉവ്വ് (yes) എന്നേയുള്ളു. ദൈവത്തിനു നമുക്ക് ഇതു ചെയ്തു തരാൻ കഴിയുമോ? 'ഉവ്വ്'. ദൈവത്തിന് അതിനു മനസ്സുണ്ടോ? 'ഉവ്വ്'. ദൈവത്തിങ്കലേക്കു കണ്ണുയർത്തി ഇതു രണ്ടും കാണുക. അതാണു വിശ്വാസം. (എബ്രായർ 12:2) ആ വിശ്വാസത്താൽ നമ്മുടെ ഹൃദയത്തെ ദൈവത്തിൽ ഉറപ്പിക്കാൻ സാധിക്കും. പ്രശ്നങ്ങളുടെ മുൻപിൽ, ഭാരങ്ങൾ നേരിട്ടപ്പോൾ നഷ്ടമായ ഹൃദയ സമാധാനം, സ്വസ്ഥത, അങ്ങനെ വീണ്ടെടുക്കാൻ കഴിയും. തുടർന്നു 'ക്രിസ്തുവിന്റെ സമാധാനം ഹൃദയങ്ങളിൽ വാഴുന്നവരായി' നമുക്കു മുന്നോട്ടു പോകാമല്ലോ.

ഇങ്ങനെ ഹൃദയത്തെ ദൈവത്തിൽ ഉറപ്പിച്ചവർക്ക്, തന്നിൽ വിശ്വസിക്കുന്നവർക്ക്, രണ്ടു കാര്യങ്ങൾ കഴിയുമെന്നു യോഹന്നാൻ 14 ൽ കർത്താവു തുടർന്നു പറയുന്നു: "ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു. ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും. ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതും അവൻ ചെയ്യും" (14:12). ഇവിടെ വളരെ അത്ഭുതകരമായ കാര്യങ്ങളാണ് അവിടുന്നു പറയുന്നത്. ഒന്ന്: താൻ ചെയ്ത പ്രവൃത്തി തന്നിൽ വിശ്വസിക്കുന്നവനും ചെയ്യും. രണ്ട്: താൻ ചെയ്തതിൽ കൂടുതലും അവൻ ചെയ്യും.

യേശു ചെയ്ത പ്രവൃത്തിയെല്ലാം തന്നിൽ വിശ്വസിക്കുന്ന നമുക്കു ചെയ്യാൻ കഴിയുമോ? അവിടുന്നു മരിച്ചവരെ ഉയിർപ്പിച്ചു, കുഷ്ഠരോഗികളെ ശുദ്ധരാക്കി, കടലിന്മീതെ നടന്നു, അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ചു-ഇതെല്ലാം നമുക്കും ചെയ്യാൻ കഴിയുമോ? എന്താണ് ഇതിന്റെ അർത്ഥം?

ഇതിനെ ഇങ്ങനെ വിശദീകരിക്കാം: താൻ ചെയ്ത മുഴുവൻ പ്രവൃത്തികളെയും കർത്താവ് ഒരു വചനത്തിൽ സംക്ഷേപിച്ചിട്ടുണ്ട്. അതിതാണ്: 'ഞാൻ എന്റെ ഇഷ്ടമല്ല എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്‌വാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്നിരിക്കുന്നത്' (യോഹന്നാൻ 6:38). യേശു ചെയ്ത അത്ഭുത പ്രവൃത്തികൾ ഉൾപ്പെടെ ചെറുതും വലുതുമായ മുഴുവൻ കാര്യത്തെയും അവിടുന്ന് ഒരൊറ്റ കാര്യമായി ഒതുക്കിപ്പറഞ്ഞു- 'അയച്ചവന്റെ ഇഷ്ടം'. യേശുവിൽ വിശ്വസിക്കുന്ന നമുക്കും ഇതു കഴിയുമല്ലോ. നമ്മെ അയച്ചവന്റെ ഇഷ്ടം ചെയ്യാൻ നമുക്കും കഴിയും. യേശുവിനെപ്പോലെ കടലിന്മീതെ നടക്കുക, മരിച്ചവരെ ഉയിർപ്പിക്കുക എന്നിവയൊക്കെ നമ്മെ സംബന്ധിച്ച് ദൈവേഷ്ടം ആയിരിക്കണമെന്നില്ല. മറിച്ച് ദൈവഭക്തിയുള്ള ഒരു ജീവിതം നയിക്കുക, ജീവിതപങ്കാളിയോടും കുഞ്ഞുങ്ങളോടുമൊപ്പം കുടുംബത്തിൽ സമാധാനമായി ജീവിക്കുക, ജോലിസ്ഥലത്തു വിശ്വസ്തരായിരിക്കുക എന്നിവയായിരിക്കാം നമ്മെ സംബന്ധിച്ച ദൈവേഷ്ടം. ആ ദൈവേഷ്ടം നാം നിറവേറ്റുമ്പോൾ യേശു ചെയ്ത പ്രവൃത്തി തന്നിൽ വിശ്വസിക്കുന്ന നാമും ചെയ്യുകയാണ്. സംശയമുണ്ടോ?

ആട്ടെ, അങ്ങനെയെങ്കിൽ യേശു പറഞ്ഞ രണ്ടാമത്തെ കാര്യമോ? താൻ ചെയ്തതിനെക്കാൾ വലിയത് തന്നിൽ വിശ്വസിക്കുന്നവൻ ചെയ്യും എന്നു പറഞ്ഞതോ? 'യേശു ചെയ്തതിനെക്കാൾ കൂടുതൽ നമുക്ക് എന്താണു

ചെയ്യാൻ കഴിയുന്നത്? യേശു ചെയ്തതിനെക്കാളേറെ ചെയ്യാൻ എനിക്കു കഴിയും എന്നു പറയുന്നതു ദൈവദൂഷണമല്ലേ?'- ഈ ചോദ്യങ്ങൾക്കെന്താണു മറുപടി?

ഇതും ഇങ്ങനെ വിശദീകരിക്കാം: ആ വാക്യത്തിൽ യേശു പറഞ്ഞത്, താൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് തന്നിൽ വിശ്വസിക്കുന്നവൻ അതിൽ വലിയതും ചെയ്യും എന്നാണല്ലോ. ഇത് ഒരു സൂചനയാണ്. യേശു ഉയിർത്തെഴുന്നേറ്റു പിതാവിന്റെ അടുക്കൽ പോയതുകൊണ്ട് എന്താണു സംഭവിച്ചത്? അവിടുന്നു പിതാവിനോടു ചോദിച്ചു(യോഹ. 14:16) പിതാവിനോടു വാങ്ങി (പ്രവൃ. 2:33) പരിശുദ്ധാത്മാവിനെ നമുക്കു നൽകി. പരിശുദ്ധാത്മാവിന്റെ സഹായം അങ്ങനെ നമുക്കു ലഭ്യമായതുകൊണ്ടു ഇന്നു ഹൃദയത്തിലെ പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാൽ രണ്ടുപേർക്ക് ഒന്നാകാം. എന്നാൽ യേശുവിന്റെ സമയത്ത് ഈ സഹായം ലഭ്യമായിരുന്നില്ല എന്നതുകൊണ്ട് തന്റെ കൊച്ചുസഭയിലെ 11 ശിഷ്യന്മാർ അന്ത്യഅത്താഴത്തിലും 'ഞാനോ നീയോ വലിയവൻ' എന്ന പോരാട്ടത്തിലായിരുന്നു. അവരെ ഒന്നിപ്പിക്കാൻ അവസാനം വരെ യേശുവിനു കഴിഞ്ഞില്ല. ഇത് യേശുവിന്റെ കുറവായിരുന്നില്ല, മറിച്ച് അന്ന് ആ ശിഷ്യന്മാർക്കു പരിശുദ്ധാത്മാവിന്റെ സൗകര്യം ലഭ്യമായിരുന്നില്ല എന്നതാണു കാരണം. ഇതേ സമയം ഇന്നു നമുക്ക് രണ്ടു വിശ്വാസികളെ ഒരേ കാഴ്ചപ്പാടിലും ലക്ഷ്യത്തിലും ഐക്യതയുള്ളവരാക്കാൻ കഴിയും. ഇതാണ് 'എന്നിൽ വിശ്വസിക്കുന്നവൻ ഞാൻ ചെയ്തതിലും വലിയതും ചെയ്യും' എന്ന് യേശു പറഞ്ഞതിന്റെ പൊരുൾ. നാം കർത്താവിനെക്കാൾ വലിയവരായതുകൊണ്ടല്ല നമുക്കിതു കഴിയുന്നത് മറിച്ച് നമുക്കു കൂടുതൽ സൗകര്യം ലഭിച്ചതുകൊണ്ടാണ്. (ഇതു വ്യക്തമാക്കാൻ ഒരു ദൈവഭൃത്യൻ ഇങ്ങനെ ഒരു ഉദാഹരണം പറഞ്ഞിട്ടുണ്ട്: ലോകം കണ്ടിട്ടുള്ള ഏറ്റവും വലിയ ഗണിതശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റിനാണ്. പക്ഷേ അദ്ദേഹം അന്നു കണക്കു കൂട്ടിയതിനെക്കാൾ വളരെ വേഗത്തിൽ കംപ്യൂട്ടറിന്റെ സഹായത്തോടെ നമുക്കിന്നു കണക്കു കൂട്ടാൻ കഴിയും. ഇതിന്റെ അർത്ഥം നാം ഐൻസ്റ്റീനെക്കാൾ വലിയ ഗണിതശാസ്ത്രജ്ഞരാണെന്നല്ല. ഐൻസ്റ്റിൻ തന്നെയാണു വലിയവൻ. എന്നാൽ നമുക്കിന്നുള്ള കംപ്യൂട്ടറിന്റെ സൗകര്യങ്ങൾ അദ്ദേഹത്തിനു ലഭ്യമല്ലാതിരുന്നതിനാൽ അദ്ദേഹം ചെയ്തതിനെക്കാൾ കൂടുതൽ കാര്യങ്ങൾ നമുക്കിന്നു ചെയ്യാൻ കഴിയും എന്നു മാത്രം).

ഉവ്വ്, നമുക്കിന്ന് വിശ്വാസത്താൽ രണ്ടു കാര്യങ്ങളും കഴിയും - ഒന്ന്: യേശുവിനെപ്പോലെ നമ്മെ സംബന്ധിച്ച ദൈവേഷ്ടം പൂർത്തിയാക്കി വിജയകരമായ ഒരു ജീവിതം നയിക്കാൻ കഴിയും. രണ്ട്: പരിശുദ്ധാത്മാവിന്റെ സഹായത്താൽ ഐക്യതയും പരസ്പര സ്നേഹവുമുള്ള ഒരു സഭയെ കെട്ടിപ്പണിയാൻ കഴിയും.

യേശു പറഞ്ഞു: ദൈവത്തിന് ഒന്നും അസാധ്യമല്ല. (മത്തായി. 19:26) വിശ്വസിക്കുന്ന മനുഷ്യനും ഒന്നും അസാധ്യമല്ല (മർക്കോ. 9:23).

വിശ്വാസം - അത് എത്ര അത്ഭുതകരമാണ്! എത്ര ലളിതവും!

❖

Thought for the month

# FOOLS FOR JESUS

## Santosh Poonen

The Pharisees under the Old Covenant were characterized by this description that Jesus gave of them: "Do as they say, not as they do" (Matthew 23:3). Unfortunately, this is true even of many Christians today – that their lives don't match the high standard that they preach. Under the New Covenant, we must pay close attention to our life (first) and (then) to our teaching (I Timothy 4:16). And the standard for our life is the life of Jesus Himself, because that is what it means to truly be a Christian (I John 2:6).

The amazing thing is that we can experience such a life even though we have all sinned in the past. This is becausewhen we repent, God forgivesus completely and justifies uscompletely (Romans 4:25), giving us a clean start. Then, while we walk in the light of Jesus, if we stumble, His blood cleanses us completely (I John 1:7-9). And if we faithfully walk like this until the end of our lives, when we see Him we will belike Him in nature (I John 3:2).

The greatest act of love we can do for others is to live in such a way that they can follow us as we follow Christ. How does this happen? When we consistently put our Self-life to death (John 15:13), Christ gives us His resurrection life. As others see the life of Christ in us, we can truly say to them, "Follow me into Christ's death, and you too will have Christ's resurrection life in you" (I Corinthians 11:1).

Paul was able to say this even though he had wasted the first half of his life as an enemy of Jesus and His followers. But, he didn't let his past discourage Him. Instead, his life was full of perpetual joy (Philippians 3:1, 4:4). This was possible because Paul had counted everything besides Jesus as rubbish (Philippians 3:7-8). So, you could take away anything from Paul, and he would never lose his joy – as long as he still had Jesus.

Here are 2 exhortations that Paul gives us so that we too can live such a joyful life:

1. Forget the past (Philippians 3:12-13)

2. Run to win (Philippians 3:14; I Corinthians 9:24-25)

If you look at the past with the correct perspective, you will run even faster! And, if you are running to win, no one will be able to overtake you. Even though our life may seem like a marathon, let us run this long race with the "100m-dash" mentality! That means, every little second counts, and we cannot afford to waste even one of them.

Jim Elliott — who was martyred at the age of 28 while spreading the gospel of Jesus Christ among the Huaorani people of Ecuador — once said, "He is no fool who gives what he cannot keep to gain that which he cannot lose."

I think there are really only two types of people in this world. The first is those to whom God will say, "You fool!" – because they wasted their lives living for themselves and for this world (Luke 12:20). The second group is those to whom the world will say, "You fool!" –because they "wasted" their lives for God's kingdom. To this second group of people, however, God will say, "Well done, good and faithful servant" (Matthew 25:21).

Which type of fool will you be?

**JEEVA MOZHIKAL** RNI/KERBIL/-2003/21404
**June 2018** www.jeevamozhikal.org
Annual Subscription Rs. 150/-

**Registered No: KL/KTM/46/2018-20**
Licence No: KL/CR/KTM/WPP-15/2018-20
Licence to Post without prepayment
Date of Publication 28-05-2018

# ചുവർചിത്രങ്ങളോ കമ്പിളിവസ്ത്രങ്ങളോ?

1729ലെ കൊടും തണുപ്പുള്ള ഒരു സന്ധ്യ. ഇംഗ്ലണ്ടിലെ പ്രശസ്തനായ സുവിശേഷകൻ ജോൺ വെസ്ലി ഓക്സ്ഫഡ് സർവകലാശാലയിൽ വിദ്യാർത്ഥിയായിരുന്ന കാലം. ദരിദ്രയായ ഒരു കൊച്ച് പെൺകുട്ടി തണുത്ത് വിറച്ച് ജോണിന്റെ മുറിയിലേക്ക് നടന്നുവന്നു. അവൾ വിശപ്പടക്കാനാവാതെ ക്ഷീണിതയാണെന്ന് ഒറ്റ നോട്ടത്തിൽ തന്നെ വെസ്ലിക്കു മനസ്സിലായി. "നീയെന്താണ് ഇങ്ങനെ തണുത്തു വിറയ്ക്കുന്നത്? തണുപ്പിൽ നിന്നു രക്ഷപ്പെടാനായി നിനക്കു കമ്പിളിവസ്ത്രങ്ങൾ ധരിച്ചുകൂടെ?". ജോൺ പെൺകുട്ടിയോട് ചോദിച്ചു. താൻ ധരിച്ചിരുന്ന നേർത്ത പുറങ്കുപ്പായം ചൂണ്ടിക്കാട്ടിക്കൊണ്ട് ആ കൊച്ചുപെൺകുട്ടി ജോണിനോട് ഇങ്ങനെ മറുപടി പറഞ്ഞു. "സാർ, ഇതാണ് എനിക്ക് ആകെയുള്ള ഉടുപ്പ്". മറുപടി കേട്ട ജോൺ തന്റെ കോട്ടിന്റെ കീശകളിൽ കൈയിട്ട് നോക്കി. ദരിദ്രയായ പെൺകുട്ടിക്ക് കൊടുക്കുവാൻ തന്റെ പക്കൽ പണമില്ലെന്ന് മനസിലാക്കിയ ജോണിന്റെ കണ്ണുകൾ ചെന്നുപതിച്ചത് ഭിത്തിയിൽ തൂക്കിയ ചിത്രങ്ങളിലേക്കായിരുന്നു. ചില ദിവസങ്ങൾക്ക് മുമ്പ് വാങ്ങിയ ആ ചിത്രങ്ങൾ തന്നെ കുറ്റംചുമത്തി ഇങ്ങനെ ചോദിക്കുന്നതായി ജോണിന് തോന്നി. "യജമാനൻ താങ്കളെ നല്ലവനും വിശ്വസ്തനുമായ ദാസനെ എന്ന് വിളിക്കുമോ? നീ ചുവരുകളെ ചിത്രങ്ങൾകൊണ്ട് അലങ്കരിച്ചിരിക്കുന്നു. ആ പണം ഈ പാവപ്പെട്ട പെൺകുട്ടിക്ക് കമ്പിളിവസ്ത്രങ്ങൾക്കായി ഉപയോഗിക്കാമായിരുന്നില്ലേ?".

ഈ സംഭവം തന്നിലുണ്ടാക്കിയ മാറ്റത്തെക്കുറിച്ച് സ്വന്തം പേര് വെളിപ്പെടുത്താതെ ജോൺ വെസ്ലി പിന്നീട് ഇങ്ങനെ എഴുതിയിട്ടുണ്ട്:

"ഓക്സ്ഫഡ് മെതഡിസ്റ്റുകളിലെ ഒരുവന് ഒരു വർഷം മുപ്പത് പൗണ്ട് ലഭിക്കുമായിരുന്നു. അയാൾ ചെലവിനാവശ്യമായ ഇരുപത്തിയെട്ടു പൗണ്ട് എടുത്തതിനു ശേഷമുള്ള രണ്ടു പൗണ്ട് പാവപ്പെട്ടവർക്ക് നൽകി. പിറ്റേ വർഷം അദ്ദേഹത്തിന് അറുപത് പൗണ്ട് ലഭിച്ചു. അദ്ദേഹം മുൻവർഷത്തെ പോലെ ഇരുപത്തിയെട്ടു പൗണ്ട് എടുത്തതിന് ശേഷം മുപ്പത്തിരണ്ട് പൗണ്ട് പാവപ്പെട്ടവർക്ക് നൽകി. മൂന്നാമത്തെ വർഷം തൊണ്ണൂറ് പൗണ്ട് ലഭിച്ചപ്പോഴും അദ്ദേഹം ഇരുപത്തിയെട്ടു പൗണ്ട് മാത്രം എടുത്തു. പിന്നീട് നൂറ്റിയിരുപത് പൗണ്ട് ലഭിച്ചപ്പോഴും അദ്ദേഹത്തിന് ആവശ്യമായി വന്നത് ഇരുപത്തിയെട്ടു പൗണ്ട് മാത്രം". പിൽക്കാലത്ത് ഇംഗ്ലണ്ടിനെ തന്നെ മാറ്റി മറിച്ച മെതഡിസ്റ്റ് പ്രസ്ഥാനത്തിന് ചുക്കാൻ പിടിക്കാൻ ജോൺ വെസ്ലിയെ ദൈവം ഉപയോഗിച്ചതിൽ അത്ഭുതപ്പെടാനില്ല.

"അത്യല്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ" (ലൂക്കോസ് 16:10).

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.